# ജീവദീപ്തി

jeevadeepthi@gmail.com

April 2025 Book 04 Volume 15



സഹനം
സ്നേഹമാകുന്ന കാലം...





BakeryB, Powerhouse Road, Kochi 682 018, Tel: +91 484 2391822, mail@bakeryb.com

KACHERIPADY, JN 98957 25552, PADMA, JN 98957 22133, POWER HOUSE ROAD, KACHERIPADY 4051318, 98957 30097, K K ROAD, KALOOR 98957 22131
PERANDOOR ROAD, KALOOR 98957 21120, POTTAKUZHY JN 98957 22132, PONEKKARA 98471 52526, TOLL JN, EDAPPALLY 98957 06662
NEAR POST OFFICE, EDAPPALLY 98957 22844, PERUMBAVOOR 62357 59030, PERUMBAVOOR MC ROAD 96562 40390
ANGAMALI THURAVOOR 62387 58891, VENNALA 98957 11666, CANNON SHED ROAD, ERNAKULAM 98957 01424, PACHALAM, EKM 99958 07042
VADUTHALA 99958 83147, CHERANELLUR 99953 42526, VYTILLA 87144 68660, MARADU 98956 04149, AROOR 98957 22855, PANANGAD 79027 81464,
IRUMBANAM 98954 44691, THOPPUMPADY 95679 22266, THEVARA, EKM. 88487 20499, KARINGACHIRA 98950 27703, PADAMUGAL 80864 24900,
PALLURUTHY 98950 26762, RAVIPURAM 98952 54284, 4011148, CHANGAMPUZHA PARK 98957 63340, KANGARAPADY 95268 76899
POOKKATTUPADY 98957 22135, THEVAKKAL 96330 27016, PUTHENKURISH 95262 69397, VARAPUZHA 98478 89019
THODUPUZHA (NR. BUS PVT. STAND) 75590 53637, VAIKOM 98957 60060, PIRAVOM 94475 82696, THALAYOLAPARAMPU 98954 44617
KOTHAMNGALAM 95442 46145, MANJUMMAL 77366 21406, STADIUM LINK ROAD, KALOOR 98957 22134
THENGODE 98957 22238, PALLIKKARA 98957 22622, KADAVANTHRA 98957 11664, KADAVANTHRA KURUPPUMPADY 82810 75870

# വെയിലിന് തണലേകാൻ നിൻ നിഴൽ



ഫാ. ആന്റണി റാഫേൽ
കൊമരംചാത്ത്

ചില ജീവിതങ്ങൾക്ക് മുമ്പിൽ കൈകൂപ്പി നിൽക്കാൻ മാത്രമേ നമുക്കാവൂ. ആശുപത്രി കിടക്കയിൽ വച്ചാണ് ഞാൻ ആ അമ്മയെ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ആയ നേരത്ത് ആ അമ്മ ഒരു കാര്യം എന്നോടാവശ്യപ്പെട്ടു. അച്ചൻ എന്റെ വീടുവരെ ഒന്നുവരണം. എന്റെ മക്കൾക്ക് വേണ്ടി പ്രാർഥിക്കണം. പതിവുപോലെ ഞാൻ വരുമെന്ന് പറഞ്ഞ് യാത്രയായി. എന്നാൽ ആ കാര്യം ഞാൻ മറന്നു. പക്ഷേ ആ അമ്മ മറന്നില്ല. രണ്ട് ആഴ്ചകൾക്ക് ശേഷം വീണ്ടും ഡോക്ടറെ കാണാൻ വന്നപ്പോൾ അവർ എന്റെ ഓഫീസ് മുറി തേടിപ്പിടിച്ച് എത്തി. എന്റെ മറവിയെ തൊട്ടുണർത്തി. അച്ചൻ വരുമെന്ന് പറഞ്ഞിട്ട് വന്നില്ല. വരാതിരിക്കരുത്. എന്റെ മക്കൾക്ക് വേണ്ടി പ്രാർത്ഥിക്കണം. ആ അമ്മയുടെ രണ്ടാമതൊരോർമ്മപ്പെടുത്തൽ എനിക്ക് നിരസിക്കാനായില്ല. ഞാൻ ആ വീട്ടിൽ ചെന്നു. വലിയൊരു ബംഗ്ലാവിന് സദൃശ്യമായൊരു ഭവനം.

വലിയ സന്തോഷത്തോടെ ആ അമ്മ എന്നെ സ്വാഗതം ചെയ്തു. വിശാലമായൊരു മുറിയിലേക്ക് എന്നെ കൊണ്ടുപോയി. ആ മുറിയുടെ ഓരോ മൂലയിലും 3 കട്ടിലുകൾ. 3 മക്കൾ.... മൂന്നു പേരും കിടപ്പു രോഗികൾ.

അമ്മ പറഞ്ഞു തുടങ്ങി. എന്റെ രോഗങ്ങൾ ഒന്നും ഇവരുടെ മുന്നിൽ ഒന്നുമല്ല. വിവിധ രോഗങ്ങളുമായാണ് ഇവർ ജനിച്ചത്. തല വലുത്. ഉടൽ ചെറുത്, ശോഷിച്ച കൈകാലുകൾ. ഞാൻ വാരിക്കൊടുക്കുന്ന ഭക്ഷണം കഴിച്ചാണ് എന്റെ മക്കൾ രാത്രി ഉറങ്ങുന്നത്. എന്റെ സഹായമില്ലാതെ എന്റെ മക്കൾക്ക് ഒരടി മുന്നോട്ടോ, പിന്നോട്ടോ നീങ്ങാനാവില്ല. സങ്കടം മനസ്സിൽ ഏറുമ്പോൾ ഈ ക്രൂശിതരൂപവും, ജപമാലയും ആണ് എന്റെ വലിയ ബലം. പിന്നീട് ആ അമ്മയുടെ വാക്കുകൾ ഇടറുന്നത് ഞാൻ ശ്രദ്ധിച്ചു.

തുടർന്ന് അടുത്ത മുറിയിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി. ഏതാണ്ട് 65 വയസ്സ് തികഞ്ഞ ഒരു മനുഷ്യൻ. ആ വീടിന്റെ നാഥൻ. മനസ്സ് തളർന്ന് ആരോടും മിണ്ടാതെ വിഷാദാവസ്ഥയിൽ ഇരിക്കുന്നു. മനസ്സിന്റെ താളംതെറ്റിയത് മൂന്നാമത്തെ മകനെ പ്രസവിച്ച സമയത്താണ്. അമ്മ പറഞ്ഞു തുടങ്ങി. ആദ്യ 2 മക്കൾക്ക് ബുദ്ധിമാന്ദ്യം സംഭവിച്ചതിനാൽ മൂന്നാമത്തെ കുഞ്ഞ് രോഗവിമുക്തനായിരിക്കുമെന്ന് കരുതി. പക്ഷേ മൂന്നാമത്തെ മകനും രോഗിയാണെന്നറിഞ്ഞപ്പോൾ മനസ്സ് തളർന്ന് രോഗാവസ്ഥയിലായി.

അമ്മ പറഞ്ഞു. എനിക്ക് സങ്കടമൊക്കെയുണ്ട്. പക്ഷേ ദൈവം തന്ന ഈ പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ. ഇവർ എന്റെ പക്കലായതുകൊണ്ട് ഞാൻ ഇവരെ ജീവനുതുല്യം സ്നേഹിക്കുന്നു. പരിപാലിക്കുന്നു. ദൈവത്തിനറിയാം ഇവരെ എവിടെയാണ് സംരക്ഷിക്കാൻ ഏൽപ്പിക്കേണ്ടതെന്ന്. ഞാൻ ആ അമ്മയുടെ നെറുകയിൽ കൈകൾവച്ച് ദീർഘനേരം പ്രാർത്ഥിച്ചു. കൂടാതെ അപ്പച്ചനു വേണ്ടിയും മക്കൾക്കുവേണ്ടിയും. യാത്ര പറഞ്ഞിറങ്ങവേ ആ അമ്മ എന്നോട് പറഞ്ഞു. ഒത്തിരി നന്ദിയുണ്ട്. ഒരു കാര്യം എനിക്ക് ഉറപ്പിക്കാല്ലോ... അച്ചന്റെ പ്രാർത്ഥനയിൽ ഈ മുഖങ്ങൾ തെളിയുമല്ലോ... അതു മതി....

വിശുദ്ധ വാരത്തിലേക്കും ഉയിർപ്പിന്റെ മഹത്വത്തിലേക്കും നമ്മുടെ മനസ്സ് ആഴപ്പെടുമ്പോൾ നമുക്കു ചുറ്റും സഹനത്തിൽ ജീവിക്കുന്ന ജീവിതങ്ങളെ കാണാനും, ആശ്വസിപ്പിക്കാനും കഴിയുമ്പോഴല്ലേ യഥാർത്ഥ ഉയിർപ്പ് നമുക്കനുഭവിക്കാനാവൂ.

**ഏവർക്കും**
**ഈസ്റ്റർ ആശംസകൾ.**

*"ജീവിതം സ്നേഹമാണ്*
*അത് അനുഭവിക്കുക.*
*ജീവിതം ദുഃഖമാണ്.*
*അതിനെ അതിജീവിക്കുക.*
*ജീവിതം ഒരു സംഘർഷമാണ്. അത് ഏറ്റുവാങ്ങുക.*
*ജീവിതം വെല്ലുവിളിയാണ്.*
*അതിനെ നേരിടുക."*

- വി. മദർ തെരേസ



# ജീവദീപ്തി

JEEVADEEPTHI

April 2025 Vol 15 Book 04



***രക്ഷാധികാരി***
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

***സഹരക്ഷാധികാരി***
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

***മാനേജിംഗ് എഡിറ്റർ***
ഫാ. യേശുദാസ് പഴമ്പിള്ളി

***പത്രാധിപർ***
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

***സഹപത്രാധിപർ***
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

***സർക്കുലേഷൻ മാനേജർമാർ***
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

***രൂപകല്പന***
ടാബി ജോർജ്ജ്

***ടൈപ്പ് സെറ്റ്***
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

***ഓഫീസ് മാനേജർ***
മാനുവൽ പൊടുത്തോർ


***പത്രാധിപസമിതി***
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്



ഓഫീസ്
90720 26577
jeevadeepthi@gmail.com



04




01



## *വെയിലിന് തണലേകാൻ നിൻ നിഴൽ*

*ചില ജീവിതങ്ങൾക്ക് മുമ്പിൽ കൈകൂപ്പി നിൽക്കാൻ മാത്രമേ നമുക്കാവൂ. ആശുപത്രി കിടക്കയിൽ വച്ചാണ്*



## സ്നേഹത്തിന്റെ പെസഹാവ്യാഴം


ദൈവസ്നേഹത്തിന്റെ തിരുനാൾ ദിന
മാണ് പെസഹാവ്യാഴം. ഈ ദിന
ത്തിൽ അവസാനം വരെ സ്നേഹിച്ച





07

## ദുഃഖവെള്ളിയും കെദ്രോൺ അരുവിയും ദേവാലയത്തിലെ തിരശ്ശീലയും

ദുഃഖവെള്ളിയെക്കുറിച്ചു ചിന്തിക്കുമ്പോൾ
എന്റെ മനസിൽ ആദ്യം കടന്നു വരുന്ന
രണ്ടു ചിത്രങ്ങൾ ഗത്സെമനി തോട്ടത്തി




## യേശുവിന്റെ കുരിശുമരണം ചരിത്രവും ശാസ്ത്രവും

യേശുവിന്റെ അവസാന മണിക്കൂ
റുകൾ നാലു സുവിശേഷകന്മാരും
അതീവ ഹൃദ്യമായി രേഖപ്പെടു

09

മഹിമയുടെ അലങ്കാരം......11
കുരുത്തോലകളുടെ സുവിശേഷം......12
കുരിശു പറഞ്ഞത്......14
ഉയിർപ്പിന്റെ മുറിവുകൾ......15
എന്റെ പ്രാണന്റെ സംഗീതം!......17
അവൻ മരിച്ചു. അനന്തരം......18
എനിക്ക് എന്താണ് കുഴപ്പം?......19
സഹനവഴിയിലെ വാടാമലരുകൾ......20
ആരോഗ്യദിന ചിന്തകൾ ......22
കൈപിടിച്ച് ഉയിർപ്പിച്ച ഒരാൾ ......23
മടിക്കാതെ നടക്കാം......24
ഉത്ഥിതൻ......25
ശരീരം ബലഹീനമെങ്കിലും ......26
മോൺ. അഗസ്റ്റിൻ മാവേലി......27
ദേവാസ്ത് വിളി......29
മിഷനറി മാഹാത്മ്യം......30
യേശു......33
ചരിത്ര വിളക്ക് ......38
ന്യൂസ്......40
ബൈബിൾ വിചിന്തനം......42
പിൻമൊഴി......44

# സ്നേഹത്തിന്റെ പെസഹാവ്യാഴം



**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
സി.സി.ബി.ഐ.



ദൈവസ്നേഹത്തിന്റെ തിരുനാൾ ദിനമാണ് പെസഹാവ്യാഴം. ഈ ദിനത്തിൽ അവസാനം വരെ സ്നേഹിച്ച ക്രിസ്തു തന്റെ കൂടെയുള്ളവരെ പൂർണ്ണമായും അറിഞ്ഞ് അവരെ ചേർത്തു നിർത്തി അവസാനം സ്നേഹത്തിന്റെ അടയാളം അവരോടൊപ്പം പങ്കുവയ്ക്കുന്ന പുണ്യദിനം. ദുഃഖവെള്ളിക്ക് തൊട്ടുമുമ്പുള്ള വ്യാഴാഴ്ചയാണ് പെസഹാവ്യാഴം എന്ന വിശുദ്ധ ദിനം നാം ആചരിക്കുന്നത്. കുരിശിലേറുന്നതിന് മുമ്പ് യേശുക്രിസ്തു തന്റെ ശിഷ്യഗണങ്ങളോടൊപ്പം അന്ത്യ അത്താഴം കഴിച്ചതിന്റെ സ്മരണാർത്ഥമാണ് പെസഹാവ്യാഴം വിശുദ്ധമായി ആചരിക്കുന്നത്. ഈശോ സ്വയം അപ്പവും വീഞ്ഞുമായി മാറി ശിഷ്യന്മാർക്ക് വിഭജിച്ച് നൽകി വിശുദ്ധകുർബാന സ്ഥാപിച്ചതും അതോടൊപ്പം പൗരോഹിത്യം സ്ഥാപിച്ചതും പന്ത്രണ്ട് ശിഷ്യരുടേയും കാൽ കഴുകിയതും പെസഹാദിവസം സ്മരിക്കപ്പെടുന്നു.

**പെസഹാ പഴയ നിയമത്തിൽ**

പഴയനിയമത്തിൽ പെസഹാ കടന്നുപോക്കിന്റെ ഓർമ്മ കൊണ്ടാടലാണ്. അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുപോക്കിന്റെ ഓർമ്മ. നാൽപത് വർഷത്തോളമെടുത്ത ഒരു നീണ്ട യാത്രയുണ്ട് അതിനു പിന്നിൽ. ദൈവം ഇസ്രായേൽ ജനത്തിന്റെ നിലവിളിക്ക് ഉത്തരം നൽകിക്കൊണ്ട് കടന്നുപോയ മഹാസംഭവത്തെ അത് അനുസ്മരിപ്പിക്കുന്നു. ബി.സി. 1513-ൽ ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് ദൈവം ഇസ്രായേല്യരെ മോചിപ്പിച്ചതിന്റെ ഓർമ്മ യഹൂദർ ആഘോഷിച്ചിരുന്നു. അതായിരുന്നു പഴയ നിയമത്തിലെ പെസഹ.

ഈജിപ്തിലെ എല്ലാ ആദ്യജാതന്മാരെയും കൊലചെയ്ത അവസരത്തിൽ ഇസ്രായേല്യരെ ദൈവം ഒഴിവാക്കിയ ആ സമയത്തെ കുറിക്കുന്നതാണ് "പെസഹ" എന്ന വാക്ക്. (പുറ. 12:27; 13:15) ദൈവം ഇസ്രായേല്യരോട് അവരുടെ വാതിലിന്റെ മേൽപ്പടിയിൽ അറുക്കപ്പെട്ട ചെമ്മരിയാടിന്റെയോ കോലാടിന്റെയോ രക്തം തളിക്കാൻ പറഞ്ഞു. (പുറ. 12:21,22) "പെസഹ" എന്ന ഹീബ്രു വാക്കിന്റെ അർത്ഥം 'കടന്നുപോകൽ' എന്നാണ്. രക്തം തളിച്ചിരുന്ന വീടുകളെല്ലാം ദൈവം ഒഴിവാക്കി കടന്നുപോയി. അവിടെയുള്ള ആദ്യജാതന്മാരെ സംരക്ഷിച്ചു. (പുറ. 12:7-13)

ആദ്യത്തെ പെസഹ എങ്ങനെ ആചരിക്കണമെന്ന് ദൈവം ഇസ്രായേല്യർക്കു നിർദ്ദേശങ്ങൾ കൊടുത്തിരുന്നു. ഓരോ കുടുംബവും ഒരു വയസ്സു പ്രായമുള്ള ചെമ്മരിയാടിനെയോ കോലാടിനെയോ ആബീബ് (നീസാൻ) മാസം പത്താം തീയതി തിരഞ്ഞെടുക്കും. പതിനാലാം ദിവസം അതിനെ അറുക്കും. ആദ്യത്തെ പെസഹാ ആചരണത്തിൽ, യഹൂദന്മാർ ആടിന്റെ രക്തം കുറച്ചെടുത്ത് വീടിന്റെ രണ്ട് കട്ടിളക്കാലിലും വാതിലിന്റെ മേൽപ്പടിയിലും തളിച്ചു. ആട്ടിൻകുട്ടിയെ മുഴുവനായി ചുട്ടെടുത്ത് ഭക്ഷിച്ചു. (പുറ. 12:3-9) ചെമ്മരിയാടിനോ കോലാടിനോ പുറമേ ഇസ്രായേല്യർ പുളിപ്പില്ലാത്ത അപ്പവും കയ്പുള്ള ഇലകളും പെസഹാഭക്ഷണത്തിന്റെ ഭാഗമായി കഴിച്ചിരുന്നു. (പുറ. 12:8)

പെസഹായ്ക്കുശേഷം ഏഴുദിവസം അവർ പുളിപ്പില്ലാത്ത അപ്പത്തിന്റെ ഉത്സവം ആഘോഷിച്ചു. ആ സമയത്ത് അവർ പുളിപ്പിച്ച അപ്പം കഴിച്ചിരുന്നില്ല (പുറ. 12:17 –20, 2 ദിനവൃത്താന്തം 30:21).

**പെസഹാ പുതിയ നിയമത്തിൽ**

പുതിയ നിയമത്തിൽ പെസഹാ കുഞ്ഞാടാകുന്നത് ദൈവപുത്രനായ യേശു തന്നെയാണ്. ക്രിസ്തുവിന്റെ രക്തമാണ് രക്ഷയുടെ അടയാളമായി ചൊരിയപ്പെടുന്നത്. ഇവിടെ പെസഹാ ആചരണത്തെ വെറും ഒരു കടന്നുപോക്കായി മാത്രം കണക്കാക്കാൻ കഴിയില്ല. അത് പങ്കുവയ്പിന്റെ ഒരു മഹോത്സവമാണ്. പങ്കുവയ്പിലൂടെ സകലത്തിനെയും ജീവനിലേക്കു വിളിക്കുന്ന ദിവ്യകാരുണ്യത്തിന്റെ മഹോത്സവ ദിനമാണ്.

ക്രിസ്തു ജീവന്റെ അപ്പമായി തന്നെത്തന്നെ പങ്കുവയ്ക്കുന്നു. ഈ പങ്കുവയ്ക്കലിലാണ് ദിവ്യകാരുണ്യം സ്ഥാപിതമായത്. ആ ദിവ്യകാരുണ്യം നിത്യേന സജീവമായ പങ്കുവയ്ക്കലാക്കുവാൻ പൗരോഹിത്യം സ്ഥാപിതമായ ദിവസം കൂടിയാണന്ന്. എ. ഡി. 33 നീസാൻ പതിനാലാം തീയതി യേശുവും ശിഷ്യന്മാരും പെസഹാ ആഘോഷിച്ചതിനു ശേഷം കർത്താവിന്റെ അത്താഴവിരുന്നിൽ പങ്കെടുത്തു. (ലൂക്കോസ് 22:19,20:1 കൊറി. 11:20) ഈ പുതിയ ആചരണം "പെസഹാക്കുഞ്ഞാടായ ക്രിസ്തു" വിന്റെ ബലിയുടെ ഓർമ്മ ആചരണമാണ്.

**ദിവ്യകാരുണ്യ സ്ഥാപനം**

അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ യേശു അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് അരുളിച്ചെയ്തു; വാങ്ങി ഭക്ഷിക്കുവിൻ. ഇതെന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്ക് കൊടുത്തുകൊണ്ട് പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽ നിന്ന് പാനം ചെയ്യുവിൻ. ഇത് പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ് (മത്താ. 26:26–28). എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ (ലൂക്ക 22:19).

ഈശോ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിലെ അന്ത്യ അത്താഴവേളയിൽ തന്റെ തിരുശരീര രക്തങ്ങളുടെ യാഗമായ പരിശുദ്ധ കുർബാന സ്ഥാപിച്ചു. താൻ അർപ്പിച്ച കുരിശിലെ ബലി താൻ വീണ്ടും വരുന്നതുവരെ എല്ലാ യുഗങ്ങളിലും ശാശ്വതമായി തുടർന്നുകൊണ്ടു പോകുവാനും അങ്ങനെ തന്റെ പ്രിയമണവാട്ടിയായ സഭയ്ക്കു തന്റെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും ഒരു സ്മാരകം ഏൽപ്പിച്ചു കൊടുക്കുവാനും വേണ്ടിയാണ് അവിടുന്ന് അപ്രകാരം ചെയ്തത്. ആ സ്മാരകം സ്നേഹത്തിന്റെ ഒരു കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ബന്ധവും പെസഹാ വിരുന്നും ആണ്.

കാലഘട്ടങ്ങളുടെയും ആരാധനക്രമങ്ങളുടെയും വലിയ വൈവിധ്യമുണ്ടായിരുന്നിട്ടും സത്താപരമായി മാറ്റമില്ലാത്ത ഒരു രൂപത്തിൽ സാർവത്രിക സഭ ആരംഭകാലം മുതൽ പരിശുദ്ധ കുർബാന ആഘോഷിക്കുന്നു. അതിനു കാരണം "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുക" എന്ന് കർത്താവ് തന്റെ പീഡാസഹനത്തിന്റെ തലേരാത്രി നമുക്കു നൽകിയ കൽപന നാം അനുസരിക്കുന്നതുകൊണ്ടാണ്.

**പൗരോഹിത്യ സ്ഥാപനം**

കർത്താവ് തനിക്ക് സ്വന്തമായിട്ടുള്ളവരെ സ്നേഹിച്ചു: അവസാനം വരെ സ്നേഹിച്ചു. ഈ ലോകം വിട്ട് തന്റെ പിതാവിന്റെ പക്കലേക്കു പോകുവാനുള്ള സമയമായെന്ന് അറിഞ്ഞുകൊണ്ട്, ഭക്ഷണസമയത്ത് അവിടുന്ന് അവരുടെ പാദങ്ങൾ കഴുകുകയും സ്നേഹത്തിന്റെ കല്പന അവർക്കു നൽകുകയും ചെയ്തു. അവർക്ക് ഈ സ്നേഹത്തിന്റെ അച്ചാരം നൽകുന്നതിനും, തന്റെ സ്വന്തമായിട്ടുള്ളവരിൽ നിന്ന് ഒരിക്കലും വേർപിരിയാതിരിക്കുന്നതിനും അവരെ തന്റെ പെസഹായിൽ പങ്കുകാരാക്കുന്നതിനും വേണ്ടി തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മാരകമായി അവിടുന്ന് കുർബാന സ്ഥാപിച്ച് തന്റെ പുനരാഗമനം വരെ അത് ആഘോഷിക്കുവാൻ അപ്പസ്തോലന്മാരോടു കൽപിക്കുകയും അതിലൂടെ അവിടുന്ന് അവരെ പുതിയ നിയമത്തിലെ പുരോഹിതന്മാരാക്കുകയും ചെയ്തു. അതുകൊണ്ടാണ് പെസഹാ ദിനത്തെ പുരോഹിതരുടെ ദിനം എന്നും പൗരോഹിത്യ സ്ഥാപനദിനം എന്നും പറയുന്നത്.

പൗരോഹിത്യ സ്ഥാപനത്തെക്കുറിച്ചുള്ള ഏറ്റവും വ്യക്തമായ ബൈബിൾ വിശദീകരണം വിശുദ്ധ കുർബാനയുടെ ആരംഭവും അത് ശിഷ്യസമൂഹത്തെ ഭരമേല്പിക്കുന്നതുമായ ഭാഗമാണ്. അതിനാൽ പൗരോഹിത്യ സ്ഥാപനത്തിന്റെ അവസരമായി പെഹസാ ദിനത്തിലെ ഈ വലിയ രക്ഷാകര സംഭവം കണക്കാക്കപ്പെടുന്നു.

ലൂക്കാ 22:19 ൽ യേശു പറഞ്ഞു: "നിങ്ങൾ ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" ട്രെന്റ് കൗൺസിൽ ഇതിനെക്കുറിച്ച് ഇങ്ങനെ വ്യക്തമാക്കുന്നു: "യേശു ഈ വാക്കുകൾ മുഖേന ശിഷ്യന്മാരെ പുരോഹിതരാക്കിയില്ല എന്നോ, അവരും മറ്റു പുരോഹിതന്മാരും അവന്റെ ശരീരവും രക്തവും അർപ്പിക്കേണ്ടതല്ല എന്നോ ആരെങ്കിലും പറഞ്ഞാൽ, അവർ സഭയ്ക്ക് പുറത്താണ്." (ട്രെന്റ് കൗൺസിൽ. സെഷൻ 22, ചാപ്റ്റർ 1)

'ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുക" എന്ന നിർദ്ദേശം പൗരോഹിത്യ സ്ഥാപനത്തിന്റെ സൂചനയാണ്. ബലികൾ അർപ്പിക്കുന്നത് പുരോഹിതന്മാരുടെ മുഖ്യ കർത്തവ്യമാണ് (ലേവ്യ. 9:7,14:12, ഹെബ്രായർ 8:3). യേശു ശിഷ്യന്മാരോട് അവസാന അത്താഴം ഒരു യാഗമായി അർപ്പിക്കാനാണ് ആജ്ഞാപിച്ചിരിക്കുന്നത്. അവസാന അത്താഴത്തിൽ, പെസഹാദിന

ത്തിൽ ഈശോ ശിഷ്യന്മാരെ പുതിയ നിയമ പുരോഹിതരാക്കി യെന്ന് മനസ്സിലാക്കാം.

അന്ത്യ അത്താഴത്തിൽ പുരോഹിതന് രണ്ട് ചുമതലകൾ ക്രിസ്തു ഭരമേൽപ്പിക്കുന്നുണ്ട്. നല്ല സ്നേഹിതനാവുക, പാദം കഴുകുന്നവരാകുക. അന്ത്യപ്രഭാഷണത്തിലെ പ്രധാന വിഷയമായിരുന്നു സ്നേഹം. 'നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് എല്ലാവരും അറിയാൻ നിങ്ങൾ പരസ്പരം സ്നേഹിക്കുക.' സ്നേഹമാണ് എല്ലാറ്റിന്റെയും പ്രേരകശക്തി. അനുസരണം സ്നേഹത്തിന്റെ അടയാളമാണ്. കൂടുതൽ സ്നേഹിക്കുമ്പോൾ കൂടുതൽ മനസ്സിലാകുന്നു. സ്നേഹമില്ലാത്ത അനുസരണം അടിമത്തമാണ്. ഞാൻ പറയുന്നവ നിങ്ങൾ അനുസരിക്കുമ്പോൾ നിങ്ങളെന്റെ സ്നേഹിതന്മാരായിത്തീരും (യോഹ. 15:15).

## പുതിയ കൽപന

അന്ത്യാത്താഴ വേളയിൽ ഈശോ പറയുന്നുണ്ട്: 'ഞാൻ നിങ്ങൾക്ക് പുതിയൊരു കൽപന നൽകുന്നു, നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ." (യോഹ.13:55). ശിഷ്യരുടെ പാദങ്ങൾ കഴുകി വിശുദ്ധ കുർബാന സ്ഥാപിച്ച് ലോകത്തിന് പുതിയൊരു കൽപന നല്കുന്ന ഈശോയെ നാം സ്നേഹത്തോടെ ഓർക്കുന്നു. അത്താഴത്തിനിടയിൽ യേശു ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുകയും അരയിൽ ചുറ്റിയ തൂവാല കൊണ്ട് തുടയ്ക്കുകയും പാദങ്ങൾ ചുംബിക്കുകയും ചെയ്തു. തുടർന്ന് മേലങ്കി ധരിച്ച് സ്വസ്ഥാനത്തിരുന്ന് ശിഷ്യരോട് പറഞ്ഞു: "നിങ്ങളെന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു. അതു ശരിതന്നെ. ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. നിങ്ങൾക്ക് ഞാൻ മാതൃക തന്നിരിക്കുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം"

തനിക്ക് സംഭവിക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് അറിഞ്ഞുകൊണ്ടാണ് ഈശോ കാൽ കഴുകുന്നത്. തന്നെ ഒറ്റിക്കൊടുക്കുകയും മരണത്തിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്ന ഒരു വ്യക്തിയാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ യൂദാസിന്റെ കാൽ കഴുകാൻ വേണ്ടി ഇറങ്ങിച്ചെല്ലുന്ന ഈശോയെക്കുറിച്ച് സുവിശേഷകൻ വളരെ വ്യക്തമായി പറയുന്നു. അവൻ കച്ച മുറുക്കി, തൂവാല എടുത്തു. പാത്രത്തിൽ വെള്ളം എടുത്തു. അവരുടെ കാലുകൾ കഴുകി. ഓരോ പ്രവൃത്തിയിലും ഈശോയുടെ സ്നേഹത്തിന്റെ ആഴം വ്യക്തമാക്കുന്നുണ്ട്. എന്തിന് ഈശോ ഈയൊരു പ്രവൃത്തി ചെയ്തു എന്ന് ചോദിച്ചാൽ താൻ ചെയ്യാൻ പോകുന്ന രക്ഷാകരമായ പ്രവൃത്തിയിൽ ആരും പുറത്തു നിൽക്കുന്നില്ല എന്നതിനെ നമുക്കു കാണിച്ചു തരാനാണ്. നല്ലവരെ മാത്രം രക്ഷിക്കുന്നതിനു വേണ്ടിയല്ല, നല്ലവരോടു മാത്രം സൗഹൃദം ഉണ്ടാക്കുന്നതിനും വേണ്ടിയല്ല, മറിച്ച്, തന്നെ വേദനിപ്പിച്ചവരെ പോലും തന്നെ വേണ്ട എന്ന് വിചാരിക്കുന്നവരെ പോലും രക്ഷിക്കുന്നതിന് വേണ്ടിയാണ്.

## ഉപസംഹാരം

എല്ലാവരെയും ഹൃദയത്തോടു ചേർത്തു നിർത്തുവാൻ ആഗ്രഹിച്ച ഈശോയുടെ കടന്നുപോകലിന്റെ ദിനമാണ് പെസഹാദിനം. തന്നെ മുറിവേൽപ്പിക്കും, തന്നെ ഒറ്റുകൊടുക്കും, തന്റെ കൂടെയുള്ളവർ ഓടിയൊളിക്കും എന്നറിഞ്ഞുകൊണ്ട് തന്നെ എല്ലാവരെയും സ്നേഹിക്കാൻ പഠിപ്പിച്ച ദിനമാണ് പെസഹാ വ്യാഴം. ആ സ്നേഹത്തിന്റെ ദൈവികമായ അർത്ഥതലങ്ങളാണ് പെസഹാവ്യാഴത്തിലൂടെ, അതിനുശേഷം വരുന്ന ദിനങ്ങളിലൂടെ ഈശോനാഥൻ നമുക്ക് കാണിച്ചുതരുന്നത്. യേശു പകർന്നു നൽകിയ വിനയവും ത്യാഗവും ജീവിതത്തിലുടനീളം പാലിക്കാൻ പെസഹാ വ്യാഴം നമ്മെ ഓർമ്മിപ്പിക്കുന്നു.

**ചിന്താകവിത; കവിതാ ചിന്ത**

### *വർഗബോധം വേണ്ടേ!*

ഡ്യൂട്ടിക്കു വൈകിയെത്തിയ
ക്ലാർക്ക് തോമസിനോട്
ഓഫീസർ ചെറുതായി
ചൂടായി. മിസ്റ്റർ തോമസ്,
ഒമ്പതാണ് ഓഫീസ് ടൈം.
ഇപ്പോൾ സമയം പത്താകാറാ
യി. എവിടെയായിരുന്നു
നിങ്ങൾ ഇതുവരെ?
ദിസീസ് നോട്ട് ഫെയർ.
അദ്ദേഹം അസംതൃപ്തി
മറച്ചുവച്ചില്ല.

ക്ലാർക്ക് തോമസ് ക്ഷമാപണം
പോലെ പറഞ്ഞു:
സോറി സർ;
ഞാൻ വീട്ടിൽ അല്പം
കൂടുതൽ ഉറങ്ങിപ്പോയി.
സോറി!

വിസ്മയിച്ചുപോയി
ഓഫീസർ. അതിനിഷ്കളങ്കമാ
യിരുന്നു ഓഫീസറുടെ
ചോദ്യം. ഓഹോ! മിസ്റ്റർ
തോമസ്; അപ്പോൾ
നിങ്ങൾ വീട്ടിലും
ഉറങ്ങാറുണ്ടെന്നോ!
എനി ഹൗ, ഡോണ്ട്
റിപ്പീറ്റ് ദിസ്! ഒക്കേ.
ഗോ ടു യുവർ സീറ്റ്.
അദ്ദേഹം ഒന്ന് ഇരുത്തി മൂളി.

സീറ്റിലിരുന്ന്
ക്ലാർക്ക് തോമസ് ചുറ്റും
നോക്കി.
സഹപ്രവർത്തകർ
ചിരിയടക്കാൻ
ശ്രമിക്കുന്നുണ്ടായിരുന്നു.

എന്നാറേ,
ഉള്ളിൽ നുരഞ്ഞുപൊന്തിയ
ദേഷ്യം കടിച്ചമർത്തിക്കൊണ്ട്
ക്ലാർക്ക് തോമസ്
പരിതപിച്ചു:
വർഗബോധമില്ലാത്ത
മനുഷ്യർ!

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

# ദുഃഖവെള്ളിയും കെദ്രോൺ അരുവിയും ദേവാലയത്തിലെ തിരശ്ശീലയും





ഡോ. സ്റ്റാൻലി
മാതിരപ്പിള്ളി

ദുഃഖവെള്ളിയെക്കുറിച്ചു ചിന്തിക്കുമ്പോൾ എന്റെ മനസിൽ ആദ്യം കടന്നു വരുന്ന രണ്ടു ചിത്രങ്ങൾ ഗത്സെമനി തോട്ടത്തിലേക്ക് യേശു 'കടന്നു പോകുന്ന' (പെസഹാ) കെദ്രോൺ അരുവിയും (യോഹ 18:1), യേശുവിന്റെ കുരിശുമരണ സമയത്ത് നെടുകെ കീറിപ്പോയ ദേവാലയത്തിലെ തിരശീലയുമാണ് (മത്താ 27:51; മർക്കോ 15:38) കെദ്രോൺ അരുവിയിലൂടെയുള്ള യേശുവിന്റെ കടന്നുപോകലിനെക്കുറിച്ച് ആദ്യം ചിന്തിക്കാം.

**പെസഹായെ തഴുകിയ കെദ്രോൻ**

ജറൂസലെം ദേവാലയത്തിനും ഒലിവുമലയ്ക്കും ഇടയിലൂടെ ഒഴുകുന്ന ചെറുനദിയാണ് കെദ്രോൻ അരുവി. ദേവാലയത്തിൽ അർപ്പിക്കപ്പെടുന്ന ബലിമൃഗങ്ങളുടെ രക്തം അജകവാടത്തിലൂടെ ഒഴുകിയെത്തിച്ചേരുന്നത് ഈ അരുവിയിലേക്കാണ്. പ്രധാനമായും ജറുസലെം ദേവാലയത്തിൽ അഞ്ചുതരം ബലികളാണ് അർപ്പിക്കപ്പെട്ടിരുന്നത്: ദഹനബലി, ധാന്യബലി, സമാധാനബലി, പാപപരിഹാരബലി, പ്രായശ്ചിത്തബലി. ലേവ്യരുടെ പുസ്തകം ആരംഭിക്കുന്നതു തന്നെ ഈ ബലികളെക്കുറിച്ചു പറഞ്ഞുകൊണ്ടാണ് (ലേവ്യ 1-5). ഇതിൽ ധാന്യബലിയൊഴികെ മറ്റെല്ലാ ബലികളും ഇസ്രായേൽ മക്കളുടെ പാപപരിഹാരാർത്ഥമുള്ള രക്തം ചിന്തിയുള്ള ബലികളാണ്. പാപപരിഹാരാർത്ഥം അർപ്പിക്കപ്പെടുന്ന രക്തം ഒഴുകിയെത്തുന്ന കെദ്രോൻ അരുവി പൊതുവേ രക്തവർണമായിരുന്നു.

യേശു തന്റെ പീഡാനുഭവത്തിനു മുന്നോടിയായി ഗത്സെമൻ തോട്ടത്തിലേക്ക് പ്രിയശിഷ്യരുമൊത്ത് കടന്നുപോകുന്നത് ഈ അരുവിയിലൂടെയാണ്. പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നീ പെസഹാ രഹസ്യങ്ങളിലേക്കുള്ള യേശുവിന്റെ സുപ്രധാന ചുവടുവയ്പായിരുന്നുവല്ലോ ഗത്സെമനി പ്രവേശനം. ഗത്സെമനിയിലെ പ്രാർത്ഥന കഴിഞ്ഞ് റോമൻ പടയാളികൾ യേശുവിനെ ബന്ധിച്ച് കയ്യാഫാസിന്റെ കൊട്ടാരത്തിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോയതും ഈ അരുവിയിലൂടെ തന്നെയാണ്. തോട്ടത്തിൽ ചോരവിയർത്തു പ്രാർത്ഥിച്ച യേശുവിന്റെ ശരീരത്തിൽ നിന്നൊഴുകിയ രക്തക്കണങ്ങളും പടയാളികളുടെ ക്രൂരമായ മർദ്ദനത്തിലൂടെ മുറിവുകളിൽനിന്ന് ഒലിച്ചിറങ്ങിയ രക്തവും കെദ്രോൻ അരുവിയിലെ വെള്ളത്തിൽ അലിഞ്ഞു ചേരുന്നുണ്ട്.

മനുഷ്യന്റെ പാപം പോക്കാൻ ദേവാലയത്തിൽ ഇതുവരെയും അർപ്പിക്കപ്പെട്ട ബലിമൃഗ

ങ്ങളുടെ രക്തം ലോകത്തിന്റെ പാപങ്ങൾ നീക്കാൻ കടന്നുവന്ന ദൈവത്തിന്റെ കുഞ്ഞാടായ (യോഹ 1:29; ഉല്പ 22:8) യേശുവിന്റെ രക്തത്തോട് അലിഞ്ഞുചേരുന്നത് വെറുതെയല്ല. 'അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവം' (യോഹ 3:16) രക്തം ചിന്തിയും ചിന്താതെയുമുള്ള മറ്റെല്ലാ ബലിക്കും ഇവിടെ അന്ത്യം കുറിക്കുന്നു. മനുഷ്യപാപങ്ങൾ നീക്കാൻ ഇനി മറ്റൊരു ബലിക്കും ആവില്ല (ഹെബ്രാ 9:12). കുരിശിൽ ഒരിക്കൽ മാത്രം അർപ്പിക്കപ്പെടുന്നതും ഇനി ആവർത്തിക്കപ്പെടാൻ ആവാത്തതും ആവർത്തനം ആവശ്യമില്ലാത്തതുമായ ആത്മബലിയർപ്പണമാണത്.

*ഇനി ദൈവത്തെ പിതാവേ എന്നു വിളിച്ച് ഓടിച്ചെല്ലാനും സ്വജീവൻ ബലിയായി നല്കി യേശു സാധ്യമാക്കിയ രക്ഷ കൈവരിക്കാനും ഇനി ഏതൊരു പാപിക്കും സാധ്യമാണ് എന്ന സത്യമാണ് കീറിയ തിരശ്ശീല ലോകത്തോടു വിളിച്ചുപറയുന്നത്.*

## നെടുകെ കീറിയ തിരശ്ശീല

യേശു കാൽവരിയിൽ കുരിശിൽ മരിക്കുമ്പോൾ അസാധാരണമായ ചില കാര്യങ്ങൾ സംഭവിക്കുന്നുണ്ട്; മധ്യാഹ്നമായിരുന്നിട്ടും ഭൂമിയിലെങ്ങും അന്ധകാരം നിറഞ്ഞു (മത്താ 27:45). ലോകത്തിന്റെ പ്രകാശമായവൻ (യോഹ 8:12) കുരിശിൽ അസ്തമിക്കുമ്പോൾ ഇരുട്ട് ഉണ്ടാവുക സ്വാഭാവികം. ഈ സംഭവത്തിനു 800 വർഷങ്ങൾക്കു മുൻപ് ആമോസ് പ്രവാചകൻ ഇത് വെളിപ്പെടുത്തിയിട്ടുള്ളതുമാണ് (ആമോ 8:9). കൂടാതെ, ഭൂമി കുലുങ്ങി, പ്രേതാലയങ്ങൾ തുറക്കപ്പെട്ടു, ദേവാലയത്തിലെ തിരശ്ശീല മുകളിൽ നിന്നു താഴേക്ക് രണ്ടായി കീറിത്തുടങ്ങിയ കാര്യങ്ങളും സംഭവിക്കുന്നു. ദേവാലയത്തിലെ തിരശ്ശീല കീറിപ്പോയി എന്നതാണ് ഇവിടെ കൂടുതൽ ശ്രദ്ധയാകർഷിക്കുന്നത്.


ജറുസലെം ദേവാലയത്തിൽ ദൈവത്തിന്റെ വാസസ്ഥലം (*The Abode of Yahweh*) എന്നറിയപ്പെടുന്ന അതിവിശുദ്ധ മന്ദിരത്തിന്റെ (*Holy of Holies*) മുന്നിലാണ് 60 അടി നീളവും 30 അടി വീതിയും 4 ഇഞ്ച് കനവുമുള്ള, 72 പാളികൾ തുന്നിച്ചേർത്ത തിരശ്ശീലയുള്ളത്. പരിശുദ്ധനായ ദൈവത്തിന്റെ (ഏശ 6) മുൻപിൽ അശുദ്ധനായ മനുഷ്യന്റെ നിഴൽപോലും (2 സാമു 6:6) വീഴാതിരിക്കാനാണ് ഇത്തരമൊരു തിരശ്ശീലയുള്ളത്. പുറപ്പാടു കാലത്ത് മോശയും അഹറോനും ഇതിനു സമാനമായ ഒരു തിരശ്ശീല ഒരുക്കുന്നുണ്ട് (പുറ. 36:8-18).

പ്രധാന പുരോഹിതൻ ആണ്ടിലൊരിക്കലുള്ള പാപപരിഹാര ദിനത്തിൽ (*Yom Kippur-Day of Attonement*) ഈ തിരശ്ശീലയ്ക്കകത്ത് പ്രവേശിച്ച് തന്റെയും കുടുംബത്തിന്റെയും ഇസ്രായേൽ ജനം മുഴുവന്റെയും പാപപരിഹാരത്തിനുള്ള ബലികൾ-ഒരു കാളയെ ദഹനബലിയായും ഒരു മുട്ടാടിനെ പാപപരിഹാരബലിയായും-അർപ്പിക്കുന്നു. പ്രധാന പുരോഹിതനായ അഹറോനാണ് ഈ ബലി ആദ്യമായി അർപ്പിച്ചത് (ലേവ്യ 16). അതിവിശുദ്ധ മന്ദിരത്തിൽ ബലിയർപ്പിക്കാനായി പ്രവേശിക്കുന്ന പുരോഹിതന് അശുദ്ധിയൊന്നും ഉണ്ടാകാൻ പാടില്ല. അശുദ്ധനായവനാണ് പുരോഹിതനെങ്കിൽ അദ്ദേഹം ബലിപീഠത്തിനരികിൽ തന്നെ മരിച്ചുവീഴും എന്നതാണ് യഹൂദ വിശ്വാസം. നീണ്ടകാലത്തെ ഒരുക്കത്തോടുകൂടെ മാത്രമേ പുരോഹിതൻ ഈ തിരശ്ശീലയ്ക്കകത്ത് പ്രവേശിക്കുകയുള്ളൂ. അന്നേദിനം അദ്ദേഹം ധരിക്കുന്ന തിരുവസ്ത്രവും പ്രത്യേകതയുള്ളതാണ്. ആ വസ്ത്രം മുഴുവനിലും കൊച്ചു കൊച്ചു മണികൾ കെട്ടിയിരിക്കും; അദ്ദേഹത്തിന്റെ അരയിൽ തിരശ്ശീലയ്ക്ക് പുറത്തേക്ക് നീണ്ടുകിടക്കുന്ന വണ്ണമുള്ള ഒരു കയറും കെട്ടിയിടും. പുരോഹിതൻ അനങ്ങിയാൽ മണികിലുക്കം കേൾക്കും; മണികിലുക്കം നിന്നാൽ പുരോഹിതൻ മരിച്ചതായി കണക്കാക്കും. അപ്പോൾ അദ്ദേഹത്തിന്റെ ശരീരം പുറത്തേക്ക് വലിച്ചെടുക്കാനാണ് കയർ കെട്ടുന്നത്.

ദൈവമനുഷ്യബന്ധത്തെ ഇത്രയേറെ വേർതിരിച്ചു നിർത്തിയിരുന്ന അത്യന്തം മഹിമയാർന്ന തിരശ്ശീലയാണ് യേശുവിന്റെ കുരിശുമരണ സമയത്ത് മുകളിൽനിന്ന് താഴേക്ക് കീറിപ്പോയത്. മനുഷ്യരാരുമല്ല ഇതു കീറിയതെന്ന് വ്യക്തം. ദൈവംതന്നെ നീക്കിക്കളയുന്ന മറയാണിത്. മനുഷ്യനും ദൈവത്തിനുമിടയിൽ ഇനി ഒരു മറയും ആവശ്യമില്ല. മുൻകാലത്ത് വിശുദ്ധിയാർജ്ജിച്ച പ്രധാന പുരോഹിതൻ, വർഷത്തിലൊരിക്കൽ മാത്രം, പ്രവേശിച്ചിരുന്ന അതിവിശുദ്ധ മന്ദിരം പാപികളായ എല്ലാ മനുഷ്യർക്കുമായി തുറന്നു വച്ചു എന്നതാണ് യേശുവിന്റെ കുരിശുമരണം വഴി സാധ്യമാക്കിയത്. ഇനി ദൈവത്തെ പിതാവേ എന്നു വിളിച്ച് ഓടിച്ചെല്ലാനും സ്വജീവൻ ബലിയായി നല്കി യേശു സാധ്യമാക്കിയ രക്ഷ കൈവരിക്കാനും ഇനി ഏതൊരു പാപിക്കും സാധ്യമാണ് എന്ന സത്യമാണ് കീറിയ തിരശീല ലോകത്തോടു വിളിച്ചുപറയുന്നത്.

കെദ്രോൻ അരുവിയിലൂടെയും കുരിശുമരണത്തിലൂടെയുമുള്ള യേശുവിന്റെ 'കടന്നുപോകൽ' സംഭവിച്ചത് തിരശ്ശീലകളുടെ മറകളില്ലാതെ ദൈവസന്നിധിയിലേക്ക് കടന്നുചെല്ലാൻ നമ്മെ പ്രാപ്തരാക്കാനാണ്. അപ്രകാരം ദുഃഖവെള്ളി സാധ്യമാക്കിയത് നമ്മുടെ ഓരോരുത്തരുടേയും പെസഹയാണ്.

# യേശുവിന്റെ കുരിശുമരണം ചരിത്രവും ശാസ്ത്രവും





**ഡോ. ജോഷി മയ്യാറ്റിൽ**

യേശുവിന്റെ അവസാന മണിക്കൂറുകൾ നാലു സുവിശേഷകന്മാരും അതീവ ഹൃദ്യമായി രേഖപ്പെടുത്തിയിരിക്കുന്നു. അവിടുത്തെ കുരിശുമരണം മനുഷ്യചരിത്രത്തിലെ, പ്രത്യേകിച്ച് കോടതി ചരിത്രത്തിലെ, ഏറ്റവും പ്രമാദമായ സംഭവങ്ങളിലൊന്നായി നിലകൊള്ളുന്നു. അത് ഉയർത്തിവിട്ട കൊടുങ്കാറ്റ് രണ്ടായിരം വർഷങ്ങൾക്കു ശേഷവും കെട്ടടങ്ങിയിട്ടില്ല. ദുർബലതയുടെ ആഘോഷമെന്നു മുദ്രകുത്തി നീഷേ അവഹേളിച്ച ആ സംഭവത്തെ, പക്ഷേ, മിസ്റ്റിക്കായ സിമോണെ വൈൽ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്: *"Christ does not provide a supernatural remedy for suffering, but a supernatural use for it."*

### ചരിത്ര പശ്ചാത്തലം

കുരിശുമരണം (*Crucifixion*) പുരാതന ലോകത്തിൽ, പ്രത്യേകിച്ച് റോമാസാമ്രാജ്യത്തിൽ, ഏറ്റവും ക്രൂരവും അപമാനകരവുമായ ശിക്ഷാരീതിയായിരുന്നു. ഇത് ക്രി.മു. 600 കാലഘട്ടത്തിൽ പേർഷ്യക്കാർ ആരംഭിച്ചതായി കരുതപ്പെടുന്നു. പിന്നീട് അലക്സാണ്ടർ ചക്രവർത്തിയും റോമാക്കാരും ഈ രീതി സ്വീകരിച്ചു. റോമൻ കാലഘട്ടത്തിൽ, കുരിശുമരണം സാധാരണമായി അടിമകൾക്കും കലാപകാരികൾക്കും അതീവ ഗുരുതരമായ കുറ്റങ്ങൾ ചെയ്തവർക്കും നൽകിയിരുന്ന ശിക്ഷയായിരുന്നു. റോമൻ പൗരന്മാർക്ക് (ചില അപൂർവ്വ സാഹചര്യങ്ങളിലൊഴികെ) ഈ ശിക്ഷ നൽകാൻ പാടില്ലാത്തതായിരുന്നു. കുരിശുമരണം കേവലം ഒരു വധശിക്ഷയല്ല, മറിച്ച് ഒരു പരസ്യമായ അപമാനവും നീണ്ട വേദനാജനകമായ മരണപ്രക്രിയയുമായിരുന്നു.

യേശുവിന്റെ കുരിശുമരണത്തെക്കുറിച്ചുള്ള പ്രധാന ചരിത്രരേഖകളെ ക്രൈസ്തവ സ്രോതസ്സുകൾ എന്നും അക്രൈസ്തവ സ്രോതസ്സുകൾ എന്നും തിരിക്കാവുന്നതാണ്. സുവിശേഷങ്ങൾ, പൗലോസിന്റെ ലേഖനങ്ങൾ എന്നിവയാണ് യേശുവിന്റെ കുരിശുമരണത്തെക്കുറിച്ചു വിവരം പ്രദാനം ചെയ്യുന്ന ക്രൈസ്തവ രേഖകൾ. നിശ്ചയമായും വിശ്വാസത്തിന്റെ കണ്ണോടെ എഴുതപ്പെട്ടതാണവ.

എന്നാൽ, സംഭവം പരാമർശിക്കുക മാത്രം ചെയ്യുന്ന അക്രൈസ്തവരേഖകളും പലതുണ്ട്. റോമൻ ചരിത്രകാരനായ ടാസിറ്റസ് (ക്രി.വ. 56–120) തന്റെ 'അന്നാലസ്' എന്ന കൃതിയിൽ പീലാത്തോസിന്റെ ഭരണകാലത്ത് നടന്ന ക്രിസ്തുവിന്റെ വധശിക്ഷയെക്കുറിച്ച് പരാമർശിക്കുന്നു. യഹൂദ ചരിത്രകാരനായ ജോസേഫൂസ് ഫ്ളാവിയൂസ് (ക്രി.വ. 37–100) 'ജൂവിഷ് ആന്റിക്വിറ്റീസ്' എന്ന കൃതിയിൽ യേശുവിനെക്കുറിച്ച് പരാമർശിക്കുന്നു. കുറ്റവാളിയായ യേശുവിനെ പെസഹായുടെ സായാഹ്നത്തിൽ തൂക്കിക്കൊന്നതായി യഹൂദ

മതഗ്രന്ഥമായ താൽമുദ് സൂചിപ്പിക്കുന്നു.

**ക്രൂശിക്കലിനു മുമ്പ്...**

കുരിശുമരണത്തെ ക്രൂശിക്കലിന്റെ മാത്രം ഫലമായി കാണുന്നത് ശരിയല്ല. സുവിശേഷ വിവരണങ്ങൾ പ്രകാരം, കുരിശുമരണത്തിന് മുമ്പ് യേശു നിരവധി മാനസിക-ശാരീരിക പീഡനങ്ങൾ അനുഭവിച്ചു:

**ഗത്സമൻ തോട്ടത്തിലെ മാനസിക സംഘർഷം:** 'അവൻ തീവ്രവേദനയിൽ മുഴുകി കൂടുതൽ തീക്ഷ്ണമായി പ്രാർഥിച്ചു. അവന്റെ വിയർപ്പു രക്തത്തുള്ളികൾപോലെ നിലത്തുവീണു' എന്ന വിശുദ്ധ ലൂക്കായുടെ വചനം (ലൂക്കാ 22,44) വിരൽ ചൂണ്ടുന്നത് ഹെമാറ്റിഡ്രോസിസ് (*Hematidrosis*) എന്ന അപൂർവ മെഡിക്കൽ അവസ്ഥയാണെന്ന് കരുതപ്പെടുന്നു - അതീവ മാനസിക സമ്മർദ്ദം കാരണം വിയർപ്പ് ഗ്രന്ഥികളിലെ ചെറിയ രക്തനാളങ്ങൾ പൊട്ടി രക്തം കലർന്ന വിയർപ്പുണ്ടാകുന്ന അവസ്ഥയാണിത്.

**ചമ്മട്ടികൊണ്ടുള്ള അടി** (*Flagellation*): ചമ്മട്ടി എന്ന റോമൻ ഉപകരണത്തിന്റെ അഗ്രത്തിൽ ലോഹത്തുണ്ടുകളോ എല്ലുകളോ ഉണ്ടായിരിക്കും. ഇത് ത്വക്ക് പൊളിച്ചെടുക്കുകയും പേശികളെ കീറുകയും ചെയ്യും; ഗണ്യമായ രക്തനഷ്ടത്തിനും വേദനയ്ക്കും കാരണമാകും; രക്തസമ്മർദ്ദം കുറയ്ക്കുകയും ശക്തിക്ഷയം ഉണ്ടാക്കുകയും ചെയ്യും.

**മുൾക്കിരീടം:** തലയിൽ വയ്ക്കുന്ന ഈ പീഡനോപകരണം മൂലം തലയോട്ടിയിലെ രക്തനാളങ്ങൾ തുളയ്ക്കപ്പെടും; തലയുടെ മേൽഭാഗത്തുനിന്ന് രക്തപ്രവാഹം ഉണ്ടാകും; നാഡീ സമൃദ്ധമായ ശിരോഭാഗത്തെ മുറിവുകൾ അതിശക്തമായ വേദന ഉളവാക്കും.

**കുരിശ് വഹിക്കൽ:** റോമൻ കുരിശുമരണത്തിൽ, കുറ്റവാളി സാധാരണമായി കുരിശിന്റെ കുറുകെയുള്ള ഭാഗം (പാറ്റിബുലം) മാത്രമാണ് വഹിച്ചിരുന്നത്, നെടുകെയുള്ള തടി (സ്റ്റിപസ്) അല്ല. ഇത് ഏകദേശം 20-40 കിലോഗ്രാം ഭാരമുള്ളതായിരിക്കും.

**ക്രൂശിക്കൽ പ്രക്രിയ**

**ആണി തറയ്ക്കൽ:** ആധുനിക പഠനങ്ങൾ സൂചിപ്പിക്കുന്നത് കരതലങ്ങളിലൂടെയല്ല, മറിച്ച് മണിബന്ധത്തിന് (*wrist*) സമീപമുള്ള ഭാഗത്തിലൂടെയാണ് ആണി തറച്ചിരുന്നത് എന്നാണ്. കരതലത്തിന്റെ മൃദുവായ ടിഷ്യൂകൾക്ക് ശരീരത്തിന്റെ മുഴുവൻ ഭാരം താങ്ങാൻ കഴിയില്ല. 'സ്പേസ് ഓഫ് ഡെസ്റ്റോ' എന്ന ഭാഗത്തിലൂടെ ആണി കടക്കുമ്പോൾ മീഡിയൻ നെർവിനെ ബാധിക്കുകയും, വിരലുകളുടെ സമ്മർദ്ദത്തിന് കാരണമാകുകയും ചെയ്യും.

കാലുകൾ ഒന്നിച്ചോ അല്ലെങ്കിൽ വെവ്വേറെയോ പാദങ്ങളിലൂടെ (*feet*) ആണി തറയ്ക്കാം. ചില സാഹചര്യങ്ങളിൽ, കണങ്കാലുകൾക്കിടയിലെ (*ankles*) എല്ലുകൾക്കിടയിലൂടെയായിരുന്നു ആണി തറച്ചിരുന്നത്. കാൽപ്പാദങ്ങളിലൂടെ അഥവാ കംങ്കാലുകൾക്കിടയിലൂടെ തറയ്ക്കുന്ന ആണി പെറോണിയൽ നെർവിനെ സ്പർശിക്കുകയും അതിതീവ്രമായ വേദന ഉണ്ടാക്കുകയും ചെയ്യും.

**മരണകാരണം: ഒരു ശാസ്ത്രീയ വിശകലനം.**

ആധുനിക വൈദ്യശാസ്ത്രം അനുസരിച്ച്, കുരിശുമരണത്തിന്റെ അടിസ്ഥാനപരമായ കാരണം ശ്വസന സംബന്ധമായി ഉളവായ പ്രശ്നമാണ്. 2005-ൽ ഫ്രെഡറിക് ടി. റ്റ്സുഗിബെ പ്രസിദ്ധീകരിച്ച *The Crucifixion of Jesus: A Forensic Inquiry* എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെയും മറ്റു ഗവേഷകരുടെയും നേതൃത്വത്തിൽ, കുരിശിൽ കിടക്കുന്നവരുടെ ശാരീരികാവസ്ഥകളെക്കുറിച്ചു നടന്ന പരീക്ഷണങ്ങളുടെ ശ്രദ്ധേയമായ ചില കണ്ടെത്തലുകൾ വിവരിക്കുന്നുണ്ട്. ആ പരീക്ഷണങ്ങളിൽ സ്വമനസ്സാ പങ്കെടുത്ത വ്യക്തികൾ കുരിശിൽ തൂങ്ങിക്കിടന്നപ്പോൾ ശ്വസനപ്രക്രിയയിലാണ് ഏറ്റവും ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടത്. 12 മിനിറ്റിനു ശേഷം തന്നെ ഓക്സിജൻ ലെവലുകൾ കുറയുന്നതായി കണ്ടെത്തി.

**പൊസിഷണൽ അസ്ഫിക്സിയേഷൻ** (*Positional Asphyxiation*)**:** കുരിശിൽ തൂങ്ങികിടക്കുമ്പോൾ, നെഞ്ച് വികസിക്കുകയും ശ്വാസം എടുക്കാൻ കഴിയുകയും ചെയ്യുന്നു. എന്നാൽ ശ്വാസം വിടാൻ, മണിബന്ധത്തിലും (*wrists*) കാലുകളിലുമുള്ള ആണികളിൽ ബലം കൊടുത്ത് ശരീരത്തെ മുകളിലേക്കുയർത്തേണ്ടതുണ്ട്. ഇത് അതിതീവ്രമായ വേദനയ്ക്ക് കാരണമാകും.

**ഡയഫ്രം പ്രവർത്തന തകരാർ:** സമയം കഴിയുന്തോറും, ഈ ശാരീരിക പ്രയാസവും വേദനയും കാരണം വ്യക്തിക്ക് ശരീരം ഉയർത്താൻ കഴിയാതെ വരും. ഇത് ഡയഫ്രത്തിന്റെ പ്രവർത്തനത്തെ ബാധിക്കുകയും കാർബൺ ഡൈഓക്സൈഡ് ശരീരത്തിൽ അടിഞ്ഞുകൂടാൻ (*hypercapnia*) കാരണമാകുകയും ചെയ്യും.

**ഹൈപ്പോക്സിയ** (*Hypoxia*): ഇത് രക്തത്തിലെ ഓക്സിജന്റെ അളവ് കുറയാൻ ഇടയാക്കും. ഓക്സിജന്റെ കുറവ് സാവകാശം മസ്തിഷ്കത്തെയും മറ്റ് അവശ്യ അവയവങ്ങളെയും ബാധിക്കും.

ശ്വസന സംബന്ധിയായ ഈ പ്രശ്നങ്ങൾ കൂടാതെ ശരീരത്തിലെ വിവിധ മുറിവുകളിലൂടെയുള്ള രക്തനഷ്ടവും ധമനികൾക്കേറ്റ പരുക്കുകൾ മൂലമുള്ള രക്തപ്രവാഹക്കുറവും ഹൃദയത്തിനു ചുറ്റുമുള്ള പെരികാർഡിയൽ കാവിറ്റിയിൽ ദ്രാവകം നിറയുന്നതുമൂലമുള്ള ഹൃദയ പ്രവർത്തന തടസ്സവും ഹൃദയത്തിന്റെ താളം തെറ്റിയുള്ള മിടിപ്പുമെല്ലാം മരണകാരണമായി ഉണ്ടാവാം.

# മഹിമയുടെ അലങ്കാരം





**ഫാ. ജോനാഥ്
കപ്പൂച്ചിൻ**

ക്രിസ്തുവിനും ലോകത്തിനുമിടയിൽ എപ്പോഴുമൊരു വിരോധാഭാസമായി കുരിശുണ്ട്. ലോകത്തിന്റെ ദൃഷ്ടിയിൽ കുരിശ് പാപികൾക്കുള്ള കഠിന ശിക്ഷയായിരുന്നു. ക്രിസ്തുവാകട്ടെ അതിനെ പാപത്തിന്മേലുള്ള അവസാന വിജയമാക്കി. ലോകത്തെ സംബന്ധിച്ചിടത്തോളമത് മരണത്തിലേക്കുള്ള ക്ഷണമായിരുന്നു. അവനാകട്ടെയത് ഉയിർപ്പിലേക്കുള്ള സാധ്യതയാക്കി. ലോകത്തിനത് ശിക്ഷാവിധിയുടെ ഓർമ്മപ്പെടുത്തലായിരുന്നുവെങ്കിൽ ക്രിസ്തുവിനത് രക്ഷയുടെ ഉടമ്പടി ആയിരുന്നു. ലോകമതിൽ ഒരർത്ഥവും കണ്ടില്ല, അവനാകട്ടെ ദൈവത്തിന്റെ പരമജ്ഞാനമാക്കിയത് മാറ്റി. അങ്ങനെ, പരാജയത്തിന്റെ അടയാളമായിരുന്ന കുരിശിനെ മഹിമയുടെ അലങ്കാരമാക്കിയവന്റെ പേരാണ് ക്രിസ്തു.

കുരിശു കൂടാതെയുള്ള രക്ഷയാണ് നാം പ്രതീക്ഷിക്കുന്നതെങ്കിൽ പത്രോസിനെ പോലെ ഇടുങ്ങിയ മനസ്സാണ് നമുക്കു ചേരുക. *Peter wanted a kingdom without a cross.* ഓർക്കണം, യേശു തന്റെ പീഡാസഹനത്തെക്കുറിച്ച് പ്രവചിച്ചപ്പോഴാണ് മാറ്റിനിർത്തി 'നിനക്കത് സംഭവിക്കാതി രിക്കട്ടെ' എന്നവൻ തടസ്സം പറഞ്ഞത്. ദൈവികപദ്ധതിക്ക് വിരുദ്ധമായിട്ടാണവൻ രക്ഷയുടെ മാർഗ്ഗം അന്വേഷിച്ചത്.

ക്രിസ്തു അവനെ പരസ്യമായി ശാസിക്കുന്നു. ആദ്യം പാറയെന്ന് വിശേഷിപ്പിക്കപ്പെട്ടവനെ പിന്നെ സാത്താനെയെന്ന് വിളിക്കുന്നു. ഫരിസ്യയരോടും ചുങ്കക്കാരോടും അവൻ ഗൗരവമുള്ള ശൈലിയിൽ സംസാരിക്കുമ്പോഴും ഇങ്ങനെയൊരു പദം ഉപയോഗിച്ചിട്ടില്ല. ബൈബിളിൽ യൂദാസിനെ കുറിച്ച് 'അവനിൽ പിശാച് പ്രവേശിച്ചു' എന്നു രേഖപ്പെടുത്തുമ്പോഴും, ക്രിസ്തു അവനെ വിളിക്കുന്നത് 'സാത്താനേ' എന്നല്ല 'സ്നേഹിതാ' എന്നാണ്. പത്രോസിനെ മാത്രമാണ് ഏറ്റവും കഠിനമായ ഈ വാക്കുകൊണ്ട് വിളിച്ചത്.

കാരണം, കുരിശിൽനിന്നും അകന്നു മാറാനാണ് സാത്താൻ എപ്പോഴും യേശുവിനെ പ്രലോഭിപ്പിച്ചത്. മരുഭൂമിയിലെ മൂന്നു പരീക്ഷണങ്ങളും അവനെ എളുപ്പ മാർഗത്തിലൂടെ രക്ഷകനാക്കാനുള്ള കുറുക്കുവഴികൾ ആയിരുന്നു... കുരിശിനെ ഉപേക്ഷിച്ചുള്ള എളുപ്പവഴികൾ. ഇതിന്റെ അർത്ഥം എന്താണ്? കുരിശിനെ അവഗണിച്ചാൽ, ചില നേരങ്ങളിൽ ദൈവികമനുഷ്യർ തന്നെ സാത്താന്റെ നിഴലായിട്ട് മാറുമെന്നുതന്നെ.

അതെ, കുരിശിന്റെ മഹിമ ഓർമിപ്പിക്കുന്ന ഒരു വചനസന്ദർഭമുണ്ട് യോഹന്നാന്റെ സുവിശേഷം എട്ടാം അധ്യായത്തിൽ. പാപത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയുമായിട്ട് ക്രിസ്തുവിന്റെ അടുത്തേക്ക് വരുന്ന ഒരു ജനസമൂഹം. അവരുടെ കൈവശം കല്ലുകൾ ഉണ്ടായിരുന്നു, അവളെ ശിക്ഷിക്കുവാനുള്ള വിധിയുടെ കല്ല്. ഈ കല്ല് ഒരു പ്രതീകമാണ്, ഇടറിപ്പോകുന്ന ദുർബലരായ മനുഷ്യരോടുള്ള ലോകത്തിന്റെ നിലപാടിന്റെ പ്രതീകം. ശിക്ഷകളിലൂടെ മാത്രമേ കുറ്റങ്ങൾ ഉന്മൂലനം ചെയ്യാനാവൂ എന്ന പ്രാപഞ്ചിക നിയമമാണ് അതിന്റെ അടിത്തറ. എന്നാൽ ഒരു പാപിയെ ലോകം വിധിക്കുന്നത് പോലെയല്ല സ്വർഗ്ഗം വിധിക്കുന്നത്. സ്വർഗ്ഗത്തിന് ക്ഷമിക്കാനാകാത്ത ഒരു പാപവും ഭൂമിയിൽ ഇല്ലെന്നേ. നിന്റെ ജീവിതത്തിൽ പാപത്തെക്കാൾ വിലയേറിയ പലതും ഉണ്ടെന്ന്, ദൈവത്തിന് അറിയാം.

ദൈവത്തിന്റെ കരുണയ്ക്ക് വീണ്ടെടുക്കാൻ ആകാത്ത ഒരു പാപിയും ഇല്ലെന്നേ.. *Earth has no wound that heaven can't heal*. ലോകത്തിന്റെ ശിക്ഷാവിധിയുടെ കല്ലുകളിൽ നിന്നും അവളെ രക്ഷിക്കുവാൻ സ്വർഗത്തിൽ നിന്ന് ഇറങ്ങി വന്ന കരുണയുടെ പേരാണ് ക്രിസ്തു. 'നിങ്ങളിൽ പാപമില്ലാത്തവർ ആദ്യം കല്ലെറിയട്ടെ' എന്ന ചോദ്യത്തിന്റെ പ്രഭയിൽ ലോകത്തിന് കല്ലുകൾ ഉപേക്ഷിച്ച് അന്ന് പിന്മാറേണ്ടി വന്നു. താഴെ

വീണ ആ ശിക്ഷാവിധിയുടെ കല്ലുകൾക്ക് പകരം ക്രിസ്തു എടുത്തത് പാപമോചനത്തിന്റെ കുരിശാണ്.

'ആരും നിന്നെ വിധിച്ചില്ലേ' എന്ന് ക്രിസ്തു ചോദിച്ചപ്പോൾ, 'ഇല്ല കർത്താവേ' എന്നതായിരുന്നു അവളുടെ മറുപടി. 'ഞാനും നിന്നെ വിധിക്കുന്നില്ല' എന്നുപറഞ്ഞ് ആശ്വസിപ്പിച്ചാണ് മടക്കിവിടുന്നത്. വിധിക്കുവാൻ ഏക അവകാശമുള്ളവൻ അവളെ വിധിച്ചില്ല. കാരണം ഒന്നേയുള്ളൂ... അവൾക്കും, എനിക്കും നിങ്ങൾക്കും, സകല മനുഷ്യർക്കു വേണ്ടിയും വിധിക്കപ്പെടാൻ അവൻ നിന്നു കൊടുക്കണമായിരുന്നു. നമ്മുടെ പാപങ്ങളുടെ, ബലഹീനതകളുടെ, അഹന്തയുടെ, കുറ്റബോധത്തിന്റെ, സഹനങ്ങളുടെ ഭാരമേറിയ കുരിശ് അവൻ വഹിക്കണമായിരുന്നു...

എത്ര വിദഗ്ധമായി മറച്ചുപിടിച്ചാലും എല്ലാ മനുഷ്യരും നിസ്സഹായകയായ ആ സ്ത്രീയെപോലെ ദുർബലരാണെന്നേ. ദൈവദൃഷ്ടിയിലും ലോകത്തിനു മുൻപിലും നമ്മളൊക്കെ അപരാധികൾ ആണെന്നേ. എന്നെങ്കിലുമൊരിക്കൽ പിടിക്കപ്പെടുന്ന നിമിഷം നിശ്ചയമായും നമുക്കു മുമ്പിൽ ലോകത്തിന്റെ വിധിയുടെ കല്ലും ക്രിസ്തുവിന്റെ രക്ഷയുടെ കുരിശും ഉണ്ടാകും. അന്ന് മുറിപ്പെടുത്തുന്ന കല്ലുകൾക്കല്ല, സൗഖ്യപ്പെടുത്തുന്ന കുരിശിന് മാത്രമേ നമ്മെ വീണ്ടെടുക്കാനാവൂ.

എല്ലാ അപരാധങ്ങൾക്കും ഇളവ് കിട്ടാൻ വില കൊടുക്കേണ്ടതുണ്ട്.. ജെറുസലേം നഗരത്തിന്റെ അതിർത്തികൾക്ക് പുറത്ത് കുരിശിന്റെ വിരിമാറിൽ പിടഞ്ഞു പിടഞ്ഞു മരിച്ച ക്രിസ്തുവിന്റെ ജീവനായിരുന്നു നമ്മുടെ പാപങ്ങൾക്ക് ഒക്കെയുള്ള മോചന ദ്രവ്യമെന്നറിയുക.

ആകയാൽ ലോകത്തിന്റെ ശിക്ഷാവിധിയുടെ കല്ലിൽ നിന്നും നമ്മുടെ പ്രാണനെ രക്ഷിക്കുവാൻ കുരിശിൽ പ്രാണൻ വെടിഞ്ഞ ക്രിസ്തുവിന്റെ കരുണയെ ധ്യാനിച്ചുകൊണ്ട് ഈ വിശുദ്ധ വാരത്തിലേക്ക് പ്രവേശിക്കാം...

# കുരുത്തോലകളുടെ സുവിശേഷം



**സിജോ പൈനാടത്ത്**

'രാജ്യത്തെക്കാളും വംശത്തെക്കാളും മഹത്തായിരുന്നു അവൻ. വിപ്ലവത്തേക്കാളും വലുതായിരുന്നു. അവൻ തനിച്ചായിരുന്നു. അവനൊരു ഉണർവായിരുന്നു. അവൻ, ചൊരിയപ്പെടാത്ത നമ്മുടെ കണ്ണുനീർ ചൊരിയുകയും നമ്മുടെ കലാപങ്ങളിൽ ചിരിക്കുകയും ചെയ്തു.
ഇതുവരെ പിറക്കാത്തവരോടൊത്തു ജനിക്കുകയെന്നതും അവരുടെ കണ്ണുകളിലൂടെയല്ല, അവന്റെ ദർശനത്താൽ അവരെ കാണുകയെന്നതും അവന്റെ കരുത്താണെന്നു ഞങ്ങളറിഞ്ഞു. ഭൂമിയിലെ ഒരു നവസാമ്രാജ്യത്തിന്റെ പ്രാരംഭമായിരുന്നു യേശു. ആ സാമ്രാജ്യം നിലനിൽക്കുകയും ചെയ്യും.
ആത്മാവിന്റെ സാമ്രാജ്യം പണിത എല്ലാ രാജാക്കന്മാരുടെയും പുത്രനും പൗത്രനുമായിരുന്നു അവൻ.ആത്മാവിന്റെ അരചന്മാർ മാത്രമേ ലോകം ഭരിച്ചിട്ടുള്ളുതാനും.'(മനുഷ്യപുത്രനായ യേശു- ഖലീൽ ജിബ്രാൻ)
ആത്മാവിന്റെ സാമ്രാജ്യത്തിലെ അതുല്യമായ അധികാരത്തിന്, സമാനതകളില്ലാത്ത രാജത്വത്തിന് സാഘോഷം ജയ് വിളികൾ... ഓശാന ഞായറിന്റെ കാഴ്ചകളും വിചാരങ്ങളും വിശുദ്ധവാരത്തിലേക്കുള്ള ഉചിതമായ പ്രവേശികയാകുന്നു.ദിവസങ്ങൾ എണ്ണപ്പെട്ടവനെ നോക്കി ഓശാനപാടി വാഴ്ത്തുന്ന നിമിഷങ്ങൾ പുതിയനിയമത്തിലെ ഏറ്റവും വൈകാരിക മുഹൂർത്തങ്ങളിലൊന്നാണ്. അവർ വാഴ്ത്തിപ്പാടിയ രാജാവിനു കിരീടവും ചെങ്കോലുമായിരുന്നില്ല അലങ്കാരം; വിനയത്തിന്റെ കഴുതപ്പുറത്തേറിയുള്ള രാജകീയ പ്രവേശനത്തിനാണ് ഒരു ജനത ഓശാന പാടിയത്.

**മരണത്തിനു മുമ്പൊരു വരവേല്പ്**

ജറുസലേമിലേക്കുള്ള ക്രിസ്തുവിന്റെ രാജകീയ പ്രവേശത്തിൽ ഉയർന്ന ഓശാനകളും ജയ് വിളികളും, വിജയഭേരികളുടെ വിളംബരമായിരുന്നില്ല. ദിവസങ്ങൾക്കു ശേഷം കാൽവരിയിൽ കുരിശേറി മരിച്ചു പൂർത്തിയാക്കാനുള്ള വലിയ നിയോഗത്തിന്റെ പെരുമ്പറമുഴക്കമായിരുന്നു. അത്യാഹ്ലാദത്തിന്റെയും ആവേശത്തിന്റെയും ആഘോഷമായിരുന്നില്ല, പീഡാനുഭവയാത്രയുടെ മുന്നൊരുക്കം ധ്യാനിച്ചുള്ള വിനീതഘോഷമായിരുന്നു ജറുസലേം വീഥി കണ്ടത്.

**പ്രാർഥന, ജയ് വിളി**

ഓശാന (ഹെബ്രായഭാഷയിൽ ഹോഷിയാനാ) എന്ന പദത്തിനു ഞങ്ങളെ രക്ഷിക്കണമേ എന്നർഥം. ദൈവത്തോടുള്ള പ്രാർഥന ക്രിസ്തുവിന്റെ ജറുസലേം പ്രവേശനഘോഷയാത്രയിൽ തങ്ങളുടെ രക്ഷകനുള്ള ജയ് വിളികളായി മാറുകയായിരുന്നു. ഇസ്രായേൽ ജനം കാത്തിരുന്ന രക്ഷകനെ തിരിച്ചറിഞ്ഞ് എതിരേൽക്കുമ്പോൾ തങ്ങളുടെ പ്രാർഥനകൾ അവനുള്ള ആദരവും അംഗീകാരവും ആഘോഷവരവേൽപുമായി.ആവശ്യങ്ങളുടെ പട്ടികനിരത്തലുകൾ സമൃദ്ധമായ എന്റെ പ്രാർഥനകളിൽ,



ദൈവസ്തുതികളും കൃതജ്ഞതയും അവനുള്ള ആദരവും എത്രമേൽ ഉണ്ടാകും?

**പ്രവചനങ്ങളുടെ പൂർത്തീകരണം**

പ്രവാചക പ്രബോധനങ്ങളുടെ പൂർത്തീകരണ നിയോഗം ക്രിസ്തുവിന്റെ ജീവിതത്തിൽ ഉടനീളം കാണാം. ഓശാന വഴിയിലുമുണ്ട് അതിന്റെ ഓർമപ്പെടുത്തൽ. സിയോൻ പുത്രിയോടു പറയുക: ഇതാ നിന്റെ രാജാവ് വിനയാന്വിതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് നിന്റെ അടുത്തേക്കു വരുന്നു.

**ഏശയ്യാ പ്രവാചകൻ രാജാവ് എന്നതിനു രക്ഷ എന്നാണു പറഞ്ഞുവച്ചത്.**

'സിയോൻ പുത്രിയോടു പറയുക. ഇതാ നിന്റെ രക്ഷ വരുന്നു. ഇതാ, അവിടുത്തെ പ്രതിഫലം അവിടുത്തോടുകൂടെ. സമ്മാനം അവിടുത്തെ മുമ്പിലും. (ഏശയ്യാ-62.11). വിമോചനത്തിന്റെ സദ്വാർത്ത അറിയിക്കുന്ന ഘട്ടത്തിലാണു പ്രചാചകഗ്രന്ഥത്തിലെ രക്ഷകനെക്കുറിച്ചുള്ള ഈ വിചാരം വിവരിക്കുന്നത്. സുവിശേഷങ്ങളിലെ ഓശാനാവതരണങ്ങളിൽ മത്തായി സുവിശേഷകൻ മാത്രം കഴുതയ്ക്കൊപ്പം കഴുതക്കുട്ടിയെയും പരാമർശിക്കുന്നതു പഠനാർഹമാണ്. കഴുതപ്പുറത്തേറിയുള്ള വരവിനു സഖറിയായുടെ പുസ്തകത്തിലെ മുന്നാസ്വാദനവും ശ്രദ്ധേയം. 'സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസേലം പുത്രീ ആർപ്പുവിൽക്കുക. ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്കു വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത് കയറിവരുന്നു. (സഖ.9.9). ഓശാന ഞായറിലെ വായനകളിൽ മനോഹരമായ ഈ പ്രവാചക വാക്യങ്ങളും അനുസ്മരിക്കപ്പെടുന്നുണ്ട്. ജറുസലേം ദേവാലയത്തിൽ ക്രിസ്തുവിന് ഓശാനയും ആർപ്പുവിളികളും ഉയർത്തുന്ന കുട്ടികളെ കണ്ടു രോഷാകുലരാകുന്ന പ്രധാന പുരോഹിതന്മാരോടും നിയമജ്ഞരോടും ക്രിസ്തു പറയുന്നതിലുമുണ്ട്, മുമ്പേ പറയപ്പെട്ടവയുടെ പൂർത്തീകരണം. ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ നീ സ്തുതിയൊരുക്കി. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഓശാന ഘോഷത്തിൽ ജനക്കൂട്ടം വിളിച്ചുപറയുന്ന ഈ വരികളിലും സങ്കീർത്തനങ്ങളിലെ കടമെടുപ്പ് (118.25) കാണാം.

**ഒരുക്കം, യാത്ര**

ഓശാന ഒരുക്കം കൂടിയാണ്. നോമ്പിന്റെ പുണ്യത്തോടെ പീഡാനുഭവ വാരത്തിലേക്കുള്ള തീക്ഷ്ണമായ ഒരുക്കം. അനന്തരം സംഭവിക്കാനിരിക്കുന്ന സുപ്രധാന സംഭവങ്ങളെ അഭിമുഖീകരിക്കാനും തന്റെ തുടർച്ചയാകാനും ശിഷ്യരെയും, തനിക്കു ചുറ്റുമുള്ളവരെയെല്ലാം ഒരുക്കുന്ന തീർഥയാത്രാനുഭവം ഓശാനയിലുണ്ട്. ക്രിസ്തുവിന്റെ പീഡാനുഭവങ്ങളുടെ അനുസ്മരണ, ആചരണ ഒരുക്കങ്ങളിൽ യാത്രകൾക്കു വലിയ ഇടമുണ്ട്. നമ്മുടെ മലയാറ്റൂർ തീർഥാടനവും മറ്റു കുരിശുമലകളിലേക്കുള്ള പ്രാർഥനാ പ്രയാണങ്ങളുമെല്ലാം ഒരുക്കമാണല്ലോ. അവന്റെ കുരിശനുഭവങ്ങളുടെ സത്തയറിഞ്ഞു ധ്യാനിക്കാനുള്ള ഒരുക്കം. ഒരുക്കമുള്ള പീഡാനുഭവ യാത്രകളിൽ നിന്നാണു പ്രത്യാശയുള്ള ഉയിർപ്പുപുലരി പിറക്കുന്നത്.

**കുരുത്തോലപ്പൊരുത്തം**

ഓശാനപ്പുലരിയിൽ വികാരിയച്ചനിൽ നിന്നു കുരുത്തോല വാങ്ങി പ്രദക്ഷിണമായി പള്ളിയുടെ ആനവാതിൽ ലക്ഷ്യമാക്കിയുള്ള യാത്ര എത്രയോ ഹൃദ്യം. തങ്ങളുടെ കൈയിലെ കുരുത്തോലകളോടു കിന്നാരം പറഞ്ഞു, അതു പരസ്പരം കൂട്ടിമുട്ടിക്കുന്ന കുട്ടികൾ. കുരുത്തോലകളുടെ കൂടിച്ചേരലിൽ അവരുടെ മുഖത്തു വിടരുന്ന ചെറുപ്രസാദം. കുരുത്തോല തുമ്പുകൾ കൂട്ടിയിണക്കിയുള്ള കുരിശൊരുക്കലുകൾ. പ്രദക്ഷിണവഴിയിലും പള്ളിയിലും ലാവണ്യമുള്ള കാഴ്ചകൾ. കോവിഡ് കാലം നിർബന്ധിച്ച സാമൂഹ്യ അകലത്തേക്കാൾ, ആത്മീയതയുടെ ആഘോഷ, ആചരണ വഴികളിലും നമ്മൾ എന്തെന്നില്ലാത്ത അകലം പാലിക്കുന്നുണ്ടോ? ഒരുമിച്ചു പ്രാർഥിക്കാൻ, ഒരുമിച്ചു നീങ്ങാൻ, ഒരുമിച്ച് ആഘോഷിക്കാൻ കഴിയാത്തവിധം നമുക്കിടയിൽ അകലങ്ങൾ വർധിക്കുന്നുണ്ടോ? സഭയുടെ കൂട്ടായ്മയിലും ആത്മീയതയിലും അടുക്കാനാവാത്ത വിധമുള്ള അകലബലം പിടിക്കുന്നവർക്കു നേരെയും, കഴുതപ്പുറത്തേറി വന്നവന്റെ പുറത്താക്കൽ പ്രതീക്ഷിക്കണം. പൊരുത്തങ്ങളില്ലാതെ എന്തു പ്രാർഥനാലയം? എന്തു പ്രാർഥന? കൂടിച്ചേരലിന്റെ, സഹവർത്തിത്വത്തിന്റെ, പരസ്പരമുള്ള ഉൾക്കൊള്ളലുകളുടെ ക്രിസ്തീയത ഓശാനയുടെ വിചാരങ്ങളിലുണ്ടാവട്ടെ, നമ്മുടെ കുരുന്നുകൾ നിഷ്കളങ്കമനസോടെ കുരുത്തോലകളോടു കിന്നാരം പറഞ്ഞ് അതു കൂട്ടിയിണക്കും പോലെ, അപരന്റെ തോളോടും ഹൃദയത്തോടും ചേർന്നിരുന്നു ഓശാന പാടിയൊരുക്കാം; ക്രിസ്തീയതയുടെ കുരുത്തോലപ്പൊരുത്തം.

*കവിത*

# കുരിശു പറഞ്ഞത്...

കുരിശിന്റെ തണലിൽ ക്രൂശിതനെ
ധ്യാനിച്ചിരിക്കവേ
എന്റെ കണ്ണുകൾ കുരിശിൽ പതിഞ്ഞു.
ഒരുവേള ഞാൻ കുരിശുമരത്തോടു
ചോദിച്ചു –
'മരമേ, യേശുവെ താങ്ങിയ നിനക്കും
വേദനയുണ്ടോ?'
കുരിശുമരം മൗനമായ് മന്ത്രിച്ചു –
വേദനയോടവൻ പിടഞ്ഞപ്പോൾ
മുൾമുടിയെന്നിലും തറഞ്ഞു.
ആണികൾ തുളച്ചുകയറിയപ്പോൾ
എനിക്കും നൊന്തു. എന്നാൽ
അവൻ കുരിശെടുത്തതും മരിച്ചതും
നിനക്കു വേണ്ടിയെന്ന സത്യം
മറന്നുവോ?
എന്തേ നീയിപ്പോഴും വെറും
മനുഷ്യനായി തുടരുന്നു?
ഇതാണെന്റെ യഥാർത്ഥ വേദന,
ഇതുതന്നെയെന്റെ നിതാന്ത ദുഃഖവും!
എന്നാൽ
വെറും കഴുമരമായിരുന്ന ഞാൻ
വിശുദ്ധ കുരിശായി! എത്ര ധന്യമായ്
ജീവിതം!
വിശുദ്ധിയുടെ തീരം ഇനിയും നിനക്ക്
അകലെയാണോ?
ഓർമ്മകളുണ്ടാകണം –
പണ്ട് ഒരു തോട്ടമുണ്ടായിരുന്നെന്ന
സത്യം –
അവിടെ മനുഷ്യൻ പ്രസാദവരത്തിന്
കല്ലറ പണിതു.
അവിടെയും ഒരു മരമുണ്ടായിരുന്നു –
ജീവവൃക്ഷം!
എന്നാൽ മനുഷ്യൻ മരണം
തിരഞ്ഞെടുത്തു!
അരിമത്തിയക്കാരൻ ജോസഫിന് ഒരു
തോട്ടമുണ്ടായിരുന്നു.
തോട്ടത്തിൽ ഒരു കല്ലറ
പണിതിട്ടുണ്ടായിരുന്നു.
ആ കല്ലറ ജീവനെ പ്രസവിച്ചു!
മനുഷ്യനേത്രങ്ങൾക്ക് കല്ലറ
ശൂന്യമായിരുന്നു. എന്നാൽ
അതിൽ ഉത്ഥാന വെട്ടം നിറഞ്ഞിരുന്നു.
മരണം ജനനമായി മാറി.
കല്ലറ ജീവന്റെ ഉറവയായി!
യേശു മരണത്തെ ജയിച്ചിരുന്നു!
കുരിശുമരം വീണ്ടും പറഞ്ഞു –
അവൻ കുരിശെടുത്തതും മരിച്ചതും
ഉയിർത്തതും നിനക്കുവേണ്ടിയെന്ന
സത്യം നീയോർക്കണം, നിത്യം
പുണ്യവഴിയിൽ നടക്കാൻ തുടങ്ങണം
ജനനമരണങ്ങൾക്കിടയിൽ യാത്രയിൽ
നിത്യജീവൻ ലക്ഷ്യമാകണം നിശ്ചയം!



**ഫാ. എബിജിൻ അറയ്ക്കൽ**





**ഡോ. മാർട്ടിൻ ശങ്കൂരിക്കൽ**

ജർമ്മനിയിലെ റോസൻബർഗ് ഇടവകയിൽ വളരെക്കാലം ശുശ്രൂഷ ചെയ്ത അതുല്യനായ പെയിന്ററും ശില്പിയുമാണ് ഫാ. സീഗർ ക്യോഡർയ വിഖ്യാതമായ ധാരാളം ചിത്രങ്ങളും ശില്പങ്ങളും രചിച്ച അദ്ദേഹത്തിന്റെ "കുരിശിന്റെ വഴി" വളരെ പ്രസിദ്ധമാണ്. സാധാരണ കുരിശിന്റെ വഴി 14 സ്ഥലങ്ങൾ മാത്രമുള്ളപ്പോൾ ഫാ. സീഗർ ക്യോഡർ വരച്ച കുരിശിന്റെ വഴിയിൽ 15 സ്ഥലങ്ങളുണ്ട്. പതിനഞ്ചാമത്തെ സ്ഥലം ക്രിസ്തുവിന്റെ ഉയിർപ്പാണ്. അതിന് കാരണമായി അദ്ദേഹം പറയും: "കുരിശിന്റെ വഴി സമാപിക്കേണ്ടത് ഉയിർപ്പിലാണ്." അതുകൊണ്ടുതന്നെയാണ് "തിരുനാളുകളുടെ തിരുനാൾ" എന്ന പേര് നൽകി ഉയിർപ്പ് തിരുനാൾ സഭയിലെ ഏറ്റവും വലിയ തിരുനാളായി ആഘോഷിക്കുന്നത്.

ഉയിർത്തെഴുന്നേറ്റ കർത്താവ് മഗ്ദലേന മറിയത്തോട് ചോദിക്കുന്ന ചോദ്യം സർവകാല പ്രസക്തമാണ്: "നീ എന്തിനാണ് കരയുന്നത്?" (യോഹ. 20:15) എല്ലാ കണ്ണുനീരും സന്തോഷക്കണ്ണീരാകുന്ന ദിവസമല്ലേ ഈസ്റ്റർ! സെന്റ് അഗസ്റ്റിൻ എഴുതിയതു പോലെ "*We are Easter people; Our song is Hallelujah*." നമ്മൾ ഉത്ഥാനത്തിന്റെ ജനതയാണ്, നമ്മുടെ ഗാനം ഹല്ലേലൂയ ആണ്. അതിനാൽത്തന്നെ ഉയിർത്തെഴുന്നേറ്റ ക്രിസ്തു പറയും "ഭയപ്പെടേണ്ട." അന്യരെ

# ഉയിർപ്പിന്റെ മുറിവുകൾ അഥവാ മുറിയുന്നവന്റെ ഉയിർപ്പുകൾ

ഭയപ്പെടുത്താതെ സമാധാനം നൽകുന്ന എല്ലാവരും ഉത്ഥിതരാണ്. അവരുടെ പാട്ടാണ് ഹല്ലേലൂയ.

**ഉയിർപ്പിന്റെ മുറിവുകൾ അഥവാ മുറിയുന്നവന്റെ ഉയിർപ്പുകൾ**

ക്രിസ്തുവിന്റെ ഉയിർപ്പിൽ ശിഷ്യർ വിശ്വസിക്കുന്നത് ഉത്ഥിതന്റെ മുറിവുകൾ കാണുമ്പോഴാണ്. മുറിവുകളേറ്റെടുക്കുന്നവർക്കല്ലേ ഉയിർക്കാനുള്ള അവകാശമുള്ളൂ? അഴുകാത്ത ഗോതമ്പ് മണിക്കുണ്ടോ നൂറു മേനിയുടെ ഉയിർപ്പിന്റെ അവകാശം? തുളയപ്പെടാത്ത മുളന്തണ്ടുകൾക്കുണ്ടോ ഉയിർപ്പിന്റെ മധുരസംഗീതം പുറപ്പെടുവിക്കാനുള്ള അവകാശം?

ഈസ്റ്റർ നമുക്ക് തരുന്ന ധ്യാനചിന്ത ഇതാണ്: എത്രപേരുടെ ഉയിർപ്പിന് ഞാൻ കാരണമായി? ഞാനേറ്റെടുത്ത മുറിവുകൾ എത്രപേരെ മരണഗുഹകളിൽ നിന്ന് പുറത്തെത്തിച്ചു? അപരന്റെ ജീവിതത്തിന്റെ ദുഃഖവെള്ളികളിൽ അവന്റെ കുരിശിന്റെ ചുവട്ടിൽ മരിയ-യോഹന്നാൻ സാന്നിധ്യമാകുമ്പോഴല്ലേ അവന്റെ ഉയിർപ്പിന് നമ്മൾ കാരണഭൂതരാകുന്നത്? ഒപ്പം, നമ്മുടെ ഉയിർപ്പിന് കാരണമായ സകല മനുഷ്യരേയും നന്ദിയോടെ ഓർക്കാനുള്ള ദിവസം കൂടിയാണ് ഉയിർപ്പ്. മരണത്താഴ്‌വരകളിൽ നിന്ന് നമ്മെ മോചിപ്പിച്ചവരുടെ മുറിവുകളിൽ തൊട്ട് "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന് വിളിച്ച് നന്ദിയോടെ ചേർത്തു നിർത്താനുള്ള ദിവസം കൂടിയാണ് ഈസ്റ്റർ. ഉയിർത്തവർക്കല്ലേ ഉയിർപ്പിക്കാൻ പറ്റൂ!



**ദൈവത്തിന്റെ ഉത്തരമാണ് ഉയിർപ്പ്**

ദൈവത്തിന്റെ ഉത്തരമാണ് ഉയിർപ്പ്. എങ്കിൽ ചോദ്യമെന്തായിരുന്നു? "നീ എവിടെയാണ്" എന്ന് ആദത്തോട് ചോദിച്ച ആദ്യത്തെ ചോദ്യമാണ് എല്ലാ ചോദ്യങ്ങളുടെയും മാതാവ്! "നീ എവിടെയാണ്" എന്ന ചോദ്യം "നീ എവിടെ ആയിരിക്കേണ്ടവനാണ്" എന്ന ഉത്തരത്തിലേക്കാണ് നമ്മെ നയിക്കുന്നത്. ആയിരിക്കുന്ന ഇടവും ആയിരിക്കേണ്ട ഇടവും തമ്മിലുള്ള അന്തരമല്ലേ ഉയിർപ്പിനുള്ള പ്രചോദനഹേതു.

എല്ലായിടത്തും സ്വതന്ത്രരായി ജനിക്കുന്ന മനുഷ്യന്റെ കൈകളിൽ വിലങ്ങണിയിക്കുന്നതാരെന്ന ദൈവത്തിന്റെ ചോദ്യമാണ് ഉയിർപ്പുകളിലേക്കുള്ള പ്രചോദനഹേതു. മനുഷ്യരുണ്ടാക്കുന്ന കല്ലറകളിൽ നിശബ്ദരാക്കപ്പെടുന്ന ലാസറുമാരെ പുറത്തെത്തിച്ച് പടച്ചവൻ പറയും: "അവന്റെ കെട്ടുകളഴിക്കൂ, അവൻ പോകട്ടെ." അതേ, ഉയിർപ്പുക്കുന്നവരുടെ യാത്രകൾ സ്വാതന്ത്ര്യത്തിലേക്കാണ്.

'നീ എവിടെ നിന്നാണ്?" (യോഹ. 19:9) എന്ന പീലാത്തോസിന്റെ ചോദ്യത്തിനുള്ള ക്രിസ്തുവിന്റെ ഉത്തരമാണ് ഉയിർപ്പ്. നീതിമാനെപ്രതി സ്വപ്നത്തിൽ മനസ്സ് വേദനിച്ച ക്ലോഡിയായുടെ ഭർത്താവായ പീലാത്തോസിന് അവൻ തച്ചന്റെ മകനായ വെറും ജാലവിദ്യക്കാരൻ മാത്രം! പ്രപഞ്ച നിർമ്മാതാവായ പെരുന്തച്ചന്റെ കയ്യിലെ ഉളിയും കൊട്ടുവടിയും കാണാത്ത പീലാത്തോസ് വീണ്ടും ചോദിക്കും: "നീ എവിടെ നിന്നാണ്?'

**നീ എവിടെനിന്നാണ്?**

"നീ എവിടെ നിന്നാണ്?" എന്ന വിചാരണവേളയിലെ പന്തിയോസ് പീലാത്തോസിന്റെ ചോദ്യം ക്രിസ്തു പൂരിപ്പിക്കുന്നത് തന്റെ ഉയിർപ്പുകൊണ്ടാണ്. താൻ വന്നിടത്തേക്കു തന്നെ തിരിച്ചുപോകുന്നു എന്ന ഒന്നൊന്നര ഉത്തരം. ക്രൈസ്തവികതയ്ക്ക് ഒരാമുഖം (*Introduction to Christianity*) എന്ന തന്റെ വിഖ്യാത ഗ്രന്ഥത്തിൽ കാർഡിനൽ ജോസഫ് റാറ്റ്സിംഗർ അഥവാ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ക്രിസ്തുവിന്റെ ഉയിർപ്പിനെ പരിണാമത്തിന്റെ തന്നെ ഏറ്റവും ഉയർന്ന തലമായി അവതരിപ്പിക്കുന്നുണ്ട്. ഫ്രഞ്ച് ദാർശനികനായ തെയ്യാർദ് ഷർദാന്റെ പദാവലിയെ കൂട്ടുപിടിച്ച് ബെനഡിക്ട് പാപ്പാ ഉത്ഥാനത്തെ മനുഷ്യപരിണാമത്തിന്റെ പരിധികളെയും പരിമിതികളെയും മറികടക്കുന്ന അതിഭൗതിക യാഥാർത്ഥ്യമായി അവതരിപ്പിക്കുകയാണ്. മരണത്തിന്റെ വേലിക്കെട്ടുകൾ അതിർത്തി തീർക്കുന്ന ജൈവിക

മേഖലയ്ക്കപ്പുറത്ത് ആത്മാവിന്റെ സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും മേഖലയിലേക്ക് ഒരു ഉയിർപ്പ്! ഗരിസിം മലയിലോ ജെറുസലേമിലോ അല്ലാതെ ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നതിന്റെ ആദ്യപടിയായ ഉയിർപ്പ്! കാരണം ക്രിസ്തു വരുന്നത് അരൂപിയുടെ ആ ഉയർന്ന തലത്തിൽ നിന്നുമാണ്.

നീതിമാൻ എവിടെനിന്നു വന്നു എന്നറിഞ്ഞ് സ്വപ്നത്തിൽ അവനെക്കുറിച്ച് വ്യാകുലപ്പെട്ട ക്ലോഡിയ അഥവാ പ്രോക്കുള എന്ന പീലാത്തോസിന്റെ ഭാര്യ ഇന്ന് കിഴക്കൻ സഭകളിലെ രൂപക്കൂടുകളിൽ വണങ്ങപ്പെടുമ്പോൾ ഗാളിലേക്ക് നാടുകടത്തപ്പെട്ട് അവിടെവച്ച് ആത്മഹത്യ ചെയ്തെന്ന് പറയപ്പെടുന്ന പീലാത്തോസ് വീണ്ടും വീണ്ടും കൈകഴുകി ഷേക്സ്പിയറിന്റെ മാക്ബത്തിന്റെ ഡയലോഗ് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. "സപ്തസാഗരങ്ങളിലെ ജലം മുഴുവനും ഉപയോഗിച്ചു കഴുകിയാലും എന്റെ കൈകളിലെ രക്തക്കറ മായുന്നില്ല." നീതിമാന്റെ രക്തം ചിന്തുന്നവർക്ക് വിധിച്ചിരിക്കുന്നത് മുപ്പത് വെള്ളിക്കാശിന്റെ അക്കൽദാമകളാണ്!

**അനശ്വരത ആരംഭിക്കുന്നത് സ്നേഹത്തിൽനിന്നാണ്**

ഉയിർപ്പ് വിചിന്തനത്തിൽ *(Introduction to Christianity)* ബെനഡിക്ട് പാപ്പ എഴുതുന്ന അർത്ഥവത്തായ ഒരു വരിയുണ്ട്: "*Immortality always proceeds from Love*" അനശ്വരത ആരംഭിക്കുന്നത് സ്നേഹത്തിൽ നിന്നാണ്. അർപ്പിക്കപ്പെടുന്നതേ അനശ്വരമാകൂ. കാൽവരിയിലെ അർപ്പണത്തെയല്ലേ ഉത്ഥാനത്തിന്റെ മഹിമയിലൂടെ ദൈവം അനശ്വരമാക്കിയത്? കൊടുത്തുകൊണ്ടു പോകുന്ന മഹാബലികൾക്കല്ലേ അനശ്വരതയുടെ മാർബിൾ ഫലകങ്ങളിൽ ശാശ്വത സ്മരണയുള്ളൂ? സ്നേഹത്തിന്റെ ഉയിർപ്പ് നമ്മെ നിർബന്ധിക്കുന്നുണ്ട്: "അർപ്പിക്കപ്പെട്ട് അനശ്വരരാകാൻ."

**ഉയിർപ്പ് അവശേഷിപ്പിക്കുന്നത് ശുശ്രൂഷയും ബലിജീവിതവുമാണ്**

ക്രിസ്തു ഉയിർത്തെഴുന്നേറ്റ കല്ലറയിൽ അവശേഷിപ്പിച്ചു പോയത് ഒരു കച്ചയാണ് (യോഹ 20:5). ഈ കച്ച പ്രതീകാത്മകമായ അർത്ഥതലങ്ങൾ ഉള്ളതാണ്. പെസഹാദിവസം അവൻ മേലങ്കി മാറ്റി കച്ച ചുറ്റി ശിഷ്യരുടെ കാൽ കഴുകി എന്ന് വായിക്കുമ്പോൾ നമ്മൾ തിരിച്ചറിയുന്നു ഈ ക്ച ശുശ്രൂഷയുടേതാണെന്ന്. കച്ച കല്ലറയിൽ ഭദ്രമായി മടക്കി വച്ചിരിക്കുന്നു എന്ന് സുവിശേഷത്തിൽ വായിക്കുമ്പോൾ നമ്മൾ തിരിച്ചറിയേണ്ട സത്യമിതാണ്: ഉയിർത്തെഴുന്നേറ്റ ക്രിസ്തു നമുക്കായി അവശേഷിപ്പിച്ചത് കച്ചയുടെ ശുശ്രൂഷയാണ്. നമുക്ക് മേൽക്കോയ്മയുടെ മേലങ്കികൾ മാറ്റിത്തുടങ്ങാം; നിലത്തിരുന്ന് കാൽ കഴുകിത്തുടങ്ങാം.

ശുശ്രൂഷയുടെ കച്ച ചുറ്റാനുള്ള ഏറ്റവും നല്ല സ്ഥലം ബലിപീഠമാണ്. ജീവിതത്തിൽ നിരാശയുടെ മൂടുപടങ്ങൾ ഉയർന്നപ്പോൾ മഗ്ദലന മറിയം പോയത് കർത്താവിന്റെ കബറിടത്തിലേക്കാണ്. ഇന്നും ജീവിതത്തിന്റെ വാതിൽ അടഞ്ഞെന്നു തോന്നുമ്പോൾ നമ്മൾ പോകേണ്ടത് ബലിപീഠത്തിലേക്കാണ്. കർത്താവിന്റെ കബറിടത്തിലേക്കാണ്. വിശുദ്ധീകരണത്തിന്റെ ബലിപീഠമേ സ്വസ്തി, നമ്മുടെ കർത്താവിന്റെ കബറിടമേ സ്വസ്തി എന്നു പറഞ്ഞ് ജീവിതത്തിനുവേണ്ട ഊർജ്ജം സ്വീകരിച്ച് തിരിച്ചുപോരേണ്ട ഇടം ദേവാലയമാണ്. വിശുദ്ധ ബലിപീഠമാണ്, വിശുദ്ധ കുർബാനയാണ്. ബലിപീഠത്തിൽനിന്ന് മടങ്ങിവരുമ്പോൾ നമുക്ക് ക്രിസ്തു അവശേഷിപ്പിച്ചു പോയ ശുശ്രൂഷയുടെ കച്ച ചുറ്റാം. അപ്പോൾ നമ്മളും ഉത്ഥിതരാകും. അനേകരുടെ ജീവന്റെ ഉയിർപ്പിന് കാരണമാവുകയും ചെയ്യും. ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മോടും ചോദിക്കുന്നുണ്ട്: "നീ എന്തിനാണ് കരയുന്നത്?" സെന്റ് അഗസ്റ്റിൻ എഴുതിയതുപോലെ

*"We are Easter people;
Our song is Hallelujah."*



**അഭിലാഷ് ഫ്രേസർ**

2001 ലെ ക്രിസ്മസ്. പാതിരാ കുർബാനയും പ്രഭാത ബലിയും കഴിഞ്ഞ് ആളൊഴിഞ്ഞ തമ്മനം സെന്റ് ജോൺ ബാപ്റ്റിസ്റ്റ് പള്ളിയിൽ ഞാൻ നെഞ്ചിലെ ഭാരത്തോടെ ഏകാകിയായി നിന്നു. താഴെ പുൽക്കൂട്ടിൽ ഉണ്ണിയേശു. അൾത്താരയ്ക്ക് മുകളിൽ കുരിശിലെ ക്രിസ്തു. ജനിമൃതികൾക്കിടയിലൊരു നിമിഷം! രണ്ട് വൃക്കകളും ഏതാണ്ട് പൂർണമായും തകരാറിലായി, സെമിനാരി വിട്ട് തുടർ ചികിത്സയ്ക്കായി വീട്ടിലേക്ക് പോരേണ്ടി വന്ന കാലം. ഇതാവുമോ എന്റെ അവസാനത്തെ ക്രിസ്മസ്? എന്ന ചിന്തയോടൊപ്പം ഉള്ളിലും കണ്ണിലും നീർപൊടിഞ്ഞു.

ആശുപത്രികൾ തോറും അശരണമായ അലച്ചിലുകളുടെ കാലമായിരുന്നു അത്. ഒരൗഷധവും എന്റെ രോഗത്തെ ശമിപ്പിച്ചില്ല. ക്രോണിക്ക് കിഡ്നി ഫെയ്ലിയറിന് മരുന്നില്ലല്ലോ! രുചിയില്ലാത്ത തുച്ഛമായ ഭക്ഷണങ്ങളാൽ, ജീവൻ മാത്രം നിലനിന്നു. കയ്ക്കുന്ന പലവിധ മരുന്നുകൾ പലവട്ടം ഒക്കാനിച്ചു. കിടന്ന പല ചികിത്സാലയങ്ങളിൽ അടുത്ത് കിടന്നിരുന്ന പലരും മരണത്തിലേക്ക് ആണ്ടുപോയി. ചിലർ ചികിത്സാഭാരങ്ങളാൽ മനസ്സുമടുത്ത് സ്വന്തം ജീവനെടുത്തു.

ഗാനങ്ങളായിരുന്നു അന്ന് പ്രത്യാശ പകർന്നത്. പ്രത്യാശ പകരുന്ന ശാന്തി ഗീതകങ്ങൾ. കേട്ട് കേട്ടങ്ങനെ കിടന്നു. ആ നാളുകളിൽ ക്രിസ്തു സംസാരിച്ചത് ദസ്തയേവ്സ്കിയുടെ രൂപത്തിലായിരുന്നു. കുറ്റവും ശിക്ഷയുമെന്ന

# ഈസ്റ്റർ, എന്റെ പ്രാണന്റെ സംഗീതം!

ഇതിഹാസം. കൊലപാതകിയായ റസ്കോൾ നിക്കോഫിനോട് ജീവിതദുരിതം കൊണ്ടു മാത്രം ഗണികയാകേണ്ടി വന്ന, മാലാഖ തുല്യമായ മനസ്സുള്ളവളായിരുന്ന സോണിയ പറയുന്നു, ബൈബിളെടുത്ത് വായിക്കാൻ. വായിച്ചതാകട്ടെ, ക്രിസ്തു ലാസറിനെ ഉയർപ്പിക്കുന്ന ഭാഗം. 'ഞാനാകുന്നു പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും!' എന്ന ഭാഗം റസ്കോൾ നിക്കോഫിനൊപ്പം ഞാനും വായിച്ചപ്പോൾ അക്ഷരാർത്ഥത്തിൽ തീ പടരുന്നത് ഞാനറിഞ്ഞു. ലാസർ! എന്നൊരു വിളി ഞാൻ കേട്ടു, ആത്മാവിന്നഗാധതയിൽ നിന്ന്!

പിന്നീട് എന്റെ ദിനരാത്രങ്ങളിൽ ഈ വചനം അഗ്നിസ്തംഭമായി. കാണുന്നിടത്തെല്ലാം ഞാനത് കുറിച്ചുവച്ചു – ഞാനാകുന്നു, പുനരുദ്ധാനവും ജീവനും! ഡയറിയിൽ, കടലാസു കഷണ ങ്ങളിൽ. നോട്ടു ബുക്കുകളിൽ... ആ വാക്കിലാണ് ഞാൻ ജീവിച്ചത്. ആ വാക്കാണ് ഞാൻ ശ്വസിച്ചത്! ജീവിതത്തിന്റെ പെരുംകടലിലിൽ, പെരുമഴയിൽ ആ തിരുവചനം എന്റെ ലൈഫ് ബോട്ടായി!

2002. മഴ കനത്ത ജൂൺ മാസം. ഒൻപതാം തവണയും ഛർദിച്ചു കഴിഞ്ഞപ്പോൾ ബാക്കി വന്നത് രക്തം. പിറ്റേന്ന് നടക്കേണ്ട അയൽക്കാരിയുടെ വിവാഹത്തിനൊരുക്കിയിട്ട കാറിൽ പാതിരാത്രി ലൂർദ് ആശുപത്രിയിലെത്തുമ്പോൾ പുരാതന വിധിതീർപ്പുകൾ കുറിച്ചിട്ട ഒരാളെ പോലെ, ഞാൻ ജീവൻ വാർന്നു കിടന്നു.



അഗതികളായ ഒരപ്പനും അമ്മയും എന്തു ചെയ്യണമെന്നറി യാതെ നോക്കി നിൽക്കേ ഐ സിയുവിൽ ദൈവമയച്ചതു പോലെ ഒരതിഥിയെത്തി. വരാപ്പുഴയുടെ മുൻ മെത്രാപ്പോലീത്ത ഡാനിയേൽ അച്ചാരുപറമ്പിൽ. വിശേഷപ്പെട്ട ഏതോ ജീവൻ എന്ന തെറ്റിദ്ധരിച്ച് പാവം നഴ്സുമാർ ഉഷാറായി. നെഫ്രോളജിസ്റ്റ് ഓടിയെത്തി. ആയുസ്സിന്റെ നൂൽപാലത്തിൽ വീശുന്ന ഏതു കാറ്റും ജീവനെടുക്കാം. നിരന്തര ഡയാലിസിസിനു കുറിക്കുമ്പോൾ, ഒരു ഭാഗ്യപരീക്ഷണം എന്നതില പ്പുറം മറ്റൊന്നും ഡോ. മാണി കരുതിയിരുന്നില്ല. സന്ദർശകരെ പ്രവേശിപ്പിക്കാത്ത മുറിയിൽ ഇടയ്ക്കു വന്നുപോയിരുന്ന തൂപ്പുകാരി സ്ത്രീകളും പരസ്പരം അടക്കം പറഞ്ഞത്, ഇയാൾ ഇനി എത്ര നാൾ എന്ന്...

മരണം ധ്യാനമായത് ആ കിടക്കയിലാണ്. നിങ്ങളണിയുന്ന കിരീടങ്ങൾക്ക് വയ്ക്കോലിന്റെ വിലയേയുള്ളൂ. നിങ്ങളുടെ പിടിവാശികളും താൻപോരിമയും മേൽക്കോയ്മകളും ഒരു ചെറുകാറ്റിൽ പറന്നു പോകുന്ന പതിരു പോലെ. കാട്ടിക്കൂട്ടുന്ന വിഡ്ഢിത്തങ്ങളെയോർത്ത് സൗമ്യമായി ഉള്ളുതുറന്ന് ചിരിക്കാം.

എന്തൊക്കെ പറഞ്ഞാലും മരണഭയം പോലെ ഒന്ന് മനുഷ്യന് അനുഭവിക്കാനില്ല. അജ്ഞാതം എന്ന വാക്ക് നിങ്ങളുടെ മുന്നിൽ ഒരു മഹാമേരു പോലെ വളർന്നുനിൽക്കും. അജ്ഞാതവും അനന്തവുമായ ഇരുൾ. അതിനെയാണ് നാം ഭയക്കുന്നത്. അതിനെ ജയിച്ചാൽ നിങ്ങൾ ക്രിസ്തുവായി, ക്രിസ്തുവിനോടൊപ്പമായി...

ഉയിർത്തെഴുന്നേൽപു പോലെ പ്രകാശപൂർണമായ മറ്റൊരു വാക്കില്ല എന്നു നിങ്ങൾ തിരിച്ചറിയുന്നത് ഈ മരണഭീതിയിലൂടെ തുടർച്ചയായി കടന്നുപോയ്ക്കഴിയുമ്പോളാണ്. അജ്ഞാതമായ ആ മഹാ ഇരുളിൽ നിന്ന് ഒരാൾ പ്രകാശധാര പോലെ നടന്നു വരുന്നു. അനാദികാലം മുതൽക്കേ പ്രഹേളികയായിരുന്ന

മരണം എന്ന ഇരുണ്ട മുറി പൊടുന്നനെ പ്രകാശമാന മാകുന്നു. ഇത് കേവലം ഒരു വിശ്വാസത്തിന്റെ മാത്രം പ്രശ്നമല്ല. ഒരു അനുഭവത്തിന്റെ പേരാണ്. ഒരാൾ, നമുക്ക് മുമ്പേ പോയി എന്ന അറിവ് ആ അജ്ഞാതത്വത്തിന്റെ മഞ്ഞുമലയെ തകർക്കുന്നു.

ജീവനും മരണത്തിനു മിടയിലെ ആ നനുത്ത പാടയുടെ മറുവശത്ത് ഒരാൾ നിൽക്കുന്നു എന്ന അറിവു പോലെ മനസ്സിനെ ശാന്തമാക്കുന്ന മറ്റൊന്നില്ല. ഞാൻ ഒരു ദർശനത്തിലും ക്രിസ്തുവിനെ കണ്ടിട്ടില്ല. പക്ഷേ, എന്റെ മടക്കയാത്രയിൽ ശ്വാസം പോലെ യാഥാർത്ഥ്യമായിരുന്നത് ക്രിസ്തുവായിരുന്നു. അത് ഒരു അദ്ഭുതം പോലെയല്ല, പൂ വിരിയും പോലെ, ഇളംകാറ്റ് വീശുന്നതു പോലെ അത്ര സ്വാഭാവികമായിരുന്നു. അത്ര സാവധാനമായിരുന്നു. പ്രകൃതിയുടെ ക്രമം തെറ്റാതെ, മൃദുവായി...

ഈസ്റ്റർ പോലെ പ്രകാശമുള്ള ഒരു ദിനം വേറെയെന്തുണ്ട്? വേർപാടാണ് മനുഷ്യന്റെ ഏറ്റവും വലിയ വേദനയെങ്കിൽ, വീണ്ടും പ്രിയപ്പെട്ടവരെ കണ്ടുമുട്ടുമെന്ന ഒരു പ്രതീക്ഷ പോലെ മനസ്സിനു ശാന്തി തരാൻ എന്തിനുകഴിയും? ഒരു വർഷം നീണ്ടു നിന്ന എന്റെ ഡയാലിസിസ് കാലത്ത് എന്റെ ജീവിതത്തിന്റെ സംഗീതം വീണ്ടെടുത്തു തന്ന ശക്തിയുടെ പേരാണ് ഈസ്റ്റർ. നേരെ ചൊവ്വേ എഴുന്നേറ്റു നിൽക്കാൻ കഴിയാത്ത ഈ മനുഷ്യനെ കൊണ്ട് ഇനിയെന്ത് എന്തു ചെയ്യാനാകും എന്നു സംശയിച്ചവരുടെ നടുവിൽ ശിരസ്സുയർത്തി നിൽക്കാൻ നെഞ്ചിലൊരു അഗ്നി പടർത്തിയ തേജസ്സിന്റെ പേരാണ് എനിക്ക് ഈസ്റ്റർ. പ്രാണനെ ഉലയ്ക്കുന്ന ഓരോ ഇരുണ്ട രാത്രിക്കു ശേഷവും കല്ലറ തുറന്നെഴുന്നേൽക്കുന്ന ജീവചൈതന്യത്തിന്റെ പേരാണ് എനിക്ക് ഈസ്റ്റർ!

*എല്ലാവർക്കും ഹൃദയം നിറഞ്ഞ ഈസ്റ്റർ ആശംസകൾ!*

# അവൻ മരിച്ചു. അനന്തരം...



**ഷിന്റോ മറയൂർ**

അവർ പത്തു പേരുണ്ടായിരുന്നു. തങ്ങളെ തേടി ശത്രുക്കൾ വരുമെന്ന് അവർ ഭയന്നു. അതുകൊണ്ട് രാവ് ഇരുണ്ടു കയറിയിട്ടും അവർ വിളക്കു തെളിച്ചില്ല. തമ്മിൽ ആശ്വസിപ്പിക്കാൻ കഴിയാത്തവിധം അവർ നിസ്സഹായരായിരുന്നു. പുറത്തിറങ്ങാൻ ധൈര്യമുണ്ടായിരുന്നില്ല. രാത്രിയുടെ ഇരുട്ടിൽ അവർ സ്വയം ഒളിപ്പിച്ചു.

പെട്ടെന്ന് അവൻ അവരുടെ മുമ്പിൽ വന്നു. ഹൃദയം നിലച്ചതായി അവർക്കു തോന്നി. 'നിങ്ങൾക്ക് സമാധാനം,' അവൻ പറഞ്ഞു. മറിയം പറഞ്ഞിരുന്നതു പോലെ അവൻ ജീവിച്ചിരിക്കുന്നു! അവരത് വിശ്വസിച്ചിരുന്നില്ല. പക്ഷേ, ഇപ്പോൾ കണ്ണാലെ കണ്ടു. അവരുടെയുള്ളിൽ ആഹ്ളാദം നുരഞ്ഞു. പക്ഷേ, കുറ്റബോധം നീറ്റി. അവർ തലതാഴ്ത്തി. ആർക്കും നിരപരാധിത്വം അവകാശപ്പെടാൻ കഴിയുമായിരുന്നില്ലല്ലോ.

എന്തു പറയണമെന്ന് അവർക്കറിയില്ലായിരുന്നു. പത്രോസിന് പിടിച്ചുനില്ക്കാൻ കഴിഞ്ഞില്ല. അയാൾ വിതുമ്പിക്കൊണ്ടു പുലമ്പി. 'കർത്താവേ... നിന്റെ മുമ്പിൽ നില്ക്കാൻ എനിക്കു യോഗ്യതയില്ല. നിന്നോടൊപ്പം മരിക്കുമെന്ന് ഞാൻ പറഞ്ഞു. പക്ഷേ, ഞാൻ നിന്നെ തള്ളിപ്പറഞ്ഞു... മൂന്നു പ്രാവശ്യം.' അയാൾ ഏങ്ങലടിച്ചു.

യേശു അടുത്തേക്ക് ചെന്നു, അലിവോടെ കണ്ണിലേക്കു നോക്കി. 'പത്രോസേ, നീ തള്ളിപ്പറയുമ്പോൾ ഞാൻ നിന്നെ കാണുന്നുണ്ടായിരുന്നു. നീ വല്ലാതെ ഭയപ്പെട്ടിരുന്നു. പക്ഷേ, അപ്പോഴും നീയെന്നെ സ്നേഹിച്ചിരുന്നു. കോഴി കൂവിയപ്പോൾ നിന്നെ കരയിച്ചത് സ്നേഹമായിരുന്നു. ഇപ്പോഴിതാ, നിന്നെ ഇവിടെ കൊണ്ടുവന്നതും സ്നേഹമാണ്.' അവൻ മുറിവേറ്റ കൈ സൗമ്യമായി, പത്രോസിന്റെ തോളിൽ വച്ചുകൊണ്ട് പറഞ്ഞു, 'എന്റെ ആടുകളെ മേയ്ക്കുക.' അപ്പോൾ അയാളുടെ കണ്ണ് തുളുമ്പി. കുറ്റബോധം പെയ്തുതോർന്നു.

'കർത്താവേ, ഞാൻ അവിടെ ഉണ്ടായിരുന്നു... പക്ഷേ, നിനക്കു വേണ്ടി ഒന്നും ചെയ്യാൻ എനിക്കു കഴിഞ്ഞില്ല. ഞാൻ നിസ്സഹായനായിരുന്നു.' യേശു ആർദ്രതയോടെ പുഞ്ചിരിച്ചു. 'ജോൺ, വേദന ഇല്ലാതാക്കാൻ സ്നേഹത്തിന് എപ്പോഴും കഴിഞ്ഞെന്നു വരില്ല. പക്ഷേ, കൂട്ടിരിക്കാൻ കഴിയും, നീ അതു ചെയ്തല്ലോ. എന്റെ അമ്മയെ നിന്റെ സ്വന്തമായി നീ സ്വീകരിച്ചു. അതെന്നെ ആശ്വസിപ്പിച്ചു.'

'പക്ഷേ, ഞങ്ങൾ... ഓടിയൊളിച്ചല്ലോ! നിന്നെ തനിച്ചാക്കിയല്ലോ! യാക്കോബ് സങ്കടപ്പെട്ടു.' 'കുഞ്ഞുങ്ങളേ, നിങ്ങൾ ഇന്നലത്തെ നിങ്ങളുടെ വീഴ്ചകളല്ല, നാളെ നിങ്ങൾ ചെയ്യാനിരിക്കുന്ന മഹത്തായ കാര്യങ്ങളാണ് എന്റെ കണ്ണിലുള്ളത്. അതിനുവേണ്ടിയാണല്ലോ നിങ്ങളെ തിരഞ്ഞെടുത്തത്. അതുകൊണ്ട്, കഴിഞ്ഞ കാര്യങ്ങളെയോർത്ത് നിങ്ങളിനിയും ഭാരപ്പെടണ്ട. കുറ്റബോധം, പിശാചിനു പ്രവേശിക്കാനുള്ള വാതിലാണ്.'

'ഈ അപമാനവും വേദനയും ഒറ്റപ്പെടലുമൊക്കെ എങ്ങനെയാണ് അങ്ങേക്കു സഹിക്കാ നായത്?' മത്തായി അനുകമ്പയോടെ ചോദിച്ചു. 'സ്നേഹത്തിന് അതിനു കഴിയും മത്തായി. ആ വേദനകൾക്കപ്പുറം

സംഭവിക്കുന്ന രക്ഷയുടെ മഹത്വം ഞാനറിഞ്ഞിരുന്നു. പിന്നെ, ഞാനൊറ്റയ്ക്കായിരുന്നില്ല. പിതാവിന്റെ സ്നേഹം എന്നെ പൊതിഞ്ഞിരുന്നു.'

'ഗുരോ, അങ്ങെന്തിനാണ് മരണം തിരഞ്ഞെടുത്തത്? മറ്റൊരു വഴിയും ഉണ്ടായിരുന്നില്ലേ?' ദുഃഖം പടർന്ന മുഖത്തോടെ അന്ത്രയോസ് ചോദിച്ചു. യേശു അവനെ കരുണയോടെ നോക്കി. 'അന്ത്രേയൂ, മരണം മനുഷ്യന്റെ തിരഞ്ഞെടുപ്പായിരുന്നു. അത് ആഴമുള്ള ഒരു കെണിയാണ്. അതിൽ നിന്നു പുറത്തുവരാൻ മനുഷ്യരാശിക്കു കഴിയുമായിരുന്നില്ല. അതുകൊണ്ടാണ്, മനുഷ്യരെ വീണ്ടെടുക്കാൻ ഞാൻ മരണത്തിന്റെ അഗാധതകളിലേക്ക് ഇറങ്ങുകയും കയറുകയും ചെയ്തത്. അത് നിങ്ങൾക്ക് ജീവനിലേക്കു പ്രവേശിക്കാനുള്ള വഴി തുറക്കാനായിരുന്നു.'

'അങ്ങനെയാണെങ്കിൽ, കുരിശ് എന്തിനായിരുന്നു?' എന്ന ചോദ്യം ശിമയോൻ അറിയാതെ ചോദിച്ചുപോയി. കാരണം കുരിശിലെ മരണത്തെ അയാൾക്ക് സ്വീകരിക്കാൻ കഴിഞ്ഞതേയില്ലായിരുന്നു. 'പാപം മനുഷ്യരാശിയെ അത്രയധികം ആഴത്തിൽ മുറിവേല്പിച്ചിരുന്നു. അതുകൊണ്ട് വീണ്ടെടുപ്പും അഗാധമാകണമായിരുന്നു. സഹനത്തിൽ ആരും തനിച്ചാവാതിരിക്കാൻ, മനുഷ്യന്റെ കഷ്ടപ്പാടുകളിലേക്ക് പൂർണമായും പ്രവേശിക്കാൻ ഞാൻ കുരിശ് തിരഞ്ഞെടുക്കുകയായിരുന്നു. പാപം പോലെ കുരിശും അപമാനകരമായിരുന്നു. പക്ഷേ, ദൈവത്തിന്റെ കരുണ മഹത്വത്തിന്റെ പടികളാക്കി മാറ്റി. ക്രൂശിതൻ സ്നേഹത്തിന്റെ അവസാനമായിരുന്നില്ല, പൂർണതയായിരുന്നു.

'ഗുരോ, ഞങ്ങളിനി എന്തു ചെയ്യണം?' അത്, അവരെല്ലാവരുടെയും ചോദ്യമായിരുന്നു. യേശു അവരെ നോക്കി. 'പോയി ലോകത്തോട് പറയുക, മരണം അവസാനമല്ലെന്ന്; പാപം അവസാന വാക്കല്ലെന്ന്. കുരിശിനപ്പുറം ഉത്ഥാനമുണ്ടെന്ന്. ദൈവത്തിന്റെ സ്നേഹം അവരുടെ ഇരുണ്ട ദിവസങ്ങളേക്കാൾ ശക്തമാണെന്ന് അവരോട് പറയുക. ഞാൻ ജീവിച്ചിരിക്കുന്നുവെന്ന് നിങ്ങളുടെ ജീവിതം കൊണ്ട് അവരെ കാണിക്കുക. നിങ്ങൾക്കു സമാധാനം.'

അവർ നോക്കി നില്ക്കേ, അവൻ തിരോഭവിച്ചു. അപ്പോൾ പത്രോസ് വിളക്കു തെളിച്ചു.

ചിന്താജാലകം

# എനിക്ക് എന്താണ് കുഴപ്പം?

**ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ**
**മൊഴിമാറ്റം: പ്രീത**

വിശ്രുത ദൈവശാസ്ത്ര വിശാരദനും കത്തോലിക്കാ ചിന്തകനുമായ ബിഷപ്പ് ഫുൾട്ടൻ ജെ.ഷീൻ കുറിക്കുന്നു.

ഏറെക്കാലമായി എനിക്കു പരിചയമുള്ള ഒരു യഹൂദനായ ജ്വല്ലറി ഉടമയെ ഒരുനാൾ യാദൃച്ഛികമായി കണ്ടുമുട്ടി. അദ്ദേഹം എന്നെ ജ്വല്ലറിയിലേക്കു ക്ഷണിച്ചു. എന്റെ കുരിശുമാലയിലേക്ക് അദ്ദേഹം അല്പമൊന്ന് ഉഴിഞ്ഞുനോക്കിയതുപോലെ തോന്നി.

അദ്ദേഹം ചോദിച്ചു: ബിഷപ് എന്തിനാണ് ഈ ക്രൂശിതരൂപം അങ്ങു ധരിക്കുന്നത്?'

എനിക്കൊട്ടും ആലോചിക്കാനില്ലല്ലോ. ഞാൻ പറഞ്ഞു: എനിക്ക് ഈ കുരിശുരൂപം ഒരു പരിഹാരാനുഷ്ഠാനത്തിന്റെ പ്രതീകമാണ്; ഓർമയാണ്.

ഓഹോ! അദ്ദേഹം ചിരിച്ചുകൊണ്ടു തിരക്കി. അങ്ങേയ്ക്ക് ആവശ്യമെങ്കിൽ ഞാൻ കുറച്ച് തരാം; എന്റെ ജ്വല്ലറിയിൽ കൊണ്ടുവന്ന് വിറ്റ കുറച്ചു വെള്ളി കുരിശുരൂപങ്ങളുണ്ട്.

കൗതുകംകൊണ്ടു ഞാൻ ചോദിച്ചു. ആരുകൊണ്ടുവന്നതാണ്?

കത്തോലിക്കരായ ചിലരാണ്.

അവർക്കിനി ഇതു വേണ്ടത്രേ. ഈ കുരിശുരൂപങ്ങൾ അവരെ പൊതുജനങ്ങളിൽ നിന്ന് അന്യരാക്കുന്നുവത്രേ. എന്തെങ്കിലും വില തന്നാൽ മതിയെന്നു പറഞ്ഞു. പത്തുനൂറെങ്കിലും വരും. ലാഭക്കച്ചവടമായിക്കോട്ടെ എന്നു കരുതി. എന്നാലും ഞാനവർക്ക് ഒരു വില നല്കുകയുണ്ടായി: മുപ്പത് വെള്ളിക്കാശ്!

ഞാൻ ചെറിയൊരു വിസ്മയത്തിൽ മുങ്ങി നില്ക്കേ; അദ്ദേഹമെന്നോടു ചോദിച്ചു: നിങ്ങളുടെ കത്തോലിക്കാ സഭയ്ക്ക് എന്തുപറ്റി? എന്താണ് കുഴപ്പം?

എന്റെ ഹൃദയത്തിലെവിടെയോ തട്ടി ആ ചോദ്യം മാറ്റൊലികൊണ്ടു:

നിങ്ങളുടെ സഭയ്ക്ക് എന്തുപറ്റി? എന്താണു കുഴപ്പം?

ആ ചോദ്യം എന്നെ ഒരു ധ്യാനത്തിലാഴ്ത്തി.

ഈ വലിയ നോമ്പുകാലത്ത് നമുക്ക് നമ്മോടുതന്നെ ഈ ചോദ്യം ചോദിക്കാം:

എനിക്ക് എന്താണു കുഴപ്പം? ആവർത്തിച്ചാവർത്തിച്ച് ചോദിക്കാം!

എനിക്ക് എന്താണു കുഴപ്പം?

# സഹനവഴിയിലെ വാടാമലരുകൾ



**സിന്ധു പീറ്റർ**
**കൊങ്ങോർപ്പിള്ളി**

ആഞ്ഞിക്കൽ ജോസ് നിക്സൺ ..... അതാണ് മുഴുവൻ പേര്. ആരോഗ്യവാനും സുമുഖനുമായ ചെറുപ്പക്കാരൻ....! നെഞ്ചിനു താഴേക്ക് ചലനമില്ല.... സദാ നേരവും പുഞ്ചിരി വിട്ടൊഴിയാത്ത മുഖം...! നാവിൽ ദൈവസ്തുതികൾ...! മൊഴിയുന്നത് ദൈവവചനങ്ങളും അവയുടെ വ്യാഖ്യാനവും..!

വരാപ്പുഴ അതിരൂപത കൊങ്ങോർപ്പിള്ളി സെന്റ്. ആന്റണീസ് ഇടവകാംഗമാണ് നിക്സൺ. കൊങ്ങോർപ്പിള്ളി കവലയ്ക്ക് തെക്കു ഭാഗത്ത് രജിസ്റ്റർ ഓഫീസിനു സമീപത്താണ് നിക്സന്റെ വീട്. ആഞ്ഞിക്കൽ ജോസിന്റെയും തങ്കയുടെയും മൂന്ന് മക്കളിൽ ഇളയ പുത്രൻ. അവിവാഹിതൻ ....മുതിർന്ന രണ്ട് സഹോദരിമാർ വിവാഹിതരാണ്.

തൊട്ടരികിലുള്ള കട്ടിലിൽ ഇരുന്നുകൊണ്ട് ഞങ്ങളുടെ ആഗമനോദ്ദേശ്യം അറിയിച്ചു. നിക്സനെക്കുറിച്ച് ജീവദീപ്തി മാസികയിൽ എഴുതാനായി അനുവാദം ചോദിക്കാൻ വന്നതാണെന്ന് പറഞ്ഞപ്പോൾ നിക്സൺ അതിശയിച്ചു. അതിനു മാത്രം യോഗ്യതയൊന്നും തനിക്കില്ലെന്നു പറഞ്ഞ് നിക്സൺ ഒഴിഞ്ഞു മാറി. 'ജീവിതത്തിലെ സഹനങ്ങളിൽ ദൈവത്തിന്റെ കരം പിടിച്ചു നടന്നത് ഒരുപാടു പേർക്ക് പ്രചോദനമാകുമല്ലോ' എന്ന് പറഞ്ഞപ്പോൾ നിക്സൺ സമ്മതിച്ചു.

'ഇത്ര ചെറുപ്പത്തിലേ എന്തുകൊണ്ട് ഈ അവസ്ഥയിൽ?.....' എന്ന ചോദ്യം ചോദിക്കാതെ തന്നെ നിക്സൺ പറഞ്ഞു തുടങ്ങി. 'എന്റെ ഈ അവസ്ഥയ്ക്ക് ദൈവത്തിന് ഒരായിരം നന്ദി. എന്റെ ഈശോയെ കൂടുതൽ അറിയാൻ, സ്നേഹിക്കാൻ ... ദൈവം തന്ന ഒരവസരം... ഞാനിത് നന്നായി ആസ്വദിക്കുന്നു. എന്റെ ഓരോ വേദനയിലും എന്റെ ഈശോയെ കാണാൻ എനിക്ക് സാധിക്കുന്നു... ഈശോ എന്നെ സ്നേഹിക്കുന്നതിന്റെ ബാഹ്യമായ ഒരടയാളം .. നിക്സൺ കൂടുതൽ വാചാലനായപ്പോൾ ഞാൻ വീണ്ടും ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. ബാല്യം ..... കൗമാരം...... യൗവനം .... എല്ലാമെല്ലാം.

ഓർമ്മകളുടെ ചിറകിലേറി നിക്സൺ പറഞ്ഞു തുടങ്ങി. കോൺട്രാക്ടറായ പിതാവിനോടൊപ്പം നടന്ന ബാല്യകൗമാരങ്ങൾ ..... അവധി ദിവസങ്ങളിലും വേനലവധിക്കാലത്തും അപ്പന്റെ പണിസ്ഥലത്ത് അപ്പനോടൊപ്പം നടന്ന് അപ്പനെ പോലെ വളർന്ന ദിനങ്ങൾ..! തൊഴിലിനോടും തൊഴിലാളികളോടുമുള്ള പിതാവിന്റെ സ്നേഹം, കരുണ, ആത്മാർത്ഥത, കുടുംബത്തോടുള്ള ആത്മബന്ധം ഇതെല്ലാം വലിയ മാതൃകകളായിരുന്നു. ഇതോടൊപ്പം ചിലതു കൂടി മനസ്സിനെ സ്വാധീനിച്ചു. അതിലൊന്നാണ് വാർക്ക ദിനങ്ങളിലെ നല്ല ഭക്ഷണവും ആഹ്ലാദങ്ങളും. അതിൽ ലയിച്ച് പഠനത്തിൽ നന്നായി ഉഴപ്പി. പ്രൈവറ്റായി പഠിച്ച് എസ്.എസ്.എൽ.സി. പരീക്ഷ എഴുതാൻ തയ്യാറായെങ്കിലും അതും പൂർത്തിയാക്കിയില്ല. ഞായറാഴ്ച ദിവസങ്ങളിൽ വാർക്കയുണ്ടായിരുന്നതുകൊണ്ട് ഞായറാഴ്ച കുർബ്ബാനയും വേദപാഠ ക്ലാസ്സുകളും പലപ്പോഴും മുടങ്ങി. ഒടുവിൽ പത്താം ക്ലാസ്സ് കഴിഞ്ഞപ്പോൾ തന്നെ പണിയായുധങ്ങൾ കയ്യിലെടുത്തു. അപ്പനെപ്പോലെ നല്ല പണിക്കാരനായി. നാട്ടിൽ പണിയെടുത്ത് മടുക്കുമ്പോൾ വിദേശത്തു പോയി ജോലി ചെയ്തു. 20-ാം വയസ്സു മുതൽ വിദേശത്തായിരുന്നു ഇടയ്ക്കിടെ ജോലി. സൗദി, ദുബായ്, ഖത്തർ, ഒമാൻ... ഒടുവിൽ ആഫ്രിക്കയിലും ജോലി ചെയ്തു.

കുഞ്ഞുനാൾ മുതൽ കൂട്ടിന് ഒരാളുണ്ടായിരുന്നു..... യേശുക്രിസ്തു. ഏതു നാട്ടിൽ പോയാലും കിടക്കയുടെ അരികിൽ മറക്കാതെ ഒരു ബൈബിൾ വയ്ക്കുമായിരുന്നു. രാത്രി പണി കഴിഞ്ഞു വന്ന് കുറച്ചു നേരം ബൈബിൾ വായിക്കും. ദൈവവചനത്തിലൂടെ ഒരു തീർത്ഥയാത്ര..! കൂട്ടുകാർ പലരും തൊട്ടടുത്ത മുറികളിലിരുന്ന് മദ്യപിക്കുമ്പോൾ മുറിയടച്ചിരുന്ന് കൊന്ത ചൊല്ലാനും പ്രാർത്ഥിക്കാനുമായിരുന്നു താല്പര്യം.

പലരും കളിയാക്കിയിട്ടും പുച്ഛിച്ചിട്ടും ആ ശീലത്തിന് മാറ്റമൊന്നും വന്നില്ല. വൈകിട്ട് 6 മണിക്കുമുൻപ് വാതിലടച്ച് കുറ്റിയിടും. 7 മണി കഴിഞ്ഞ് ആരു വിളിച്ചാലും വാതിൽ തുറക്കില്ല. വിദേശത്തായിരിക്കുമ്പോൾ ഒരിക്കൽ ഒരു സുഹൃത്ത് ഒരു മാതാവിന്റെ രൂപം സമ്മാനമായി നൽകി. അന്നു മുതൽ മുടങ്ങാതെ മാതാവിന്റെ മുന്നിൽ മുട്ടുകുത്തി നിന്ന് ജപമാല ചൊല്ലി തുടങ്ങി. ആഫ്രിക്കയിലായിരിക്കുമ്പോൾ ഒരു ദിവസം രാവിലെ കിടക്കയിലിരുന്ന് ബൈബിൾ വായിക്കുകയായിരുന്നു. കൂട്ടുകാരുടെ വിളി കേട്ട് പെട്ടെന്ന് ഞെട്ടിത്തിരിഞ്ഞു നോക്കിയതും ബോധമില്ലാതെ തളർന്നു വീണതും ഒരുമിച്ചായിരുന്നു.



കുറച്ചു ദിവസം ഐ.സി.യു.വിൽ കഴി ഞ്ഞു. ഡിസ്ചാർജായ ഉടനെ നാട്ടിലേക്ക് തിരിച്ചുപോന്നു. അതൊരു മുന്നറിയിപ്പു തന്നെയായിരുന്നു. വരാനിരിക്കുന്ന വീഴ്ചയെക്കുറിച്ച് ദൈവം നൽകിയ ഒരു മുന്നറിയിപ്പ്...! സുവിശേഷത്തിലും ഇതുപോലെ ചില സാദൃശ്യങ്ങളുണ്ടെന്ന് നിക്സൺ പറയുന്നു. ഈശോ യൂദാസിനാൽ വഞ്ചിക്കപ്പെട്ട് വേദനിച്ച് മലക യറുന്നതു പോലെ ദാവീദ് രാജാവും മകനാലും നിയമോപദേഷ്ടാവിനാലും വഞ്ചിക്കപ്പെട്ട് കര ഞ്ഞുകൊണ്ട് ഒരു മലകയറുന്നുണ്ട്. പീഡാനുഭവവാര ത്തിൽ ധ്യാനിക്കാൻ നിക്സൺ ഇഷ്ട പ്പെടുന്ന ഒരു ഭാഗവും ഇതാണ്.

ആഫ്രിക്കയിൽ നിന്ന് തിരിച്ചു വന്നതിൽ പിന്നെ നാട്ടിൽ തന്നെയാ യിരുന്നു ജോലി. ഒരിക്കൽ തിരുവാ ങ്കുളത്ത് ഒരു വലിയ പ്ലാന്റിന്റെ പണി നടന്നു കൊണ്ടിരിക്കുമ്പോൾ കാലൊ ന്നു തെന്നി. രണ്ടുനില കെട്ടിടത്തിന്റെ മുകളിൽ നിന്ന് താഴേക്ക് വീണു. സ്പൈനൽ കോഡിന് 85% തകരാർ. ഇനി ഒരിക്കലും നടക്കാനാകില്ലെന്ന് വൈദ്യശാസ്ത്രം വിധിയെഴുതി. കോലഞ്ചേരി മെഡിക്കൽ കോളേജിലും എറ ണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലുമായി കഴിഞ്ഞ നാളുകൾ... ആശുപത്രിയിൽ നിന്നും നേരെ ചേച്ചിയുടെ വീട്ടിലേക്ക്... പരസഹായം കൂടാതെ അനങ്ങാൻ പോലുമാകാത്ത അവസ്ഥ...6 മാസ ത്തിനു ശേഷം വയനാട്ടിൽ ഒരു ആയുർവേദ ചികിത്സ...പതുക്കെ അനങ്ങാമെന്നൊക്കെയായി... വേദനയിൽ ദൈവത്തെ ദർശിച്ച വർഷങ്ങൾ...!

വേദനയിൽ താങ്ങും തണലുമായി നിന്ന പിതാവ് അഞ്ചു വർഷം മുൻപ് ദൈവ സന്നിധി യിലേക്ക് യാത്രയായി. മകൻ വിളിച്ചാൽ വിളിപ്പുറത്തെത്താനായി ഓടിയോടി അമ്മ തളർന്നു. ഒടുവിൽ വാക്കറിലുമായി.... ! നിക്സൺ, പതിയെ പതിയെ സ്വന്തം കാര്യങ്ങൾ ചെയ്യാൻ തുടങ്ങി. കട്ടിലിനു മുകളിൽ തൂക്കിയിട്ട സാരിയിൽ തൂങ്ങി മെല്ലെ എഴുന്നേറ്റ് വീൽ ചെയറിലിരിക്കും. ടോയ്‌ലെറ്റിൽ പോകും. മുറ്റത്തെ ചെടികളോടും കിളികളോടും കിന്നാരം പറയും. അതിനെക്കാളുപരി, തന്നെ കാണുന്നവരോടും തന്നെ വിളിക്കുന്നവ രോടും താൻ അനുഭവിച്ച യേശുവിനെക്കുറിച്ച് പറയും. 14 വർഷങ്ങൾ ... 14 ദിവസങ്ങൾ പോലെ കടന്നുപോയി. 2018 ലെ പ്രളയത്തിൽ വീടും അടുക്കളയുമെല്ലാം നശിച്ചു. സന്മനസ്സുള്ള കുറെ മനുഷ്യരും സുഹൃത്തുക്കളും ചേർന്നാണ് വീടിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. കിടപ്പിലായതിനു ശേഷമാണ് സൗഹൃദങ്ങൾ കൂടുതൽ ദൃഢവും വിശാലവുമായത്. പഴയ ചങ്ങാതിമാരെല്ലാം തിരക്കുകളിലായെങ്കിലും നല്ലവരായ പുതിയ സ്നേ ഹിതരെ നൽകി ദൈവം നിക്സനെ അനുഗ്രഹിച്ചു. കിടപ്പിലായ ഈ വർഷങ്ങളിലൊന്നും ഒരിക്കൽ പോലും ഭക്ഷണത്തിനോ മരുന്നിനോ ഒരു കുറവും ദൈവം വരുത്തിയിട്ടില്ലെന്ന് അമ്മ അനുസ്മരിച്ചു.

കടന്നുപോന്ന വഴികളെക്കുറിച്ച് പറയുമ്പോൾ നിക്സൻ ദൈവത്തിന് ഒരായിരം നന്ദിയർപ്പിക്കുന്നു. അപകടം നടന്ന ദിവസം മുതൽ ഈ നിമിഷം വരെ തന്നെ വിടാതെ പിന്തുടരുന്ന വേദനകളെക്കുറിച്ച് പറയുമ്പോൾ നിക്സൻ നിശ്ശബ്ദനാകുന്നു. പലരും വേദനകൾ മാറാനായി ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ തന്റെ വേദന മാറ്റല്ലേ എന്നാണ് നിക്സൺ പ്രാർത്ഥിക്കുന്നത്. കാരണം ഈ വേദനകളിലൂടെയാണ് ദൈവം തന്നെ സ്നേഹിക്കുന്നത് എന്ന് നിക സനറിയാം. പൂർണ്ണമായും കിടപ്പിലായ ആദ്യനാളുകളിൽ ശരീരത്തിന്റെ പിൻഭാഗത്തെ ബാധിച്ച മുറിവ് അസ്ഥിവരെ ആഴ്ന്നിറങ്ങിയിരുന്നു. ഈ പഴുപ്പ് വൃത്തിയാക്കിയിരുന്നതും മരുന്ന് വച്ചിരുന്നതും അമ്മയായിരുന്നു. മാസങ്ങളോളം മരുന്നു പുരട്ടിയിട്ടും മുറിവ് ഉണങ്ങാതെ വന്നപ്പോൾ വയനാട്ടിലെ ആയുർവേദ ആശുപത്രിയിലേക്ക് പോയി. രണ്ടു മാസത്തോളം അവിടെ താമസിച്ചുള്ള ചികിത്സ. പച്ച മാംസത്തിൽ നിന്നും പഴുപ്പ് വലിച്ചു കളയുമ്പോഴുള്ള തീവ്രമായ വേദനയിൽ ഈശോ യുടെ പീഡാനുഭവങ്ങളെ ധ്യാനിച്ചു. രണ്ടു മാസത്തോളം നീണ്ട ആശുപത്രി വാസത്തിൽ ഏശാ ന്തതയായിരുന്നു കൂട്ട്. പിന്നെ ഓരോ ദിവസവും ദൈവം പറഞ്ഞയയ്ക്കുന്ന അപരിചിതരും...! എങ്കിലും ഒന്നിനും ഒരു കുറവും വരുത്താതെ ദൈവം കാത്തു പരിപാലിച്ച തിനെയോർത്ത് നന്ദി പറയുകയാണ് നിക്സൺ. ബാല്യ കൗമാരങ്ങളിൽ പള്ളിയിലും വേദപാഠ ക്ലാസ്സിലും പോകാൻ മടി കാണിച്ചതിനെ യോർത്ത് പിന്നീട് പലപ്പോഴും വേദനിച്ചിട്ടുണ്ട്.

അവസാന സമയത്ത് ..... വീഴുന്നതിനു മുൻപായി ആഫ്രിക്ക യിൽ ജോലി ചെയ്ത കാലത്താണ് പതിവായി പള്ളിയിൽ പോകാനും ഈശോയോട് കൂടുതൽ അടുക്കാനും തുടങ്ങിയത്. അതോടൊപ്പം തന്നെ തന്റെ സഹനങ്ങളുടെ നേരങ്ങളിൽ ഉണ്ടാകുന്ന പ്രലോഭനങ്ങളെ അതിജീവിക്കാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു. തന്നോട് പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുന്നവർക്ക് വചന ങ്ങളും വചനവ്യാഖ്യാനങ്ങളും പകർന്നു നൽകി നിക്സൺ മരുഭൂമിയിലെ നീരുറവയായി മാറുന്നു. വചന തീക്ഷ്ണതയാൽ സ്വന്തം വേദനകളെ വേദാന്തമാ ക്കുന്ന തണൽമരം, സഹനവഴി കളിൽ ഒരിക്കലും വാടാത്ത മൂന്ന് വാടാമലരുകളെ കണ്ടുമുട്ടുവാൻ ദൈവം നമുക്ക് അവസരം നൽകി. നിക്സണും അമ്മയും സഹോദരിയും...! നമ്മുടെ ജീവിതത്തിലെ സഹനങ്ങളിൽ നിക്സനെപ്പോലെ ഈശോയോട് ചേർന്നു നിൽക്കാൻ ദൈവം നമ്മെയും അനുഗ്രഹിക്കട്ടെ...!

# ആരോഗ്യദിന ചിന്തകൾ

## ഏപ്രിൽ 7- ലോകാരോഗ്യദിനം





*ഡോ. നവ്യ മേരി കുര്യൻ*
*ലൂർദ്ദ് ഹോസ്പിറ്റൽ*

ലോകാരോഗ്യ സംഘടനയുടെ സ്ഥാപനദിനമാണ് 1948 മുതൽ ലോകാരോഗ്യദിനമായി ആചരിക്കുന്നത്. ആരോഗ്യമുള്ള തുടക്കം, പ്രതീക്ഷയുള്ള ഭാവി. ഇതാണ് ഈ വർഷത്തെ പ്രമേയം. അമ്മമാരായാലും പിറന്നുവീഴുന്ന ആരോഗ്യത്തിനാണ് ഈ വർഷം മാറ്റിവച്ചിരിക്കുന്നത്. എന്നാൽ ആരോഗ്യമുള്ള തുടക്കം എന്നു പറയുമ്പോൾ കുട്ടികളുടെ ശിക്ഷണവും, നാം അവർക്കു പകർന്നു നൽകുന്ന ആരോഗ്യശീലങ്ങളും ഉൾപ്പെടുന്നു. ഞാനടങ്ങുന്ന മാതാപിതാക്കൾ കുട്ടികൾക്ക് പകർന്നു നൽകുന്ന ആരോഗ്യശീലങ്ങൾ അനുകരണീയമാണോ? കൊഴുപ്പേറിയ, ഹൈകലോറി ഭക്ഷണമാണ് നാം അവർക്ക് പലപ്പോഴും നൽകുന്നത്. മൈദ, പഞ്ചസാര, ഉപ്പ്, അജിനോമോട്ടോ എന്നിവ ചേർന്ന ആഹാരപദാർത്ഥങ്ങൾ ആഴ്ചയിലൊരിക്കലെങ്കിലും കുട്ടികളുടെ ഉള്ളിലെത്തുന്നു. തത്ഫലമോ? ജീവിതശൈലീരോഗങ്ങൾ ചെറുപ്പത്തിലേ അവരെ കാർന്നു തിന്നാൻ തുടങ്ങുന്നു. പുറത്തിറങ്ങി കളിക്കുന്ന സമയം, സ്ക്രീൻ ടൈമിനും, ട്യൂഷനും വഴിമാറിയതോടെ കുട്ടികളിൽ പൊണ്ണത്തടിയുടെ വ്യാപനവും ക്രമാതീതമായി കൂടുന്നു. തത്ഫലമായി ഒ.പി.യിൽ വരുന്ന കുട്ടികൾക്ക് ഇൻസുലിൻ പ്രതിരോധം, കൊളസ്ട്രോൾ, പ്രമേഹം, വളരെ നേരത്തെയുള്ള പ്രായപൂർത്തിയാകൽ, പിസിഒഡി, ഫാറ്റി ലിവർ എന്നീ അവസ്ഥാവിശേഷങ്ങളുണ്ടാകുന്നു. പണ്ട് 50 വയസ്സ് കഴിഞ്ഞാൽ വരുന്ന രോഗാവസ്ഥകൾ ഇപ്പോൾ ഇരുപതുകളിൽ സർവ്വസാധാരണമായിരിക്കുന്നു. പത്ത് വയസ്സ് മുതലുള്ള കുട്ടികൾക്ക് ടൈപ്പ് 2 പ്രമേഹം ബാധിക്കാൻ തുടങ്ങിയിരിക്കുന്നു. നമ്മുടെ കടിഞ്ഞാണില്ലാത്ത ഈ പോക്ക് നിയന്ത്രിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ അസുഖങ്ങൾ വരാതിരിക്കാൻ നാം വളരെ ചെറുപ്പത്തിലേ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പഞ്ചസാരയടങ്ങുന്ന സാധനങ്ങൾ വളരെ ചെറുപ്പത്തിലേ കൊടുത്ത്, കുട്ടികൾക്ക് ഷുഗർ ക്രേസിങ്ങ്സ് ഉണ്ടാക്കാതിരിക്കുക. പഞ്ചസാരയോടുള്ള ഇഷ്ടം കുട്ടികളാണെങ്കിലും, മുതിർന്നവരാണെങ്കിലും പ്രോത്സാഹിപ്പിക്കാതിരിക്കുക. ദേഹമനങ്ങിയുള്ള ആക്ടിവിറ്റീസ് പ്രോത്സാഹിപ്പിക്കുക. കുട്ടികളുടെ ആരോഗ്യത്തിന് മുൻഗണന കൊടുക്കുക. ആഴ്ചയിൽ 5 ദിവസമെങ്കിലും അരമണിക്കൂർ നടക്കാൻ എല്ലാവരും ശ്രദ്ധിക്കുക. നാരുകൾ അടങ്ങിയ ഗ്ലൈസീമിക് സൂചിക കുറഞ്ഞ പദാർത്ഥങ്ങൾ കഴിക്കാൻ ശ്രദ്ധിക്കുക. ജപ്പാനിൽ ഒക്കിനാവ എന്നൊരു ദ്വീപുണ്ട്. ലോകത്തിൽ ഏറ്റവും കൂടുതൽ ആരോഗ്യമുള്ള വയോധികരുള്ള ദ്വീപാണത്. 97 വയസ്സുള്ള വൃദ്ധനുപോലും അവിടെ ഹൃദയത്തിൽ ബ്ലോക്കില്ല. അതിനു കാരണം അവരുടെ ആരോഗ്യകരമായ ഭക്ഷണരീതിയാണ്. അവർ കഴിക്കുന്നത് നാരുകളടങ്ങിയ ഒരുതരം മധുരക്കിഴങ്ങാണ്. മീനും ഇറച്ചിയുമെല്ലാം ആഴ്ചയിലൊരിക്കലേ അവർ കഴിക്കാറുള്ളൂ. തന്മൂലം ജീവിച്ചിരിക്കുമ്പോൾ അവരെ ആരോഗ്യപ്രശ്നങ്ങൾ അലട്ടുന്നില്ല. ഇതെല്ലാം ഉൾക്കൊണ്ട് ആരോഗ്യകരമായ ജീവിതം നയിക്കാൻ ലോകാരോഗ്യദിനത്തിൽ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

# കൈപിടിച്ച്
# ഉയിർപ്പിച്ച ഒരാൾ





ഫാ. ഷാമിൽ ജോസഫ്

ചിറ്റൂർ ഇടവകയിൽ വീട് വെഞ്ചിരിപ്പിനിടയിൽ ഒരു വീട്ടിലേക്ക് കടന്നുചെന്നപ്പോൾ അവിടത്തെ കുടുംബ നാഥയെ പരിചയപ്പെടാൻ ഇടയായി. അവരുടെ സംസാരം ഒരു ഉയിർപ്പ് അനുഭവമായിരുന്നു. പ്രാർത്ഥനയിലോ പരിശുദ്ധ അമ്മയിലോ വിശ്വാസമില്ലാതിരുന്ന കോളരിക്കൽ വത്സ വർഗീസിന്റെ ജീവിതത്തിലേക്ക് ബ്രെയിൻ ട്യൂമർ എന്ന അസുഖം വിരുന്നുവരുന്നു. മരണം മുന്നിൽ കാണുന്നു. ഓപ്പറേഷനു ശേഷം ജീവിതം തന്നെ വേണ്ടെന്നുവയ്ക്കാൻ തീരുമാനിക്കുന്നു. എന്നാൽ ജീവിത പങ്കാളിയായ കോളരിക്കൽ വർഗീസ് കെ. എക്സിന്റെ സ്നേഹവും പരിശുദ്ധ അമ്മയുടെ ഇടപെടലും കൊണ്ട് ഒരു വ്യക്തി ഉയിർപ്പനുഭവമായി മാറുന്നതിന്റെ ജീവിക്കുന്ന സാക്ഷ്യമായി ശ്രീമതി വത്സ ജീവിക്കുന്നു.

പരിശുദ്ധ അമ്മയിൽ ഒട്ടും വിശ്വാസമില്ലാതിരുന്ന ഒരു വ്യക്തിയായിരുന്നു വത്സ. എന്നാൽ വത്സ വിവാഹം കഴിച്ചു വന്ന വീട് ആകട്ടെ പരിശുദ്ധ അമ്മയോട് വളരെ ഭക്തിയുള്ള ഒരിടമായിരുന്നു. ജീവിതപങ്കാളി വർഗീസും അവരുടെ കുടുംബവും ജപമാല മുടക്കാത്ത വലിയ മരിയ ഭക്തരായിരുന്നു. വത്സക്ക് ഒരിക്കലും പ്രാർത്ഥനയിൽ താല്പര്യമേ ഉണ്ടായിരുന്നില്ല.

അങ്ങനെയിരിക്കേയാണ് നിറയൗവനത്തിൽ വത്സയുടെ ജീവിതത്തിലേക്ക് വില്ലനായി ബ്രെയിൻ ട്യൂമർ കടന്നു വരിക. ദൈവം ഏതൊക്കെ വഴിയിൽ ആണല്ലേ ചില മനുഷ്യരെ തന്നിലേക്ക് വിളിച്ച് അടുപ്പിക്കുക. എത്രയും പെട്ടെന്ന് ഓപ്പറേഷൻ ചെയ്തില്ലെങ്കിൽ ജീവൻ നഷ്ടപ്പെടും എന്ന് ഡോക്ടർമാർ പറഞ്ഞതനുസരിച്ച് ബോംബെയിൽ ഉള്ള ഹിന്ദുജ ഹോസ്പിറ്റലിലേക്ക് ഈ ദമ്പതികൾ യാത്രയായി. ഓപ്പറേഷൻ കഴിഞ്ഞതോടെ കാര്യങ്ങൾ കൂടുതൽ ഗുരുതരമായി. വത്സയുടെ ഒരുവശം തളർന്നുപോയി. കിടന്ന കിടപ്പ്. ചുണ്ട് വലതുവശത്തേക്ക് വല്ലാതെ കോടിപ്പോയി. ഒരു തുള്ളി വെള്ളം പോലും സ്വന്തമായി ഇറക്കാൻ സാധിക്കാതെ മൂക്കിലൂടെ ട്യൂബ് ഇട്ടുകൊണ്ട് 38 ദിവസം ആശുപത്രിയിൽ.

എന്നാൽ ബുദ്ധിക്കോ ഓർമ്മയ്ക്കോ ഓപ്പറേഷനു ശേഷം തകരാർ ഒന്നും വന്നില്ല. 38 ദിവസങ്ങൾക്ക് ശേഷം ഡോക്ടർ പറഞ്ഞു പേരുവെട്ടി വീട്ടിലേക്ക് പൊയ്ക്കോളാൻ. എന്നാൽ ഈ അവസ്ഥയിൽ തന്റെ ഭാര്യയുമായി വീട്ടിലേക്ക് പോകാൻ വർഗീസിന് ധൈര്യമുണ്ടായിരുന്നില്ല. വർഗീസ് തന്റെ ഭാര്യയ്ക്ക് വേണ്ടി കണ്ണീരോടെ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. പിറ്റേന്ന് ദൈവം തന്റെ അത്ഭുത പ്രവർത്തനങ്ങൾ അവരുടെ ജീവിതത്തിൽ ആരംഭിച്ചു. ഡോക്ടർ വന്നപ്പോൾ ഒരു ഗ്ലാസ് വെള്ളം കുടിക്കാൻ ആവശ്യപ്പെട്ടു. അത്ഭുതമെന്നു പറയട്ടെ സാധാരണ ആളുകൾ കുടിക്കുന്നത് പോലെ ഒന്നര മാസത്തിനുശേഷം വത്സ വെള്ളം കുടിച്ചു.

പിന്നീട് ഹോസ്പിറ്റലിൽ നിന്ന് ഡിസ്ചാർജ് ചെയ്തു വത്സയുടെ വീട്ടിലേക്ക് എത്തി. നിറയൗവനത്തിൽ ഇതാ ഭാര്യ കിടന്ന കിടപ്പ്. വത്സയെ സംബന്ധിച്ചിടത്തോളം ഇനി ജീവിക്കണമെന്ന് പോലും ആഗ്രഹമില്ലായിരുന്നു. ആത്മഹത്യ ചെയ്യണമെന്നായിരുന്നു മനസ്സിൽ ആഗ്രഹം. എന്നാൽ ഒരു വശം തളർന്നുകിടക്കുന്നതിനാൽ സ്വന്തമായി അതുപോലും ചെയ്യാൻ സാധിക്കാത്ത നിസ്സഹായ അവസ്ഥ. തന്റെ ഈ ജീവിത ദുരന്തത്തിൽ ഇനിയും ഭർത്താവിന്റെ

ജീവിതം ബുദ്ധിമുട്ടിലാക്കേണ്ട എന്ന് ഉറച്ച് 30 വയസ്സുള്ള വത്സ 37 വയസ്സുള്ള തന്റെ പ്രിയ ഭർത്താവിനോട് പറഞ്ഞു; ഈ അവസ്ഥയിൽ എനിക്ക് ചേട്ടന്റെ കൂടെ ജീവിക്കാൻ സാധ്യമല്ല. ചേട്ടൻ എന്നെ ഉപേക്ഷിച്ചു വേറൊരു വിവാഹം ചെയ്തുകൊള്ളുക.

അന്ന് വർഗീസ് വർഷങ്ങൾക്കു മുൻപ് അൾത്താരയുടെ മുൻപിൽ വച്ച് ദൈവത്തെ സാക്ഷിയാക്കി തൺെറ പ്രിയപ്പെട്ടവളുടെ കരം പിടിച്ചു കൊണ്ട് ഏറ്റെടുത്ത വാഗ്ദാനം ഒരിക്കൽ കൂടി ഉറപ്പിച്ചുകൊണ്ട് അവളോട് പറഞ്ഞു: സുഖത്തിലും ദുഃഖത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും ഒന്നിച്ചു ജീവിക്കാമെന്ന് ഞാൻ ദൈവത്തോട് വാഗ്ദാനം ചെയ്തതാണ്. ഞാനത് നിറവേറ്റും. ദൈവത്തിന്റെ സ്നേഹവും സൗഖ്യവും വർഗീസ് എന്ന മനുഷ്യന്റെ കരുണാർദ്രമായ വാക്കുകളിലൂടെ വത്സയെ കൂടുതൽ തീവ്രതയോടുകൂടെ അന്നുമുതൽ പൊതിഞ്ഞു. വത്സയിൽ മാറ്റങ്ങൾ കണ്ടുതുടങ്ങി. പകുതി പൂർത്തിയാക്കിയ തങ്ങളുടെ വീടിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കി വത്സയെ വർഗീസ് സ്വന്തം വീട്ടിലേക്കു കൊണ്ടുവരികയും ഒരു ഹോം നേഴ്സിനെ നിർത്തുകയും ചെയ്തു. വർഗീസ് ധീരതയോടെയും നിശ്ചയദാർഢ്യത്തോടെയും പ്രാർത്ഥനയോടെയും വത്സയ്ക്ക് നിന്റെ കൂടെ ഞാൻ ഉണ്ടാകും എന്ന് പറഞ്ഞു നൽകിയ ആ വാഗ്ദാനം ദൈവസന്നിധിയിൽ എത്തി. അങ്ങനെയിരിക്കെ ഒരു ധ്യാനത്തിന് ചിറ്റൂർ ധ്യാനകേന്ദ്രത്തിലേക്ക് അവർ വന്നു. ആ ധ്യാനമാകട്ടെ പരിശുദ്ധ അമ്മയ്ക്ക് വലിയ പ്രാധാന്യം കൊടുക്കുന്ന ഒരു ധ്യാനമായിരുന്നു. അതുകൊണ്ടുതന്നെ വത്സയെ സംബന്ധിച്ചിടത്തോളം എങ്ങനെയെങ്കിലും തിരിച്ചുവന്നാൽ മതി എന്ന ചിന്തയായിരുന്നു. ആ സമയത്ത് ദിവ്യബലി മധ്യേ അൾത്താരയിൽ നിന്നും മൂന്ന് പ്രകാശകിരണങ്ങൾ വത്സ കിടക്കുന്ന ബെഡിന്റെ അരികിലേക്ക് വരുന്നതായി കാണപ്പെട്ടു. ആ പ്രകാശം പെട്ടെന്ന് പരിശുദ്ധ അമ്മയുടെ രൂപമായി മാറി വത്സയുടെ രണ്ട് കൈകളിലും പിടിച്ച് തളർന്നുകിടക്കുന്ന അവളെ എഴുന്നേൽപ്പിച്ചു. പിന്നെയാ രൂപം അപ്രത്യക്ഷമായി. വലിയ സൗഖ്യമായി പരിശുദ്ധ അമ്മ വത്സയെ ഉയിർപ്പിച്ചു. വത്സയുടെ കണ്ണുകൾ ഇതുവരെയും പരിശുദ്ധ അമ്മയെ താൻ വിശ്വസിച്ചില്ലല്ലോ എന്നോർത്ത് കണ്ണുനീർ തൂകി. ധ്യാനം കഴിഞ്ഞ് വീട്ടിലെത്തിയതോടെ വത്സ പുതിയൊരു വ്യക്തിയായി.

വൈകി ഓടിത്തുടങ്ങിയ ഓട്ടക്കാരൻ ഒന്നാമത് എത്താൻ കൂടുതൽ വേഗത്തിൽ ഓടാൻ ശ്രമിക്കുന്നതുപോലെ ഇതുവരെ അവഗണിച്ച ദൈവത്തെ കൂടുതൽ അറിയാനുള്ള ദാഹം ആയിരുന്നു പിന്നീട് അങ്ങോട്ട്. ആത്മഹത്യ ചിന്തകൾ മനസ്സിൽ നിന്ന് പോയി മനസ്സ് ദൈവസ്നേഹത്താലും ജീവിതത്തിന്റെ ഏറ്റവും ദുഃഖം നിറഞ്ഞ അവസ്ഥയിലും കൈവിടാതിരുന്ന ഭർത്താവിന്റെ സ്നേഹത്താലും ആനന്ദപൂരിതമായി. പരിശുദ്ധ അമ്മയുടെ പ്രത്യക്ഷീകരണം തൊട്ട് നടക്കാനുള്ള കൃപയും സ്വന്തം കാര്യങ്ങൾ ചെയ്യുവാനുള്ള പ്രാപ്തിയും വത്സയ്ക്ക് ലഭിച്ചു.

ഇന്ന് അതിയായ സന്തോഷത്തോടെ ദൈവത്തെ സ്തുതിച്ചുകൊണ്ട് തന്നാൽ കഴിയും വിധം താൻ കണ്ടുമുട്ടുന്ന വ്യക്തികളെ ഉയർപ്പ് അനുഭവത്തിലേക്ക് നയിച്ചുകൊണ്ട് കോളരിക്കൽ വത്സയും പ്രിയ ഭർത്താവ് വർഗീസ് കെ.എക്സ്. ഉം ചിറ്റൂരുള്ള തങ്ങളുടെ വീട്ടിൽ യേശുക്രിസ്തു ഇന്നും ജീവിക്കുന്നു എന്നുള്ള സന്ദേശത്തോടെ ജീവിക്കുന്നു. ഇവരുടെ വീട്ടിൽ വല്ലാത്തൊരു പ്രകാശമുണ്ട്. അത് സ്നേഹത്തിന്റെ പ്രകാശമാണ്. ആ സ്നേഹത്തിന് രണ്ടു മുഖമുണ്ട് ദൈവസ്നേഹവും മനുഷ്യസ്നേഹവും.



**ഫാ. മാർട്ടിൻ ഗാരിസൺ പായ്‌വ**

9 മുതൽ 18 മാസം വരെയാണ് ഒരു മനുഷ്യകുഞ്ഞ് നടക്കാൻ എടുക്കുന്ന സമയം. ഒത്തിരി വീണ് വീണ് നടക്കാൻ പഠിക്കുന്ന നമ്മൾ പിന്നീട് വാഹന സൗകര്യങ്ങളേറുമ്പോൾ നടക്കാൻ മടിക്കുന്നു. ഒരു ചെറുദൂരം യാത്രയ്ക്ക് നടത്തം ഒഴിവാക്കി, വാഹനങ്ങളെ ആശ്രയിക്കുന്നവർ കൂടിവരികയാണിന്ന്. നടത്തം ഒഴിവാക്കുന്നത് നമ്മുടെ ആരോഗ്യത്തെ സാരമായി ബാധിക്കാനിടയുണ്ട്. അവിടെയാണ് നടത്ത ദിനത്തിന്റെ പ്രസക്തി.

**ഏപ്രിൽ മാസത്തെ ആദ്യ ബുധനാഴ്ച്ച ദേശീയ നടത്ത ദിനമായി ആചരിക്കാൻ തുടക്കമിട്ടത് അമേരിക്കൻ ഹാർട്ട് അസോസിയേഷൻ ആയിരുന്നു.**

ശാരീരത്തിന്റെയും ഹൃദയത്തിന്റെയും ആരോഗ്യം നിലനിർത്തുക എന്നതായിരുന്നു ഇങ്ങനെ ഒരു ദിനം സ്ഥാപിക്കുന്നതിന് പിന്നിലുള്ള ലക്ഷ്യം. നമ്മുടെ ദിനചര്യകളിൽ നടത്തം ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നതാണ് ഈ ദിനം. തിരക്കുപിടിച്ച ജോലിയിൽ നിന്ന് അൽപം ഇടവേളയെടുത്ത് നടത്തമെന്ന വ്യായാമം സ്വീകരിക്കുന്നത് ശരീരത്തിനും മനസിനും ഒരുപോലെ ഗുണം ചെയ്യും. കായികാദ്ധ്വാനത്തിന്റെ കുറവ് ഹൃദയത്തിന്റെ ആരോഗ്യത്തെ ബാധിക്കുമെന്ന കാര്യവും, ലോകത്താകമാനം നടക്കുന്ന മരണങ്ങളുടെ പിന്നിൽ ഉള്ള കാരണങ്ങളിലൊന്ന് ഹൃദയ സംബന്ധിയായ രോഗങ്ങളാണ് എന്നതും പരിഗണിച്ചാണ് അമേരിക്കൻ ഹാർട്ട് അസോസിയേഷൻ ഈ ദിനം സ്ഥാപിച്ചത്.

# മടിക്കാതെ നടക്കാം

നടത്തം എന്നത് ഏറ്റവും നിസാര മായ വ്യായാമങ്ങളിലൊന്നാണ്. അതിനായി പ്രത്യേക ഉപകരണ ങ്ങളോ ജിമ്മിൽ അംഗത്വമോ ആവശ്യമില്ല. എല്ലാ പ്രായക്കാർ ക്കും എല്ലാ ആരോഗ്യ സ്ഥിതിയി ലുള്ളവർക്കും നടത്തം സാധ്യ മാണ്. ഇങ്ങനെ ഒരു ദിനം ആരി ക്കുന്നത് ഈ സന്ദേശം ജനങ്ങളി ലേക്കെത്തിക്കാനും നടത്തം ശീലമായി ആളുകൾ സ്വീകരിക്കാനും ഇടയാക്കും.

**നടത്തം മൂലം നമുക്ക് ലഭിക്കുന്ന ചില നേട്ടങ്ങൾ ചുവടെ കുറിക്കുന്നു.**

1. നടത്തം ഹൃദയത്തെ ശക്തിപ്പെടുത്തുന്നു. നമ്മുടെ രക്തസമ്മർദ്ദം കുറക്കാനും, രക്ത ചംക്രമണം ത്വരിപ്പെടുത്താനും, ഹൃദയരോഗങ്ങളും പക്ഷാഘാ തവും കുറക്കാനും നടത്തം സഹാ യിക്കുന്നു. അമേരിക്കൻ ഹാർട്ട് അസോസിയേഷൻ പറയുന്നത്, ഒരു ദിവസം 30 മിനിറ്റ് നടക്കുന്നത് ഹൃദയത്തിന്റെ ആരോഗ്യപുരോഗ തിക്ക് നല്ലതാണെന്നാണ്.

2. ശരീരത്തിലെ കൊഴുപ്പ് കുറയ് ക്കാനും ആരോഗ്യപരമായ ശരീര ഭാരം നിലനിർത്താനും നടത്തം സഹായിക്കും. അങ്ങനെ വണ്ണവും തന്മൂലമുണ്ടാകുന്ന രോഗങ്ങളും കുറക്കാൻ ഇത് സഹായിക്കും.

3. നടത്തം അടക്കമുള്ള കായിക പ്രവൃത്തികൾ എൻഡോർഫിൻ എന്ന രാസവസ്തുക്കളുടെ ഉത്പാദനത്തിന് കാരണമാവുകയും അവ മാനസിക പിരിമുറുക്കം, നിരാശ, ഉത്കണ്ഠ എന്നിവ കുറക്കുകയും ചെയ്യുന്നു.

4. നടത്തം ആയാസരഹിതമായ വ്യായാമമാണ്. അതുകൊണ്ടു തന്നെ അസ്ഥികളെ ബലപ്പെടു ത്താൻ അത് സഹായിക്കുന്നു.

5. നടത്തം നമ്മുടെ പ്രവർത്തനങ്ങൾക്ക് ഉത്സാഹം നൽകുകയും ഉദ്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

നടക്കാൻ മടി തോന്നുമ്പോൾ ഇക്കാരണങ്ങളെല്ലാം നമ്മൾ ഓർത്താൽ നന്ന്. പ്രകൃതിയുടെ സൗന്ദര്യം ആസ്വദിച്ച് അൽപനേരം ദിവസവും നടക്കുന്നത് ഒരു ശീലമാക്കിയാൽ മനസിനും ശരീരത്തിനും അത് ഒരുപോലെ ആസ്വാദ്യകരമായിരിക്കും. ഇപ്രാവശ്യം നടത്ത ദിനം ആഘോഷിക്കാം; അത് ഒരു ഓർമ്മപ്പെടുത്തലും മാറ്റത്തിനുള്ള ഉൽപ്രേരകവുമാകട്ടെ!

*കവിത*

# ഉത്ഥിതന്





**സൈമൺ പനക്കൽ**

നോമ്പിന്റെ അകത്തളങ്ങളിലും-
അനുതാപത്തിന്റെ ആഴങ്ങളിലും-
അനുയാത്ര ചെയ്ത് ആത്മീയതയുടെ-
ഉയിർപ്പുകളിലെത്തുന്നു ഞാൻ.

ഹൃദയം കീറിയും നീറിയും-
മാനസാന്തര സ്ഥലികളിലൂടെ-
ജീവന്റെ ഉയിർപ്പിലേക്കൊരു-
തീർത്ഥാടനം ചെയ്യുന്നു ഞാൻ.

സങ്കീർത്തന നൗകയിൽ-
സങ്കടങ്ങളുടെ കടൽകടന്ന്-
ദുഃഖവെള്ളിയുടെ ശുഭ്രമാം-
വിശുദ്ധതീരമണയുന്നു ഞാൻ.

ജീവിതയാത്രയിലെ തീരാ-
കുരിശിന്റെ വഴികൾ മഹാ-
തീർത്ഥാടനത്തിന്റെ പാതകൾ.
ഉത്ഥാനത്തിലേക്കുള്ള പടവുകൾ-
രക്ഷയുടെ പുണ്യഭൂവിലേക്കുള്ള-
പുറപ്പാടിന്റെ ആരോഹണങ്ങൾ.

മഹാസ്നാനത്തിനും-
മൗനത്തിനും മുമ്പേ-
ജീവിത നൈരന്ത്യരങ്ങളിൽ-
ഉയിർപ്പിന്റെ ആകാശങ്ങൾ-
ദിനവും തേടുന്നു ഞാൻ ...
ഉത്ഥിതനെ തേടുന്നു ഞാൻ ...

# ശരീരം ബലഹീനമെങ്കിലും ...
# നന്ദി മാത്രം



**ഡോ സിജൻ**
**മണുവേലിപ്പറമ്പിൽ**



അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ദൈവപരിപാലന ഭവനമെന്ന (*House of Providence*) വിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുന്നവരുടെ ശ്രദ്ധയെ ക്ഷണിക്കുന്ന ഒരു മേരിചേച്ചിയുണ്ട്-നടക്കാൻ കഴിയാതെ തറയിലൂടെ നീന്തുന്ന മേരിചേച്ചിയുടെ രൂപമാണ് ശ്രദ്ധയെ ക്ഷണിക്കുന്നത്. അടുത്തേക്ക് ചെല്ലുമ്പോൾ തളർന്ന കാലുകളിൽ നിന്നും നമ്മുടെ ശ്രദ്ധയെ വഴിതിരിച്ചു വിടുന്ന മേരിച്ചേച്ചിയുടെ ഹൃദയം തുറന്ന ചിരിയുണ്ട്. ഈ ചിരി നമ്മെ അത്ഭുതപ്പെടുത്തും, ജിജ്ഞാസയുള്ളവരാക്കും, സംഭാഷണത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കും. മേരിചേച്ചിയുമായി അല്പസമയം.

## ബാല്യകാല അനുഭവങ്ങൾ

ജനനത്താൽ തന്നെ കൈകാലുകൾ ശോഷിച്ച് കിടന്ന കിടപ്പിൽ ആയിരുന്ന ദിനങ്ങൾ. ആറു വർഷമെടുത്തു അമ്മയുടെയും മറ്റുള്ളവരുടെയും പരിചരണത്തിൽ ഒന്ന് അനങ്ങുവാൻ. മൂന്നു പെൺമക്കളുടെ പരിചരണത്തിൽ മുഴുകിയിരുന്ന അമ്മ മറിയക്കുട്ടിയുടെ തീവ്രമായ പരിചരണത്തിന്റെ ഫലമായിരുന്നു ആറാമത്തെ വയസ്സിൽ നിരങ്ങി നീങ്ങുവാൻ സഹായിച്ചത്. ദേവാലയത്തിന്റെയോ സ്കൂളിന്റെയോ പടിപോലും കാണുവാൻ സാധിച്ചില്ല. തറയിൽ മാത്രം ഒതുങ്ങിയ ജീവിതത്തിൽ അമ്മായി ഈശോയുടെ ചിന്തകൾ ശക്തമാക്കിക്കൊണ്ടിരുന്നു. ഈശോയുടെ ചിന്ത ശക്തമായ അവസ്ഥയിൽ 16 -ാമത്തെ വയസ്സിൽ ആദ്യമായി ഈശോയെ സ്വീകരിച്ചു. അന്നുമുതൽ ബലിയർപ്പണം അപ്രാപ്യമായിരുന്നെങ്കിലും ഈശോ ഒരു ശക്തിയായി മാറി. മറ്റുള്ളവരിൽ നിന്ന് കേട്ടുപഠിച്ച പ്രാർത്ഥനകളും വചനങ്ങളും ജീവിതശക്തിയായി മാറി. ഈശോയും പ്രാർത്ഥനയും ഒരു വികാരമായി, ശരീരത്തിന്റെ ബലഹീനതകൾ ദുഃഖമേ അല്ലാതായി. ജീവിതത്തിന്റെ പിന്നീടുള്ള വർഷങ്ങൾ! ഏതാണ്ട് 24 വർഷക്കാലത്തോളം പല പല ബന്ധുക്കളുടെ വീടുകളിലായി, കാരണം നിരങ്ങി നീങ്ങുന്ന ജീവിതമായതു തന്നെ. പല ഭവനങ്ങളിലെ ജീവിതം 35 വർഷങ്ങൾക്കു മുമ്പു വന്നു ചേർന്നത് കച്ചേരിപ്പടിയിലെ ദൈവപരിപാലന ഭവനത്തിൽ ആണ്. ഒരമ്മയുടെ ആർദ്രതയോടെ ഈ ഭവനത്തിലേക്ക് മേരിചേച്ചിയെ സ്വീകരിച്ച സിസ്റ്റർ റോസ് ലിന്റ ഓർമ്മയായെങ്കിലും മേരിച്ചേച്ചിയുടെ ജീവിതം സഹനത്തിന്റെ ഇടയിലെ കൊച്ചുത്രേസ്യായെപ്പോലെ, അൽഫോൻസാമ്മയെപ്പോലെ ആയിത്തീർന്നു. ദിവസേനയുള്ള ബലിയർപ്പണം എല്ലാം സന്തോഷത്തോടെ സ്വീകരിക്കാൻ മേരിച്ചേച്ചി പ്രാപ്തയായി. എല്ലാറ്റിനും നന്ദിമാത്രമേ ഉള്ളൂ എന്നു പറയുമ്പോൾ മനസ്സിലുയർന്ന ചോദ്യം ചോദിച്ചു-എല്ലാം ദുർഘടമായിരുന്നില്ലേ? ഹൃദയം തുറന്ന ചിരിയോടെ ഉത്തരം വന്നു. നിലത്ത് കിടന്ന് ഉരുണ്ടിരുന്ന ഞാൻ ഇന്ന് നീന്തുന്നില്ലേ, വായന അറിയാത്ത ഞാൻ ഒരുപാട് വചനം കേൾക്കുന്നില്ലേ, ഒരുപാട് പ്രാർത്ഥിച്ചുകൊണ്ട് ഈശോയോടൊപ്പം ആയിരിക്കുവാൻ കഴിയുന്നില്ലേ? എത്ര സഹനത്തിന്റെ ഇടയിലും ഇതൊക്കെ സന്തോഷമല്ലേ? അതിനാൽ നന്ദി മാത്രം.

# മോൺ. അഗസ്റ്റിൻ മാവേലി





ഷാജി ജോർജ്

ആലുവയുടെ നടവഴികളിൽ ഇന്നും ചരിത്രത്തിന്റെ സ്പന്ദന മുണ്ട്. ആവേശമുണർത്തുന്ന കാഴ്ചകൾ ഉണ്ട്. വയലാറിന്റെ കവിതകൾ സമ്പന്നമാക്കിയ ഈണങ്ങളുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള മഹാശിവരാത്രി മഹോത്സവം അരങ്ങേറുന്ന ആലുവ മണപ്പുറം, ശ്രീനാരായ ണഗുരു സ്ഥാപിച്ച അദ്വൈതാ ശ്രമം, രാഷ്ട്രപിതാവ് മഹാത്മ ഗാന്ധി, മഹാകവി രവീന്ദ്രനാഥ് ടാഗോർ, പ്രധാനമന്ത്രി ജവഹർ ലാൽ നെഹ്റു എന്നിവർ സന്ദർ ശിച്ച ആലുവ, സ്വാതന്ത്ര്യസമര ങ്ങൾക്കും ഐക്യകേരള പ്രഖ്യാ പനത്തിനും വേദിയായ ആലുവ മണപ്പുറം, തിരുവിതാംകൂർ രാജാക്കന്മാരുടെ വേനൽക്കാല വസതിയായ ആലുവ കൊട്ടാരം, കത്തോലിക്കാസഭയുടെ വൈദിക പരിശീലനകേന്ദ്രമായ മംഗലപ്പുഴ സെമിനാരി, യാക്കോബായ ഓർത്തോഡക്സ് തർക്കങ്ങൾ ഉണ്ടെങ്കിലും കുന്തിരിക്കത്തിന്റെ മണം പരത്തുന്ന തൂക്കുന്നത്ത് സെമിനാരി..... ഇവയൊക്കെ ആ ചരിത്ര വഴികളിലെ ചില സൂചനകൾ മാത്രം.

ആ ചരിത്രനഗരത്തിലാണ് 40 വർഷം സേവനം ചെയ്ത മഹാനായ മോൺസിഞ്ഞോർ അഗസ്റ്റിൻ മാവേലിയുടെ സ്ഥാനം നാം അന്വേഷിക്കേണ്ടത്. മഹാന്മാ രുടെ മഹത്വം നിർണയിക്കപ്പെടേ ണ്ടത് അവർ ആരംഭിച്ച പ്രസ്ഥാന ങ്ങളും അവർ നേതൃത്വം കൊടു ത്ത സ്ഥാപനങ്ങളും പിൻതല മുറയെ എത്രമാത്രം പ്രകാശത്തിൽ നടത്തി എന്നതിലായിരിക്കണം. അങ്ങനെയെങ്കിൽ മാവേലിയച്ചൻ തുടങ്ങിയ പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ സമൂഹത്തിന് ഇന്ന് എത്രമാത്രം വെളിച്ചം നൽകുന്നു എന്ന് അറിഞ്ഞാൽ ആ പുണ്യചരി തന്റെ പാദങ്ങളിൽ നാം അറിയാ തെ പ്രണമിക്കും. മോൺ. അഗ സ്റ്റിൻ മാവേലി ക്രാന്തദർശിയായ ഇടയനായിരുന്നു. ഉയരമുള്ള വിള ക്കുമരത്തിന് സമാനം. തലമുറകൾ ക്കുള്ള പ്രകാശം ആ മരത്തിലെ വിളക്കിൽ അദ്ദേഹം കുരുതി വെച്ചു.

1904 ഏപ്രിൽ 20ന് ഇന്നത്തെ കോട്ടപ്പുറം രൂപതയുടെ ഭാഗമായ ചാത്തനാട് ഇടവകയിലാണ് ഭാഗ്യ സ്മരണാർഹനായ മോൺ. അഗ സ്റ്റിൻ മാവേലി ജനിച്ചത്. പതിമൂ ന്നാം വയസ്സിൽ (1917 ജൂണിൽ) മൈനർ സെമിനാരിയിൽ പ്രവേ ശിച്ചു. തുടർന്ന് 1927ൽ പുത്തൻ പള്ളി സെമിനാരിയിൽ പഠനമാരംഭിച്ചു. 1932 ഡിസംബർ 30ന് വൈദികനായി. ആദ്യ നിയ മനം പള്ളിപ്പുറം മഞ്ഞുമാതാ പള്ളി സഹ വികാരിയായിട്ടായി രുന്നു. 1933 ജനുവരി 1934 ജനുവരി വരെ അവിടെ സേവനം ചെയ്തു. തുടർന്ന് അദ്ദേഹത്തെ ഗോതുരു ത്ത് സെന്റ് സെബാസ്റ്റ്യൻ പള്ളിയിലെ സഹവികാരിയായി നിയമിച്ചു. അവിടെ എട്ടുമാസമാണ് അദ്ദേഹം പ്രവർത്തിച്ചത്. 1934 ഒക്ടോബറിൽ ആലുവ സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയുടെ താൽകാലിക വികാരിയായി അദ്ദേഹം നിയമിക്കപ്പെട്ടു. ആ ചുമതല 9 വർഷം നിർവഹിച്ചു. 1943 ലാണ് അദ്ദേഹത്തെ വികാരി യായി ആലുവയിൽ തന്നെ നിയമി ക്കുന്നത്. 1975 മാർച്ച് 20 വരെ അദ്ദേഹം അവിടെ ആ പദവിയിൽ സേവനമനുഷ്ഠിച്ചു. അതായത് മരണം വരെ അദ്ദേഹം ആലുവ യിൽ കർമ്മനിരതനായിരുന്നു. ഫാ. അഗസ്റ്റിൻ മാവേലി സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകൾക്ക് അംഗീകാരമായി മാർപാപ്പ മോൺസിഞ്ഞോർ പദവി നൽകി അദ്ദേഹത്തെ ആദരിച്ചു. 1972 ഡിസംബർ 29-നാണ് പോൾ ആറാമൻ പാപ്പ ആലുവക്കാരുടെ പ്രിയപ്പെട്ട മാവേലിയച്ചന് മോൺ സിഞ്ഞോർ പദവി പ്രഖ്യാപിച്ചത്.

1973 മാർച്ച് 19ന് സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിൽ നടന്ന ദിവ്യബലി മദ്ധ്യേ ആർച്ച് ബിഷപ്പ് ജോസഫ് കേളന്തറ പിതാവിൽ നിന്നും മോൺസിഞ്ഞോർ പദവി മാവേലിയച്ചൻ സ്വീകരിച്ചു.

ആലുവ സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളി വികാരി ആയിരിക്കുമ്പോൾ തന്നെ നഗരത്തിന്റെ സമീപപ്രദേശങ്ങളിൽ ദേവാലയങ്ങൾ പണികഴിപ്പിക്കാനും വിശ്വാസികൾക്ക് ആദ്ധ്യാത്മിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് സാഹചര്യമൊരുക്കാനും മാവേലിയച്ചൻ ബദ്ധശ്രദ്ധനായിരുന്നു. മുപ്പത്തടം, മരിയാപുരം (ചൂർണിക്കര), എട്ടേക്കർ, ചൊവ്വര എന്നിവിടങ്ങളിൽ ദേവാലയങ്ങൾ അദ്ദേഹം നിർമ്മിച്ചു. ആലുവ കേരളത്തിന്റെ വ്യവസായ തലസ്ഥാനമായി മാറിയതോടെ ഉണ്ടായ വികസനത്തിൽ ഈ പ്രദേശങ്ങളിലേക്കു കുടിയേറിയ ജനങ്ങൾക്ക് ആശ്വാസകേന്ദ്രങ്ങളായി ഈ ദേവാലയങ്ങൾ. ഇന്ന് അവ വലിയ ഇടവകകളായി മാറിയിട്ടുണ്ട്.

മുടിക്കൽ, വെങ്ങോല എന്നീ രണ്ടു മിഷനുകൾക്കും അദ്ദേഹം സാരഥ്യം വഹിച്ചു. അതിരൂപതയുടെ ശ്രദ്ധ കാര്യമായി ലഭിക്കാതിരുന്ന ഈ പ്രദേശങ്ങളിൽ അദ്ദേഹം ഇടയശുശ്രൂഷ നിർവഹിച്ചു. മുടിക്കൽ വെങ്ങോല മിഷന്റെ കീഴിൽ മുടിക്കലിലും പോഞ്ഞാശ്ശേരിയിലും അദ്ദേഹം പള്ളികൾ സ്ഥാപിച്ചു. ലക്ഷംവീട് കോളനികളുടെ മാതൃകയിൽ സർക്കാർ സഹായത്തോടെ ആംഗ്ലോ ഇന്ത്യൻ സമുദായങ്ങൾക്കു വേണ്ടി പോഞ്ഞാശ്ശേരിയിൽ ഒരു കോളനി സ്ഥാപിക്കാനും അദ്ദേഹം നേതൃത്വം വഹിച്ചു. മുടിക്കലിലെ തിരുഹൃദയ ദൈവാലയവും പോഞ്ഞാശ്ശേരി ആരോഗ്യമാതാവിന്റെ പള്ളിയും ഇന്ന് സ്വതന്ത്ര ഇടവകളാണ്. മുടിക്കലിൽ സിടിസി സന്ന്യാസിനികളുടെ കോൺവെന്റും ക്യൂൻ മേരീസ് സ്കൂളും ഉണ്ട്.

വിദ്യാഭ്യാസ കലാ സാംസ്കാരിക രംഗത്തും മാവേലിയച്ചൻ നിറഞ്ഞുനിന്നു. ആലുവ സെന്റ് ഫ്രാൻസിസ് ഗേൾസ് സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തിയതും സെന്റ് സേവ്യേഴ്സ് കോളേജ് സ്ഥാപിച്ചതും മാവേലിയച്ചനാണ്. സിടിസി സിസ്റ്റേഴ്സാണ് ഈ വിദ്യാലയങ്ങളുടെ ചുമതല ഏറ്റെടുത്തത്. പെൺകുട്ടികളുടെ വിദ്യഭ്യാസത്തിൽ പ്രത്യേക നിഷ്കർഷ പുലർത്തിയ ദൈവദാസി മാർ ഏലീശ്വ സ്ഥാപിച്ച കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമലൈറ്റസ് (സിടിസി സിസ്റ്റേഴ്സ്) അങ്ങനെ ആലുവായിലെ വിദ്യഭ്യാസ വളർച്ചയ്ക്ക് കാരണക്കാരായി. പെൺകുട്ടികൾക്കുവേണ്ടി അനാഥമന്ദിരവും ബോർഡിംഗ് സ്കൂളും ആലുവയിൽ അവർ തുടങ്ങി.

ആലുവ പള്ളിയോട് ചേർന്ന് മാവേലിയച്ചൻ ആരംഭിച്ച ലിറ്റിൽ ഫ്ളവർ ക്ലബ്ബ് (*LFC*) സെന്റ് ഫിലോമിന, കാറൽസ്മാൻ തുടങ്ങിയ ചരിത്ര നാടകങ്ങൾ അവതരിപ്പിച്ചു. അന്ന് ആലുവയിൽ താമസിച്ചിരുന്ന പി.ജെ. ആന്റണിയും ആ ചരിത്ര നാടകങ്ങളുമായി സഹകരിച്ചു. തുടർന്ന് രൂപം കൊണ്ട *ACA* (ആലുവ കാത്തലിക് അസോസിയേഷൻ) നിരവധി പ്രതിഭകളെ കണ്ടെത്തി വളർത്തി. ശ്രീമൂലനഗരം വിജയൻ, വി.വി. ആന്റണി, ആന്റി ജോസ്, തോപ്പിൽ ആന്റോ ഇവരൊക്കെ ചേർന്ന് അക്കാലത്ത് സാമൂഹ്യ നാടകങ്ങളും അരങ്ങിൽ എത്തിച്ചു. അതിൽ മന്ദഭൂമി നാടകം ഏറെ ശ്രദ്ധിക്കപ്പെട്ടു. മലയാള സിനിമയുടെ വളർച്ചയിലും *ACA* പങ്കാളികളായി. ആലപ്പി വിൻസന്റ് അതിന് കാരണക്കാരനായി. ഹിന്ദി പിന്നണി ഗായകൻ മഹേന്ദ്ര കപൂർ പങ്കെടുത്ത സ്റ്റാർ നൈറ്റ് മാവേലിയച്ചന്റെ നേതൃത്വത്തിൽ ആലുവയിൽ നടന്നു. അതൊക്കെ നടന്ന കാലം കൂടി പരിഗണിക്കുമ്പോഴാണ് മാവേലിയച്ചന്റെ മഹത്വം നമുക്ക് മനസ്സിലാകൂ. *ACA* നടത്തിയ ക്രിസ്മസ് കരോളും കാരണവന്മാരുടെ ഓർമ്മയിൽ ഇന്നും ഉണ്ട്.

ആദ്ധ്യാത്മികതയിലും വിശ്വാസത്തിലും നിറഞ്ഞ സാമൂഹ്യബോധവും സർഗാത്മക കാഴ്ചപ്പാടും ഒത്തുചേർന്ന മോൺ. അഗസ്റ്റിൻ മാവേലിയുടെ അസാമാന്യജീവിതം എട്ടേക്കർ പള്ളിയുടെ സുവർണ്ണ ജൂബിലി വർഷത്തിൽ ഓർക്കുന്നത് ധന്യതയോടെയാണ്. നന്ദിയും കടപ്പാടും വാക്കുകൾക്കതീതമാണ്. ക്രിസ്തുവിന്റെ പുരോഹിതന് സ്നേഹവന്ദനം.



**എം.എസ്. അഗസ്റ്റിൻ**
**മാളിയേക്കൽ, നെട്ടൂർ**

"അവൻ തന്റെ പന്ത്രണ്ട് ശിഷ്യന്മാരെ വിളിച്ച്, അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കാനും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്താനും അവർക്ക് അധികാരം നല്കി" (മത്തായി 10:1).

ഒരുകാലത്ത് കേരളത്തിലെ തീരപ്രദേശങ്ങളിൽ നിന്നും ഉച്ചസ്ഥായിയിലുള്ള ദേവാസ്ത് ഗീതങ്ങളുടെ ആലാപനം ഒഴുകി വന്നിരുന്നു. വലിയനോമ്പ്കാല രാത്രികളുടെ നിശ്ശബ്ദതയിലൂടെ നാടുമുഴുവൻ പരന്ന ആ ഗീതങ്ങളെ, ദേവാസ്ത് വിളിയെ ഭയഭക്തികളോടെയാണ് ആളുകൾ ശ്രവിച്ചിരുന്നത്.

നോമ്പുകാലത്തെ വിശുദ്ധിയും സഹനവും മനഃപരിവർത്തനവും ഓർമ്മിപ്പിക്കുന്ന ഒരു ക്രൈസ്തവ അനുഷ്ഠാന കലാരൂപമാണ് ദേവാസ്ത് വിളി (*Devotional call*). ഒരു കലാരൂപമെന്നതിനേക്കാൾ ദേവ്സ്ത് വിളി ഒരു പ്രാർത്ഥനയും ദൈവവചന പ്രഘോഷണവുമാണ്. ഈശോമിശിഹായുടെ പീഡാനുഭവങ്ങളേയും കുരിശുമരണത്തേയും ഉയിർപ്പിനേയും അന്ത്യവിധിയേയും മനുഷ്യരുടെ ജീവിതമനുസരിച്ച് അവർക്ക് ലഭിക്കുന്ന സ്വർഗ, നരകങ്ങളെയും കുറിച്ച് ഉറക്കെ പ്രഘോഷിക്കുകയും സുവിശേഷത്തിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുന്നു.ദേവാസ്ത് വിളി, ദേവാസ്വിളി, ദേവാസവിളി എന്നെല്ലാം അറിയപ്പെടുന്ന ദേവാസ്ത് വിളിയുടെ ഈ വചന പ്രഘോഷണം നിർവ്വഹിക്കുന്നത് ലത്തീൻ കത്തോലിക്കരാണ്.

**വിശ്വാസം**

ദൈവനാമത്തിൽ ദുഷ്ടാരൂപികളിൽ നിന്നും വിടുതൽ നൽകുന്ന

# ദേവാസ്ത് വിളി




ഒരു മന്ത്രമോ, പ്രാർത്ഥനയോ ആയിട്ടാണ് ദേവാസ്ത് വിളിയെ പൊതുവെ കരുതുന്നത്. ദേവാസ്ത് വിളിക്ക് ഒരു വിശുദ്ധീകരണ ശക്തിയുണ്ട്. സാത്താനെ തകർക്കാൻ ഇറങ്ങിത്തിരിച്ച സൈന്യമെന്നാണ് ദേവാസ്ത് വിളി സംഘങ്ങളെ ആദ്യകാലങ്ങളിൽ വിശേഷിപ്പിച്ചിരുന്നത്. ദുരന്തോന്മുഖമായ സംഭവങ്ങൾ നടക്കുന്ന വീടുകളിൽ ദേവാസ്ത് വിളിക്കുകയാണെങ്കിൽ സമാധാനവും ശാന്തിയും ലഭിക്കുമെന്നുമാണ് വിശ്വാസം. ആൾപ്പാർപ്പില്ലാത്തതോ പൈശാചിക ശക്തികളുടെ ശല്യമുള്ളതായി കരുതുന്ന പറമ്പുകളിലോ ദുഷ്ടാത്മാക്കളുടെ ബാധയുള്ളതെന്നു കരുതുന്ന വീടുകളിലോ ആയിരുന്നു ഒരുകാലത്ത് ദേവാസ്ത്‌വിളി നടന്നിരുന്നത്.

**ആരംഭം**

16-ാം നൂറ്റാണ്ടിലാണ് ദേവാസ്ത് വിളി ആരംഭിച്ചത്. അക്കാലത്ത് കൊച്ചിയിൽവച്ച് വിശുദ്ധ ഫ്രാൻസീസ് സേവ്യർ (1506-1552) പോർച്ചുഗീസ് ഭാഷയിൽ ദേവാസ്ത് ഗീതങ്ങൾ എഴുതി. ഇത് പിന്നീട് മലയാളത്തിലേക്കും, തമിഴിലേക്കും പരിഭാഷപ്പെടുത്തുകയുണ്ടായി.
മലയാളത്തിൽ രണ്ടു പരിഭാഷകളുണ്ട്. ഒന്നാമത്തേത് സംസ്കൃത പദങ്ങൾ ധാരാളമുള്ള മലയാള ദേവാസ്ത് ഗീതമാണ്. ഈ ഗീതത്തെ സംസ്കൃത ദേവാസ്ത് അഥവാ വലിയ ദേവാസ്ത് എന്നു പറയുന്നു. രണ്ടാമത്തേത് തനി മലയാളപദങ്ങൾ നിറഞ്ഞ മലയാള ദേവാസ്ത് അഥവാ ചെറിയ ദേവാസ്താണ്. തമിഴ് പദങ്ങളിലുള്ള ഗീതം തമിഴ് ദേവാസ്താണ്. സംസ്കൃതം, മലയാളം ദേവാസ്ത് വിളികളാണ് ഇപ്പോൾ കൂടുതൽ പ്രചാരത്തിലുള്ളത്. ഫോർട്ട് വൈപ്പിനിൽ പോർച്ചുഗീസിലും കോതാട് തമിഴിലും ദേവാസ്ത് വിളിക്കുന്നുണ്ട്.വളരെ ഉയർന്ന സ്വരത്തിൽ രാത്രിയിലാണ് ദേവാസ്ത് വിളിക്കുന്നത്. 'ഷെമാ യിസ്രായേൽ' (*Shema Yisrael*) എന്ന യഹൂദ പ്രാർത്ഥനയാണ് ദേവാസ്ത്‌ഗീത പ്രഘോഷണത്തിന്റെ പ്രാഗ്‌രൂപം. യഹൂദർ രാവിലെയും വൈകുന്നേരവും ചൊല്ലുന്ന പ്രാർത്ഥനയാണ്, "ഇസ്രായേലേ, കേൾക്കുക" എന്നർത്ഥമുള്ള 'ഷെമാ യിസ്രായേൽ' ബി.സി. 200 നോടടുത്ത് ജറുസലെം ദേവാലയത്തിലാണ് ഇത് പാരായണം ചെയ്തു തുടങ്ങിയത്. ഷെമാ യിസ്രായേലിന്റെ ആലാപന രീതിയാണ് ദേവാസ്ത് വിളിയുടേത്. മുസ്ലീം പള്ളികളിലെ ബാങ്ക് വിളിക്കും ഇതിനോട് സാമ്യമുണ്ട്.

**വിളിക്കുന്ന സമയവും രീതിയും**

അമ്പതുനോമ്പ് ആരംഭിക്കുന്ന വിഭൂതി ബുധനാഴ്ച ദേവാസ്ത് വിളി ആരംഭിക്കുന്നു. വെള്ളിയാഴ്ച അല്ലെങ്കിൽ ചൊവ്വാഴ്ച അവധി നല്കിക്കൊണ്ട്, ആഴ്ചയിൽ ബാക്കി ആറുദിവസവും ദേവാസ്ത് വിളിച്ചിരുന്നു. വിളിക്കാരെല്ലാവരും പ്രായഭേദമെന്യേ നോമ്പെടുത്ത് പ്രാർത്ഥിച്ച് ഒരുങ്ങിയാണ് ദേവാസ്ത് വിളിച്ചിരുന്നത്. എത്ര ദൂരെയാണെങ്കിലും പാദരക്ഷകൾ ഉപയോഗിക്കാതെ, നടന്ന് ജപമാല ചൊല്ലിയാണ് ദേവാസ്ത് വിളിക്കുവാൻ പോകാറുള്ളത്.* പഴയകാലത്ത് ദേവാസ്ത് വിളിച്ചിരുന്നത് രാത്രി വളരെ വൈകി, അർദ്ധരാത്രികളിലാണ്. ഇത് ഒരുപക്ഷേ, പൈശാചിക ശക്തികൾ ഇറങ്ങുന്നുവെന്നു കരുതുന്ന ഒരു സമയമാണല്ലോ.

ദേവാസ്ത് വിളിക്കാൻ പോകുമ്പോഴും വിളിച്ച് തിരികെ വരുമ്പോഴും സംസാരിക്കുകയോ പുറകിലേക്ക് നോക്കുകയോ ചെയ്യരുതെന്നാണ് നിഷ്ഠ. അങ്ങനെ ചെയ്താൽ പൈശാചികശക്തികൾ ദേവാസ്ത് വിളിയെ തടസ്സപ്പെടുത്തുകയോ വിളിക്കാരെ ഉപദ്രവിക്കുകയോ ചെയ്യുമെന്ന് കരുതുന്നു.

ദേവാസ്ത്‌വിളി സംഘത്തിന്റെ മുമ്പിൽ നടക്കുന്നയാൾ കൈയിൽ കത്തിച്ച മെഴുകുതിരി പിടിച്ചിരിക്കും. ഇത് വിശ്വാസത്തിന്റെ പ്രതീകമാണ്. അതിനു പിന്നിലായി തോളിൽ കുരിശ് ചുമന്നുകൊണ്ട് മറ്റൊരാൾ. അവർക്ക് പുറകിലായി മറ്റു സംഘാംഗങ്ങൾ. ഇങ്ങനെ ഒറ്റ വരിയായി നടന്ന് സംഘം ദേവാസ്ത് വിളിക്കുന്ന സ്ഥലത്തെത്തുന്നു.

വിളിക്കുന്ന സ്ഥലത്തെ മണ്ണിൽ മരക്കുരിശ് ഉറപ്പിച്ച് നിർത്തുന്നു. ഭൂമിയിലുള്ള എല്ലാ അശുദ്ധിയും ഇല്ലാതാക്കാനാണ് കുരിശ് ഭൂമിയിൽ ഉറപ്പിച്ച് നിർത്തുന്നത്. തുടർന്ന് കുരിശിൽ കൈകൾ പിടിച്ച് മുട്ടിന്മേൽ നിന്നുകൊണ്ട് മെഴുകുതിരി വെളിച്ചത്തിൽ ദേവാസ്ത്‌വിളി ആരംഭിക്കുന്നു. ദേവാസ്ത് വിളിക്കുമ്പോൾ എല്ലാവർക്കും കുരിശിൽ പിടിക്കുവാൻ സൗകര്യമില്ലെങ്കിൽ കുരിശിൽ പിടിച്ചിരിക്കുന്നയാളുടെ തോളിൽ കൈവച്ചുകൊണ്ടാണ് ദേവാസ്ത് വിളിക്കുന്നത്.

കൈമണി കിലുക്കിക്കൊണ്ട് ദേവാസ്ത് വിളി ആരംഭിക്കുന്നു. 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ..., നന്മനിറഞ്ഞ മറിയമെ..., ത്രിത്വസ്തുതി' എന്നീ പ്രാർത്ഥന

കൾക്കു ശേഷം സംഘത്തിലെ ഒരാൾ ദേവാസ്ത് ഗീതത്തിലെ ആദ്യ രണ്ടുവരികൾ ചൊല്ലുന്നു. തുടർന്നുള്ള ഈരടികൾ സംഘത്തിലെ ഓരോരുത്തരും മാറിമറി ചൊല്ലി വിളി പൂർത്തിയാക്കുന്നു.

43 ഈരടികളാണ് സംസ്കൃത ദേവാസ്ത് ഗീതത്തിലുള്ളത്. 28 -ാം ഈരടി വരെ, നാല് ഈരടികൾ കഴിയുമ്പോൾ 'സ്വർഗസ്ഥനായ ..., നന്മനിറഞ്ഞ മറിയമെ..., ത്രിത്വസ്തുതി' എന്നീ പ്രാർത്ഥനകൾ ചൊല്ലുന്നു. വിളി അവസാനിപ്പിക്കുന്നതും ഈ പ്രാർത്ഥനകൾ ചൊല്ലിയാണ്. ഓരോ പ്രാർത്ഥനയ്ക്കും ശേഷം കൈമണി കിലുക്കുന്നു. ഓട്ടുമണിയാണ് സാധാരണ ദേവാസ്ത് വിളിയിൽ ഉപയോഗിക്കുന്നത്. വിശുദ്ധവാരത്തിൽ ഓട്ടുമണിക്കു പകരം മരമണി ഉപയോഗിക്കുന്നു.

ദേവാസ്ത് വിളി ആരംഭിച്ചാൽ മുഴുവനും തീരാതെ വിളി നിർത്താൻ പാടില്ലെന്ന് നിർബന്ധമാണ്. പലപ്പോഴും ദേവാസ്ത് വിളിച്ചു കൊണ്ടിരിക്കുമ്പോൾ തുടങ്ങുന്ന പെരുമഴയത്തും വലിയ കാറ്റിലും നിർത്താതെ വിളി തുടർന്ന അനുഭവങ്ങൾ ഈ ലേഖകനുണ്ട്.

**പദോല്പത്തിയും അർത്ഥവും**

ഭക്തി എന്ന് അർത്ഥമുള്ള "ദൈവോവോസിയോ" (*Devovotio*) എന്ന ലത്തീൻ പദത്തിന്റെ ചുരുങ്ങിയ രൂപമായ "ദേവോസിയോ" (*Devotio*) എന്ന പദത്തിൽ നിന്നുമാണ് 'ദേവാസ്ത' എന്ന പദത്തിന്റെ ഉത്ഭവം. വാഗ്ദാനം ചെയ്യുക, ശപഥം ചെയ്യുക, സമർപ്പിക്കുക എന്നൊക്കെയാണ് ഇതിന്റെ അർത്ഥം.പോർച്ചുഗീസ് ഭാഷയിലെ തത്തുല്യപദമാണ് "ദേവോസാവൊ" (*Devocao*). ഭക്തി, ഭക്ത്യാഭ്യാസം എന്നിങ്ങനെ അർത്ഥമുള്ള ഈ വാക്കിൽ നിന്നും'ദേവോതാം' (*Devotao*) എന്ന രൂപവും ഈ പദത്തിൽ നിന്നും മലയാളത്തിൽ 'ദേവാസ,' 'ദേവാസ്ത,' 'ദേവാസ' എന്നിങ്ങനെയുള്ള രൂപങ്ങളും ഉണ്ടായി.നശിപ്പിക്കുക, ഒഴിപ്പിക്കുക എന്നൊക്കെ അർത്ഥം വരുന്ന മറ്റൊരു പോർച്ചുഗീസ് വാക്കാണ് "ദേവാസ്ത" (*Devasta*).

ഉറക്കെ വിളിക്കുന്നതിനാൽ വിളിയെന്ന പേര് കൂട്ടിച്ചേർക്കപ്പെട്ടു. ('ക്രൈസ്തവ ശബ്ദകോശം' - ഡോ. ജോർജ് കുരുക്കൂർ)

**നെട്ടൂർ ദേവാസ്ത് സംഘം**

ദേവാസ്ത് വിളിയിൽ വരാപ്പുഴ അതിരൂപതയിലെ നെട്ടൂരിന് പതിറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. വെണ്ടുരുത്തിയിൽ ദേവാസ്ത് വിളിച്ചിരുന്നവരുടെ തുടർച്ചയാണ് നെട്ടൂരിലെ ദേവാസ്ത് വിളി സംഘം. വെണ്ടുരുത്തിയിലെ ദേവാസ്ത് വിളിക്കാരനായിരുന്ന പരേതനായ പി.സി. വർഗീസ് പനക്കൽ ആശാനും ശിഷ്യന്മാരുമാണ് നെട്ടൂരിൽ ദേവാസ്ത്വിളി ആരംഭിച്ചത്. കൊച്ചി നേവൽ ബെയ്സിന് സ്ഥലമേറ്റെടുത്തതിനെ തുടർന്ന് വെണ്ടുരുത്തിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട വർഗീസ് ആശാനുൾപ്പെടെയുള്ള 250 ലേറെ ലത്തീൻ കത്തോലിക്കാ കുടുംബങ്ങൾ 1942 -44 കാലത്ത് നെട്ടൂരിൽ താമസമാക്കി. നെട്ടൂർ ഇടവക ആരംഭിച്ചത് വെണ്ടുരുത്തിയിൽ നിന്നും കുടിയേറിയവരാണ്.നെട്ടൂർ ദേവാസ്ത് സംഘം സംസ്കൃതം, മലയാളം, തമിഴ് ഭാഷകളിലുള്ള ദേവാസ്ത് ഗീതങ്ങൾ വിളിച്ചിട്ടുണ്ട്. ഇപ്പോൾ വിളിച്ചുകൊണ്ടിരിക്കുന്നത് സംസ്കൃത ദേവാസ്താണ്. ഈ ലേഖകൻ ഉൾപ്പെടെ ഒമ്പതു പേരാണ് ഇപ്പോൾ സംഘത്തിലുള്ളത്.

വരാപ്പുഴ അതിരൂപതാ ശതോത്തര ജൂബിലിയുടെ ഭാഗമായി നടത്തിയ ' അമ്മമരം' ലൈറ്റ് ആന്റ് സൗണ്ട് ഷോയിൽ (2012) നെട്ടൂർ സംഘം ദേവാസ്ത് വിളി അവതരിപ്പിക്കുകയുണ്ടായി. ലിയൊ തദേവൂസ് സംവിധാനം ചെയ്ത 'പന്ത്രണ്ട്' എന്ന സിനിമയിൽ (2022) ദേവാസ്ത് ഗീതങ്ങൾ ആലപിച്ചിരിക്കുന്നത് നെട്ടൂർ ദേവാസ്ത് സംഘമാണ്. പള്ളികളിലും വീടുകളിലുമായി ആലപ്പുഴ, എറണാകുളം ജില്ലകളിൽ പതിനഞ്ചോളം സ്ഥലങ്ങളിൽ നെട്ടൂർ ദേവാസ്ത്വിളി സംഘം ദേവാസ്ത് വിളിച്ചിട്ടുണ്ട്.



**അച്ചൻ മിഷൻ പ്രവർത്തന രംഗത്തേക്ക് വരാനുണ്ടായ കാരണം എന്തായിരുന്നു?**

കപ്പൂച്ചിൻ സഭ എന്നുപറയുന്നത് ഒരു മിഷനറി സഭയാണ്. ഞങ്ങളുടെ ഒരു മെയിൻ ഫോക്കസ് മിഷൻ പ്രവർത്തനമാണ്. അതുകൊണ്ടുതന്നെ സഭയിൽ ചേരുമ്പോൾ തന്നെ എനിക്ക് ലഭിച്ച തിരിച്ചറിവും ഉൾക്കാഴ്ചയും മിഷൻ പ്രവർത്തനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കേണ്ടിവരും എന്നതുതന്നെയാണ്. അതിനായി മാനസികവും ആത്മീയവുമായ എല്ലാ തയ്യാറെടുപ്പുകളും നടത്തിയിരുന്നു. സെമിനാരിയിൽ ചേരാൻ പോകുന്നതിനു മുൻപ് തന്നെ അമ്മൂമ്മ ഉൾപ്പെടെയുള്ളവർ പറഞ്ഞത് അതിലേക്ക് പോകേണ്ട എന്നതാണ്. ദൂരദേശങ്ങളിൽ സേവനം ചെയ്യേണ്ടിവരും എന്നുള്ള വിഷമമാണ് അവർ പങ്കുവച്ചത്. ഓഡിനേഷനു മുമ്പ് ഞങ്ങളുടെ സഭാധികാരികൾ

# മിഷനറി മാഹാത്മ്യം

***പിറന്ന നാടും വീടും ഉപേക്ഷിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യേശുവിന്റെ സുവിശേഷം പ്രഘോഷിക്കാൻ ഇറങ്ങിത്തിരിച്ചവരാണ് മിഷനറിമാർ. കാലഘട്ടത്തിന്റെ വെല്ലുവിളികൾ അതിജീവിച്ചുകൊണ്ട്, ചെന്നെത്തുന്ന ഇടങ്ങളിലെ പരിമിതമായ സാഹചര്യങ്ങൾ അതിജീവിച്ച് പാവപ്പെട്ടവർക്കും പതിതർക്കും നവ സുവിശേഷ സാക്ഷ്യമാകുന്ന ഈ മിഷനറിമാരെ നമുക്ക് ഒരിക്കലും വിസ്മരിക്കാനാവില്ല. പടിഞ്ഞാറൻ ആഫ്രിക്കയിലെ ഘാനയിൽ 9 വർഷമായി മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന വരാപ്പുഴയിലെ ചേരാനെല്ലൂർ നിത്യ സഹായമാതാ ഇടവകാംഗമായ കപ്പുച്ചിൻ വൈദികൻ ഫാ. ലിപ്സൺ തന്റെ അനുഭവങ്ങൾ ജീവദീപ്തിയുമായി പങ്കുവയ്ക്കുന്നു.***

ചോദിച്ചപ്പോൾ പൂർണ്ണ മനസ്സോടുകൂടിയാണ് ഞങ്ങൾ മിഷൻ പ്രവർത്തനത്തിന് തയ്യാറാണെന്ന സമ്മതം മൂളിയത്.

പടിഞ്ഞാറൻ ആഫ്രിക്കയിലെ ഘാനയിൽ സെന്റ് ഫ്രാൻസിസ് കപ്പുച്ചിൻ പ്രൊവിൻസിന്റെ ഭാഗമായാണ് ഞാൻ മിഷൻ പ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്നത്. വൈദികപട്ടം കിട്ടിയിട്ട് ഒരു വർഷത്തിനു ശേഷം 2016 ലാണ് ഘാനയിലേക്ക് വരുന്നത്. 9 വർഷമായി ഇവിടെ സേവനം ചെയ്യുന്നു. മിഷൻരംഗവുമായി ബന്ധപ്പെട്ട് ദൂരദേശങ്ങളിൽ പ്രവർത്തിക്കുന്ന വൈദികരും സന്ന്യസ്തരുമൊക്കെ ഇടവകപ്പള്ളിയിൽ വെക്കേഷൻ സമയത്ത് വരുമ്പോൾ പങ്കുവയ്ക്കുന്ന അനുഭവങ്ങൾ കേൾക്കുന്നതും പ്രചോദനമായിരുന്നു. എന്റെ അമ്മൂമ്മയുടെ അനുജൻ ഝാൻസി രൂപതയിൽ മിഷൻ പ്രവർത്തനത്തിനായി പോയ വ്യക്തിയാണ്. മറ്റൊരു ബന്ധുവായ ഈശോസഭാംഗം ജോസഫ് കളത്തിൽ അച്ചൻ അനുഭവിച്ചതും പ്രവർത്തിച്ചതുമായ മിഷൻ അനുഭവങ്ങൾ പകർന്ന് എന്നെ പലപ്പോഴും പ്രോത്സാഹിപ്പിരുന്നു.

**ഘാനയിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗവും സാമ്പത്തിക സ്രോതസ്സും എന്താണ്?**

പൊതുവേ കൃഷിയാണ് ആഫ്രിക്ക യിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം. ഞങ്ങൾ ജോലി ചെയ്യുന്ന ഘാനയിൽ പുതിയ തലമുറയിലെ കുട്ടികൾ വിദ്യാ ഭ്യാസത്തിലൂടെ കൂടുതൽ മെച്ചപ്പെട്ടു വരുന്നുണ്ട്. അതുകൊണ്ട് മറ്റ് തൊഴിൽ സാധ്യതകളും അവർ കണ്ടെത്തുന്നു. അധ്യാപനവും നഴ്സിംഗും ഉൾപ്പെടെ പുതിയ തലമുറയിലെ കുട്ടികൾ മാറി ചിന്തിച്ച് തുടങ്ങിയിട്ടുണ്ട്.എങ്കിലും പ്രധാന വരുമാന സ്രോതസ്സ് ഇപ്പോഴും കൃഷി തന്നെയാണ്. ഞങ്ങൾ നിൽക്കുന്ന വില്ലേജിൽ യാം എന്ന കിഴങ്ങുവർഗമാണ് കൃഷി ചെയ്യുന്നത്. പിന്നെ ചോളവും മറ്റ് ധാന്യങ്ങളുമൊക്കെ അവരുടെ വരുമാനമാർഗമാണ്.

**ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും ഇടയിലുള്ള സുവിശേഷ പ്രവർത്തനങ്ങൾ അച്ചന് നൽകിയ തിരിച്ചറിവുകൾ എന്തൊക്കെയാണ്?**

ഒരു കപ്പൂച്ചിൻ വൈദികനായ മിഷനറി എന്ന നിലയിൽ എന്റെ ഏറ്റവും വലിയ തിരിച്ചറിവ് എന്റെ ദൈവവിളിയും കടമയും അന്യ ദേശത്ത് ദൈവരാജ്യം പ്രഘോഷിക്കുവാനും യേശുവിനെ കാണിച്ചു കൊടുക്കാനും ഉള്ളതാണ് എന്നതു തന്നെയാണ്. ക്രിസ്തു



**സിബി ജോയ്**

പറയുന്നതുപോലെ സുവിശേഷം പ്രസംഗിക്കാനായി നമുക്ക് അടുത്ത ഗ്രാമങ്ങളിലേക്ക് പോകാം. നമുക്ക് ഇനിയും ഏറെ ചെയ്യാനുണ്ട് എന്ന തിരിച്ചറിവാണ് ഓരോ ദിവസവും ഞങ്ങളെ നയിക്കുന്നത്. ഒരു സ്ഥലത്ത് തന്നെ സുരക്ഷിത താവളം തേടി നിൽക്കുന്നതിനേക്കാൾ നല്ലത് ക്രിസ്തുവിനെ പ്രഘോഷിക്കാനായി കൂടുതൽ വെല്ലുവിളികൾ നിറഞ്ഞ അടുത്ത സ്ഥലത്തേക്ക് സഞ്ചരിക്കുന്നതാണ്.

വിദ്യാഭ്യാസ മേഖലയിലും, ആതുര ശുശ്രൂഷാ രംഗത്തും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തു

ന്നതിനയി നമുക്ക് ചെയ്യാൻ പറ്റാവുന്ന നിരവധി കാര്യങ്ങൾ ചെയ്യണം എന്നുള്ള ബോധ്യം ഓരോ മിഷനറിക്കും ഉണ്ട്. ജീവിതത്തിൽ കൂടുതൽ കെട്ടുപാടുകളും ബന്ധങ്ങളും ഒക്കെ ഇല്ലാത്തതുകൊണ്ട് പുതിയ സ്ഥലങ്ങളിലേക്ക് പോകുമ്പോൾ ഒരു ആശുലത തോന്നാറില്ല. അതുകൊണ്ടുതന്നെ ചെന്നെത്തുന്ന ഇടങ്ങളിലെ ആളുകളുമായി കൂടുതൽ ഇടപഴകാനും മനസിലാക്കാനും സാധിക്കുന്നുണ്ട്. എല്ലാവർക്കും എത്തിപ്പെടാനും ആയിത്തീരാനും സാധിക്കുന്ന ഒരു സംവിധാനം അല്ല മിഷൻ പ്രവർത്തനം എന്നത്. അതൊരു ദൈവനിയോഗമാണ്. ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ഓരോ മിഷനറിയും ദൈവരാജ്യം പ്രഘോഷിക്കുന്നു.

സാമ്പത്തികമായും പ്രാർത്ഥന യിലൂടെയും മറ്റുതരത്തിലുമൊക്കെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നവർ നിരവധിയുണ്ട്. ജീവിത സാഹചര്യങ്ങൾ നിമിത്തം പലർക്കും മിഷൻ പ്രദേശങ്ങളിൽ പ്രവർത്തിക്കാനായി സാധിക്കില്ലായിരിക്കാം. എന്നാൽ അതിന് ഉപകാരപ്രദമായ അനുബന്ധ സഹായങ്ങൾ ചെയ്യുന്നതിലൂടെ അവരും മിഷനറിമാരായി മാറുകയാണ്.

**ദീർഘമായ മിഷൻ പ്രവർത്തന കാലയളവിൽ ഉള്ളിൽ തട്ടിയ നിരവധി അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടാകുമല്ലോ. ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങൾ പങ്കുവയ്ക്കാമോ?**

നിരവധിയായിട്ടുള്ള അനുഭവങ്ങൾ ഓർത്തെടുക്കാൻ സാധിക്കും. അതിൽ പ്രധാനമായിട്ടും മിഷനറീസ് ഓഫ് ആഫ്രിക്ക എന്ന സഭയിലെ ഒരു വൈദികന്റെ കുടുംബത്തെക്കുറിച്ചുള്ളതാണ്. നവരംഗോ ബോൾഗത്താംഗ എന്ന രൂപതയിലെ മരിയൻ തീർത്ഥാടന കേന്ദ്രത്തിലാണ് ഞാൻ ആദ്യം സേവനം ചെയ്തത്. ആ ഇവെ കാംഗമായിരുന്ന വൈദികന്റെ കുടുംബവുമായി ഞാൻ അടുപ്പത്തിലായിരുന്നു. വിശ്വാസജീവിതത്തിൽ ഉറച്ചുനിൽക്കുവാനായി അവർ അനുഭവിക്കുന്ന പ്രതിസന്ധിയെപ്പറ്റിയാണ് ഈ വൈദികന്റെ പിതാവ് പലപ്പോഴും എന്നോട് സംസാരിച്ചുകൊണ്ടിരുന്നത്. അവിടെയൊക്കെ ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും കത്തോലിക്കർ ആകണമെന്നില്ല. അവരുടെ വിശ്വാസ ജീവിതത്തിന് വലിയ ദൈർഘ്യം ഒന്നും ഉണ്ടായിരുന്നില്ല.

പാരമ്പര്യമായി കത്തോലിക്കാ വിശ്വാസികളല്ലായിരുന്നു ഇവർ. ആ കുടുംബത്തിലെ ഏറ്റവും മുതിർന്ന വ്യക്തിയായിരുന്നു ഈ വൈദികന്റെ പിതാവ്. അതുകൊണ്ടുതന്നെ കുടുംബത്തിലെ എല്ലാ ചടങ്ങുകൾക്കും ഇദ്ദേഹം നേതൃത്വം നൽകണമായിരുന്നു. ഇവരുടെ കുടുംബാംഗങ്ങൾ എല്ലാവരും തന്നെ ഇദ്ദേഹത്തെ കത്തോലിക്കാ വിശ്വാസം ഉപേക്ഷിക്കണമെന്ന് നിർബന്ധിച്ചുകൊണ്ടിരു ന്നു. സാമ്പത്തികമായി വളരെയേ റെ ബുദ്ധിമുട്ട് അനുഭവിച്ചപ്പോഴും, പ്രതിസന്ധികളും പ്രലോഭനങ്ങളും അലട്ടിയപ്പോഴും യേശുവിനെ കൈവിടാതെ വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ ആ കുടുംബം കാണിച്ച ധീരത ഒരിക്കലും മറക്കാനാവില്ല.

**ദൈവവിളിക്ക് അനുകൂലമായ സാഹചര്യങ്ങൾ അവിടെ ഉണ്ടാകാറുണ്ടോ?**

തീർച്ചയായും ഉണ്ട്. മറ്റു രാജ്യങ്ങളിൽ ദൈവവിളി കുറഞ്ഞ സാഹചര്യത്തിൽ ഉറ്റു നോക്കുന്നത് ആഫ്രിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിലാണ്. മിഷൻ പ്രവർത്തനങ്ങൾക്ക് ഒപ്പം തന്നെ സഭയുടെ വളർച്ചയും മിഷനറിമാർ ലക്ഷ്യമിടുന്നുണ്ട്. വൈദികരാകാൻ താല്പര്യമുള്ളവരും മിഷൻ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായവരും ഇവിടെയുണ്ട്.

**ദിവ്യബലി അർപ്പിക്കുന്നതിനും കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് അവിടെ നിലവിലുള്ളത്?**

ഇവിടത്തെ ഗ്രാമപ്രദേശങ്ങളിൽ വലിയ ദേവാലയങ്ങളോ വിപുലമായ സംവിധാനങ്ങളോ ഒന്നുമില്ല. അതേസമയം പട്ടണങ്ങളിൽ ചെന്നാൽ ഒരുപക്ഷേ വലിയ ദേവാലയങ്ങൾ കാണാൻ സാധിക്കും. വൈദികരുടെ എണ്ണം കുറയുന്നതും പലപ്പോഴും ജനങ്ങളുടെ ഇടയിലേക്ക് എത്തിച്ചേരാൻ സാധിക്കാത്തതും വിശ്വാസ ജീവിതത്തെ ബാധിക്കുന്നുണ്ട്. ചിലയിടങ്ങളിലൊക്കെ വൈദികരുടെ അഭാവത്തിൽ വിദ്യാഭ്യാസവും അറിവുമുള്ള മതാധ്യാപകരെ വിശ്വാസ പരിശീലനത്തിന് നിയോഗിക്കാറുണ്ട്. പക്ഷേ പലയിടത്തും ആളുകളെ കിട്ടാനില്ലാത്ത അവസ്ഥയാണ്. അതൊരു വലിയ വെല്ലുവിളി തന്നെയാണ് പല വില്ലേജുകളിലും വലിയ സൗകര്യങ്ങൾ ഒന്നുമില്ല. സർക്കാർ സ്കൂളിന്റെ വരാന്തയിലോ മരത്തിന്റെ ചുവട്ടിലോ ഒക്കെയാണ് ചിലയിടങ്ങളിൽ ദിവ്യബലി അർപ്പിക്കപ്പെടുന്നത്. സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നതിന് അനുസരിച്ച് ഓരോ വില്ലേജിലും സൗകര്യപ്രദ മായ രീതിയിൽ ചെറിയ ദേവാല യങ്ങൾ നിർമ്മിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

**വാഹനസൗകര്യവും ആശുപത്രികളും അപര്യാപ്തമായ ഇടങ്ങളിൽ അടിയന്തര സാഹചര്യമുണ്ടാകുമ്പോൾ എന്താണ് സ്വീകരിക്കുന്നത്?**

ആ പ്രദേശങ്ങളിലെ ഏറ്റവും വലിയ പ്രതിസന്ധി ഇതുതന്നെയാണ്. കൂടുതൽ മെച്ചപ്പെട്ട വാഹന ഗതാഗത സൗകര്യവും നല്ല റോഡുകളും ഇനിയും അവിടെ ഉണ്ടായിട്ടില്ല. ജനങ്ങൾക്ക് എന്തെങ്കിലും അസുഖം പിടിപെട്ടാൽ അത് ഉടനെ കണ്ടെത്തുന്നതിനും അടിയന്തര ചികിത്സ നടത്തുന്നതിനും മരുന്നുകൾ ലഭ്യമാക്കുന്നതിനും വലിയ സംവിധാനങ്ങൾ ഒന്നുമില്ല. അത് മെച്ചപ്പെടുത്തുന്നതിന് ഭരണാധികാരികളുടെ ഇടപെടലുകൾ ആവശ്യമാണ്.

**വിദ്യാഭ്യാസപരമായും തൊഴിൽപരമായും ഏറെ പിന്നിലായ അവിടത്തെ ജനതയെ കൈപിടിച്ചു യർത്തുന്നതിന്**

**സഹായകമായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ?**

തികച്ചും സാധാരണക്കാരായ അവിടത്തെ ജനങ്ങളെ വിദ്യാഭ്യാസപരമായ രീതിയിൽ കൈപിടിച്ച് ഉയർത്തുന്നതിനായി കപ്പുച്ചിൻ സഭയുടെ നേതൃത്വത്തിൽ ചില വില്ലേജുകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാത്ത കുട്ടികളെ ഈവനിംഗ് ക്ലാസുകളിൽ എത്തിച്ച് പഠനം പൂർത്തിയാക്കുവാനും മുതിർന്ന ക്ലാസുകളിലേക്ക് നയിക്കുവാനും സാധിക്കുന്നുണ്ട്. അതുപോലെതന്നെ തൊഴിൽ രംഗത്ത് അവരെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതിനായി ബ്രെഡ് മേക്കിങ്, ടൈലറിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. കുടിവെള്ളത്തിനായി ഒരു പൊതു ജലവിതരണ പദ്ധതി അവിടെയില്ല. ഞങ്ങൾ സേവനം ചെയ്യുന്ന പല വില്ലേജുകളിലും അതിനായി ബോർവെൽ സംവിധാനങ്ങൾ ഒരുക്കി അവർക്ക് കുടിവെള്ള സൗകര്യം ചെയ്തുകൊടുക്കാറുണ്ട്.


**ഒരു മിഷനറി നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണ്?**

ഓരോ മിഷനറി വൈദികനും മനസിലാക്കേണ്ട ഒരു കാര്യം കത്തോലിക്ക വിശ്വാസി എന്ന നിലയിൽ എന്റെ ആത്യന്തികമായ കടമയും ഉത്തരവാദിത്തവുമാണ് മിഷനറി പ്രവർത്തനം എന്ന തിരിച്ചറിവ് ഉണ്ടാകണം. വിളിക്കുള്ളിലെ വിളിയാണ് ഇതെന്ന ബോധ്യം ചിലപ്പോഴൊക്കെ ഇല്ലാതെ പോകുന്നു. പുറംരാജ്യങ്ങളിൽ നിന്ന് വരുന്ന മിഷനറിമാർ ആ പ്രദേശത്തെ സാമൂഹിക വ്യവസ്ഥയുമായി ഇഴുകിച്ചേരാൻ ഉള്ള കാലതാമസം, പ്രാദേശിക ഭാഷകൾ ആർജിച്ചെടുക്കാനുള്ള സമയം, പ്രതികൂല കാലാവസ്ഥ, ഇതൊക്കെ വലിയ വെല്ലുവിളി തന്നെയാണ്.

*കവിത*

# യേശു





**ഫാ. ജോസഫ് കാരിക്കശ്ശേരി**

രാത്രിയുടെ തണുപ്പിൽ
മുറിവുകളും ആയാസ
മനുഭവിച്ച
ഭാഗങ്ങളും വേദനിച്ചു.
യേശു പിതാവിനോട്
പിറുപിറുത്തു.
'വീണ്ടും മല്ലിടാൻ ശക്തിയില്ല
വീണ്ടും പോരാടേണ്ടിവരാതിരു
ന്നെങ്കിലെന്ന്,
ഞാൻ അത്രമേൽ
ആഗ്രഹിക്കുന്നു.
എന്നാൽ രാത്രി കനത്തപ്പോൾ
അവൻ വീണ്ടും പൊരുതി.
പോരാട്ടം അർത്ഥശൂന്യമാ
ണെന്ന്
'ഏലീ ... ഏലീ...'
അവൻ കരഞ്ഞു.
ആദ്യമായവൻ തനിക്കുവേണ്ടി
കരഞ്ഞു.
കരച്ചിലിനിടയിൽ
അവനോർക്കാൻ ശ്രമിച്ചു.
മുൻപെപ്പോഴെക്കെയാണ്
താൻ കരഞ്ഞത്?
സ്നേഹിതൻ ലാസർ
മരിച്ചപ്പോൾ
പ്രാണനും കൊണ്ടോടിയ
പാപം ചെയ്തവളുടെ
ആത്മാവിലേക്കു നോക്കിയ
പ്പോൾ...
തന്റെ വസ്ത്രവിതുമ്പിൽ
രക്തം വാർന്നവൾ തൊട്ടപ്പോൾ
പൊക്കം കുറഞ്ഞവൻ
ആൾക്കൂട്ടത്തിൽ
ഉയരുന്ന
തിരമാലകൾക്കിടയിൽ
പൊങ്ങിയും താണുമാന്ദോളനം
തീർത്തപ്രത്യക്ഷമാകുന്ന
കുഞ്ഞു സ്രാവിനെപ്പോലെ
അപ്രത്യക്ഷമായപ്പോൾ...
കല്യാണ വിരുന്നിൽ വീഞ്ഞു
തീർന്നപ്പോൾ
ഒഴിഞ്ഞ വീഞ്ഞ് കുടങ്ങളിൽ
തുളുമ്പി തുളുമ്പിയിറ്റുവീഴുന്ന
വീഞ്ഞിനെ സ്വപ്നം
കണ്ടവനെ
കണ്ടപ്പോൾ...
ബത്സയ്ദായിലെ
കുളക്കരയിലെ
ഏകാകിയെ കണ്ടപ്പോൾ...
മനുഷ്യർ മരങ്ങളെപ്പോലെ
നടക്കുന്നതു കണ്ടപ്പോൾ
കുഷ്ഠം പിടിച്ചവന്റെ
അറ്റുപോയ തള്ളവിരലിന്റെ
സ്ഥാനത്ത് തള്ളിനിന്ന
എല്ലിൻകഷണം
തന്റെ കാലിൽ ഘർഷിച്ച
പ്പോൾ...
നയീമിലെ കുഞ്ഞുമരിച്ച
അമ്മയെ കണ്ടപ്പോൾ ...
ഓർമയുടെ ഉർവ്വര
നിമിഷങ്ങളിൽ
നിന്നവനുണർന്നു
തനിക്കുവേണ്ടി താൻ കരയുന്നു
കുറ്റബോധത്താലവൻ
ആക്രോശിച്ചു;
'എന്റെയല്ല, എന്റെയല്ല
നിന്റെ ഹിതം ......
പിതാവേ നിന്റെ ഹിതം....'
ചിരിക്കുന്ന വെള്ളിക്കാശിനെ
നോക്കിയവൻ പറഞ്ഞു.
'വരൂ... ഝല്ലിഝങ്കാരങ്ങൾ
തീർത്തു വരൂ...
ചന്തയിൽ അടിമയെ
എന്നപോലെ
എനിക്കുവേണ്ടി വിലപേശൂ...'
ഇരുട്ടിനുവേണ്ടി വെളിച്ചത്തെ
ഒറ്റിക്കൊടുക്കുന്ന
ശപ്തരാത്രിയുടെ
ആത്മാവിൽ
നിന്നുയർന്നൊരു
രോദനം ...
എല്ലാം സഫലമായി...
ഒരു കാട്ടുകോഴി മൂന്നാമതും
കൂകി!

# ബിഷപ്പ് വിക്ടർ സാൻ മിഗ്വേൽ ഒ.സി.ഡി. 30-ാം ചരമവാർഷികം



**ജോസഫ് മാനിഷാദ്**
**മട്ടയ്ക്കൽ**
**കൊങ്ങോർപ്പിള്ളി**

*മനുഷ്യന്റെ ഓർമ്മകൾക്ക് നിറം മങ്ങുമെങ്കിലും നിത്യവിസ്മയങ്ങൾ ചിലരുടെ ഓർമ്മപ്പെടുത്തലുകളായി ലോകത്ത് അവശേഷിച്ചിട്ടുണ്ടാകും. അങ്ങനെ കേരളസഭയിൽ ഒരിക്കലും വിസ്മൃതിയിൽ അലിയാൻ പാടില്ലാത്ത ചില അടയാളങ്ങളുടെ തലതൊട്ടപ്പനെ ഓർക്കുകയാണിവിടെ. കേരള കത്തോലിക്കാസഭയിലെ ആയിരക്കണക്കിന് വൈദികർ ഒരുകാലത്ത് റീത്ത്ഭേദമെന്യേ സെമിനാരിപഠനം നിർവ്വഹിച്ച മംഗലപ്പുഴ സെമിനാരി, കാർമ്മൽഗിരി സെമിനാരി, വടവാതൂർ സെമിനാരി എന്നിവയുടെ രാജശില്പി ലോകം വിട്ടുപോയിട്ട് 30 വർഷം തികയുന്ന ഈ വേളയിൽ, അദ്ദേഹത്തിന്റെ സേവനങ്ങളെ പൊതുസമൂഹത്തിൽ ഉയർത്തിക്കാണിച്ച് നന്ദിയുള്ളവരായി മാറാനുള്ള മനസ്സ് ഈ ഓർമ്മദിനത്തിൽ നമ്മിൽ നിറയട്ടെ. സ്റ്റീഫൻ ലിയോ സാൻ മിഗ്വേൽ എന്ന അഭിവന്ദ്യ ബിഷപ്പ് വിക്ടർ സാൻ മിഗ്വേലിന്റെ ഓർമ്മകളാകട്ടെ, ഈ മാസം ചരിത്രവിളക്കിൽ.*



H.L. Bishop Victor San Miguel, OCD (Deceased)
SECOND VICAR APOSTOLIC OF KUWAIT (1976 – 1981)

കേരളസഭയുടെയും പ്രത്യേകിച്ച്, വരാപ്പുഴ അതിരൂപതയുടെയും ചരിത്രത്തിൽ വിസ്മരിക്കാനാവാത്ത വിദേശ മിഷണറി ശ്രേഷ്ഠനായ അഭിവന്ദ്യ ബിഷപ്പ് വിക്ടർ സാൻ മിഗ്വേൽ ഒ. സി.ഡി.യുടെ 30-ാം ചരമ വാർഷികം ഏപ്രിൽ 4-നാണ്. വരാപ്പുഴ അതിരൂപതയിലെ പ്രേഷിത രംഗത്തും സാമൂഹ്യ, വിദ്യാഭ്യാസ മേഖലയിലും വൈദികപഠനരംഗത്തും മഹത്തായ സേവനങ്ങൾ ചെയ്ത ഇദ്ദേഹം, കേരളസഭയുടെ മൊത്തം വൈദിക പഠനരംഗത്ത് കാഴ്ചവച്ച സുകൃതങ്ങൾ ഇന്നും അനുസ്യൂതം തുടരുന്നു. ബഹുഭാഷാപണ്ഡിതൻ, ചരിത്രപഠനഗ്രന്ഥകർത്താവ്, സെമിനാരി പ്രൊഫസർ, കൂടാതെ, കുവൈറ്റിലെ അജഗണങ്ങളുടെ പ്രിയ ഇടയനുമായിരുന്ന ഇദ്ദേഹത്തിന്റെ 121-ാം ജന്മവാർഷികവും ഈ ഏപ്രിലിൽ തന്നെ.

1904 ഏപ്രിൽ 21-ന് സ്പെയിനിലെ ബിസ്ക്കായ്ക്കടുത്ത ലെക്കെയ്ഷിയോ എന്ന ഗ്രാമത്തിൽ ജനിച്ച അദ്ദേഹം പ്രാഥമികപഠനശേഷം കർമ്മലീത്താസഭയിൽ ചേർന്നു. 1921-ൽ വ്രതവാഗ്ദാനം നടത്തി. ദൈവശാസ്ത്രവിദ്യാർത്ഥിയായിരിക്കേത്തന്നെ തിരുപ്പട്ടം സ്വീകരിക്കാൻ ഭാഗ്യം ലഭിച്ച അപൂർവ്വം പേരിലൊരാൾ. ഇന്ത്യയിലെ മിഷൻ പ്രവർത്തനങ്ങളിൽ തീക്ഷ്ണത പൂണ്ടുനിന്ന ഇദ്ദേഹത്തെ ദൈവം നമുക്കായി ഒരുക്കിയ വഴികൾ ആലോചിക്കുമ്പോൾത്തന്നെ, ദൈവതിരുമുമ്പിൽ നാം അറിയാതെ തലകുനിച്ചുപോകും. വരാപ്പുഴയിൽനിന്നും പുത്തൻപള്ളിയിലേക്ക് മാറ്റപ്പെട്ട സെമിനാരിയുടെ അക്കാലത്തെ റെക്ടർ ഫാ. ജോൺ ജോസഫ് ഒ.സി.ഡി. സെമിനാരിയുമായി ബന്ധപ്പെട്ട് യൂറോപ്പിലെത്തിയ സമയത്ത് ബ്രദർ മിഗ്വേലിനെ കാണാനിടയാവുകയും അദ്ദേഹത്തിലുള്ള മിഷണറി ചൈതന്യം മനസ്സിലാക്കി, ദൈവശാസ്ത്രപഠനം തീരുവാൻ ഒരു കൊല്ലം ബാക്കി നില്ക്കേ, തിരുപ്പട്ടം നല്കാൻ അധികാരികളോടഭ്യർത്ഥിക്കുകയും അദ്ദേഹത്തിലെ ചൈതന്യം മനസ്സിലാക്കി അവിടത്തെ സഭാധികാരികൾ പൗരോഹിത്യം നല്കുകയും ചെയ്തു.

1928 ജൂൺ 1-ന് വൈദികനായ അദ്ദേഹം പുത്തൻപള്ളി സെമിനാരി റെക്ടറുടെ അഭ്യർത്ഥന മാനിച്ച്, ഭാരതത്തിൽ മിഷൻ പ്രവർത്തനങ്ങൾക്കായി മേലധികാരികളുടെ അനുവാദത്തോടെ ആ വർഷം ഒക്ടോബർ 11-ന് കേരളത്തിലെത്തി. പുത്തൻപള്ളി സെമിനാരിയിൽ സാമൂഹികശാസ്ത്രം പ്രൊഫസറായി ചുമതലയേറ്റ

അദ്ദേഹം തന്റെ വായനയും അറിവും അഗാധപാണ്ഠിത്യവും വാക്കുകളായും പിന്നീട് വിവിധ ഭാഷകളിൽ ഈടുറ്റ 18 വിലപ്പെട്ട ഗ്രന്ഥങ്ങളായും ലോകത്തിന് നല്കി. പുത്തൻപള്ളിയിലെ പ്രൊക്കുറേറ്ററായിരിക്കേ, അവിടത്തെ അനവധി ഉത്തരവാദിത്തങ്ങൾ നന്നേ ചെറിയ പ്രായത്തിൽ പക്വതയോടെ നിർവ്വഹിച്ചു.

പുത്തൻപള്ളിയിലായിരിക്കേ, ആലുവ മംഗലപ്പുഴ സെമിനാരി നിർമ്മാണം തുടങ്ങിയപ്പോൾ ആലുവ സെമിനാരിയുടെ മുഴുവനുമായും അദ്ദേഹത്തിന് മാറേണ്ടിവന്നു. തന്നിലെ ശില്പകല കരിങ്കല്ലിൽ കവിതയായി വിരിയിച്ച മഹാപ്രതിഭയായിരുന്നു അദ്ദേഹം. മംഗലപ്പുഴ സെമിനാരിയും ശില്പകലാചാതുരി വിളിച്ചോതുന്ന മംഗലപ്പുഴ സെമിനാരിയിലെ ചാപ്പലും കരിങ്കല്ലിൽ രൂപംകൊണ്ട പ്രാർത്ഥനയുടെ ദൈവികാനുഭവമാണ്. കരിങ്കല്ലിൽ കെട്ടിടം പണിയുന്ന ശൈലി കേരളത്തിലെത്തിച്ച ഈ രാജശില്പിയുടെ ഭാവനാചാതുര്യവും ദീർഘവീക്ഷണവും നാമൊക്കെ അറിഞ്ഞിരിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ കർശനനിരീക്ഷണത്തിന്റെ കഥ പറയുന്ന ഈ സെമിനാരിയുടെ ഓരോ ഇഞ്ചും നിത്യവിസ്മയമായി നിലകൊള്ളുമ്പോൾ അദ്ദേഹത്തെ എങ്ങനെ കേരളസഭയ്ക്ക് മറക്കാനാവും? അവിടത്തെ തിരുസ്വരൂപങ്ങളും പൂജാപാത്രങ്ങളും ദേവാലയമണികളും വിവിധ വർണ്ണങ്ങളിലെ ജനൽച്ചില്ലുകളും സ്വന്തം നാടായ സ്പെയിനിൽനിന്നും അദ്ദേഹം ഇറക്കുമതി ചെയ്തതാണ്.

അദ്ദേഹം നിർമ്മിച്ച കാർമ്മൽഗിരി സെമിനാരിയുടെ ശില്പഭംഗിയും കാണേണ്ടതുതന്നെ. കോട്ടയത്തെ വടവാതൂർ സെമിനാരിക്കായി സ്ഥലം കണ്ടെത്തിയതും നിർമ്മിച്ചതും ഇദ്ദേഹംതന്നെ. ഇന്ന് സീറോ-മലബാർ സഭയുടെ കൈവശമുള്ള ഈ സെമിനാരിയുടെ സ്ഥലം ഫാ. വിക്ടറിന്റെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്നതും പ്രത്യേകം ഓർക്കപ്പെടേണ്ടതാണ്.




വിജയപുരം രൂപതാ കത്തീഡ്രലായ കോട്ടയം നല്ലിടയൻ ദേവാലയം, റോമിലെ സെന്റ് പീറ്റർ ബസിലിക്കയുടെ മാതൃകയിലുള്ള മുഖവാരത്തോടെ നിർമ്മിച്ചിട്ട് 60 വർഷം പൂർത്തിയായി. കൊല്ലം രൂപതയിലെ കൊട്ടിയത്ത് കർമ്മലീത്താസന്ന്യാസിനികളുടെ മഠവും എറണാകുളം കച്ചേരിപ്പടിയിലുള്ള വിമലാലയവും ഇദ്ദേഹത്തിന്റെ കരവിരുത് തന്നെ.

1951-ൽ ഫാ. വിക്ടറിനെ കേരളത്തിലെ സോഷ്യൽ സർവ്വീസസ് ഡയറക്ടറായി അന്നത്തെ അഖിലേന്ത്യാ തലവനായിരുന്ന അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവ് നിയമിച്ചു. പാവങ്ങളും നിരാലംബരുമായ അനേകായിരങ്ങൾക്ക് താങ്ങായി അനവധി പദ്ധതികൾ രൂപമെടുത്തു. 1958-ൽ എറണാകുളത്ത്, കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും ഒരു ലക്ഷം യുവതീയുവാക്കൾ പങ്കെടുത്ത കേരള കത്തോലിക്കാ യുവജനോത്സവം ചരിത്രസംഭവമാക്കിയതിന്റെ മുഖ്യ സംഘാടകനും ശില്പിയും ഫാ. വിക്ടറായിരുന്നു.

1966-ൽ റോം, അദ്ദേഹത്തെ കുവൈറ്റ് രൂപതയുടെ അഡ്മിനിസ്ട്രേറ്ററാക്കി നിയമിച്ചു. പത്താം വർഷം, 1976-ൽ ആ രൂപതയുടെ മെത്രാനാക്കി നിയമിച്ചു. ദൈവാലയങ്ങളും സ്കൂളുകളും മറ്റനവധി സ്ഥാപനങ്ങളും അവിടെ അദ്ദേഹം പണി കഴിപ്പിച്ചു. 1978-ൽ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിച്ചശേഷം 1982 മാർച്ച് 7-ന് അദ്ദേഹം വിരമിച്ചു. സ്വന്തം നാട്ടിലേക്ക് മടങ്ങാതെ, ഭാരതത്തിലേക്ക് തിരിച്ചെത്തി. ആന്ധ്രാപ്രദേശിലെ ഖമ്മം ജില്ലയിൽ വെംസൂറിൽ ഒരു സാധാരണ മിഷണറിയായി, മരണംവരെ ജീവിച്ചു. അവിടെ ഒരു ദൈവാലയവും ആരോഗ്യമാതാ ആശുപത്രിയും സ്ഥാപിച്ച അദ്ദേഹം അന്നാട്ടിലെ പാവങ്ങൾക്കായി ജീവിതം ചെലവഴിച്ചു. ഖമ്മത്ത് ജീവിച്ചുവെങ്കിലും തന്റെ യൗവനം 38 വർഷത്തോളം ചെലവഴിച്ച വരാപ്പുഴയെ അദ്ദേഹം അത്രമേൽ സ്നേഹിച്ചിരുന്നു. അതിനാൽ, വരാപ്പുഴ അതിരൂപതയിലെ എല്ലാ പ്രധാന പരിപാടികളിലും ആ സ്നേഹത്തിന്റെ പേരിൽ മരണംവരെ അദ്ദേഹം സംബന്ധിച്ചിരുന്നു.

കേരളസഭയ്ക്കും ആഗോള കത്തോലിക്കാസഭയ്ക്കും മഹത്തായ സംഭാവനകൾ നല്കിയ കർമ്മനിരതനും മനുഷ്യസ്നേഹിയുമായ അഭിവന്ദ്യ വിക്ടർ സാൻ മിഗ്വേൽ പിതാവ് 91-ാം വയസ്സിൽ, 1995 ഏപ്രിൽ 4-ന് ദൈവസന്നിധി ചേർന്നു. കേരളസഭയുടെ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിച്ച ബിഷപ്പ് വിക്ടറിനെ സംസ്കരിച്ചിരിക്കുന്നത് ആന്ധ്രയിലെ വെംസൂറിലാണ്. 121-ാം ജന്മദിനവും 30-ാം ചരമ വാർഷികവും തികയുന്ന ഈ വേളയിൽ ഭാരതം കണ്ട മഹാ മിഷണറിയുടെ സ്മരണയ്ക്ക് മുന്നിൽ വരാപ്പുഴ അതിരൂപത പ്രണാമമർപ്പിക്കുന്നു.

# വാർത്തകൾ

NEWS

*.മൂലമ്പിള്ളി പാക്കേജിൽ ഉറപ്പുനൽകിയ ജോലി ആർക്കൊക്കെ ലഭിച്ചുവെന്ന് സർക്കാർ ധവളപത്രം ഇറക്കുക! കെ.സി.വൈ.എം. ചാത്യാത്ത് മേഖലാ സമ്മേളനം ആവശ്യപ്പെട്ടു.*

.

വടുതല, സെന്റ്. ആന്റണിസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട കെ.സി.വൈ.എം. ചാത്യാത്ത് മേഖലാ സമ്മേളനം കെ.എൽ.സി.എ. സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ് ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി, ചാത്യാത്ത് ഫെറോനാ വികാരി ഫാ. ആന്റണി ചെറിയകടവിൽ, സഹ വികാരി ഫാ. സ്റ്റിനിൽ റാഫേൽ ചനാശേരി, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ., വടുതല കെ.സി.വൈ.എം. യൂണിറ്റ് പ്രസിഡന്റ് ആന്റണി ഫിൻസൻ എന്നിവർ സംസാരിച്ചു. ചാത്യാത്ത് മേഖലാ സമിതിയെ നയിക്കാൻ പുതിയ ഭാരവാഹികളായി ഡാനിയൽ രാജു പ്രസിഡന്റായും, ഷാരോൺ ഷൈജൻ സെക്രട്ടറിയായും, സാനിയ റോബർട്ട് വൈസ് പ്രസിഡന്റായും, ആന്റണി ഫെലിക്സ് യൂത്ത് കൗൺസിലറായും തിരഞ്ഞെടുക്കപ്പെട്ടു. കെ.സി.വൈ. എം. വരാപ്പുഴ അതിരൂപത ട്രഷറർ ജോയ്സൺ പി.ജെ., എക്സിക്യൂട്ടീവ് അംഗങ്ങളായ ദിൽമ മാത്യു, വിനോജ് വർഗീസ്, ഫെർഡിൻ ഫ്രാൻസിസ് വിവിധ യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

*സുവർണ്ണ ജൂബിലി വർഷത്തോടനുബന്ധിച്ച്, കഴിഞ്ഞ അമ്പത് വർഷത്തിനിടെ നിര്യാതരായ നേതാക്കൾക്കും വൈദികർക്കുമായി അനുസ്മരണ ദിവ്യബലി അർപ്പിച്ച് കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത*

കെ.സി.വൈ.എം വരാപ്പുഴ അതിരൂപതയുടെ സുവർണ്ണ ജൂബിലി വർഷത്തോടനുബന്ധിച്ച്, കഴിഞ്ഞ അമ്പത് വർഷത്തിനിടെ നമ്മിൽ നിന്ന് വിടവാങ്ങിയ കെ.സി.വൈ.എം.-നെ സ്നേഹിച്ച് പരിപോഷിപ്പിച്ച അഭിവന്ദ്യ പിതാക്കന്മാരുടെയും, വൈദികരുടെയും, സന്ന്യാസിനിമാരുടെയും, നേതാക്കന്മാരുടെയും ആത്മശാന്തിക്കായി, സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിൽ അനുസ്മരണ ദിവ്യബലി അർപ്പിച്ചു.'കെ.സി.വൈ.എമ്മിനുവേണ്ടി ത്യാഗം ചെയ്തവർ അവരുടെ ജീവിതത്തിൽ അതിന്റെ ഫലം അനുഭവിക്കും' വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റെ വാക്കുകൾ ദിവ്യബലിക്ക് കൂടുതൽ പ്രാധാന്യം നൽകി. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച അനുസ്മരണ ദിവ്യബലിയിൽ വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമികത്വം വഹിക്കുകയും അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവ് സഹകാർമികനാകുകയും ചെയ്തു. വരാപ്പുഴ അതിരൂപത പരിസ്ഥിതി കമ്മീഷൻ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കറുകപ്പള്ളി വചന പ്രഘോഷണം നിർവഹിച്ചു. ദിവ്യബലിയിൽ റവ. മോൺ. മാത്യു കല്ലിങ്കൽ, ചാൻസിലർ ഫാ. എബിജിൻ അറക്കൽ, പ്രൊക്യൂറേറ്റർ ഫാ. ഡോ. മാത്യു സോജൻ മാളിയേക്കൽ, കത്തീഡ്രൽ വികാരി ഫാ. പീറ്റർ കൊച്ചുവീട്ടിൽ, മറ്റു ബഹുമാനപ്പെട്ട വൈദികരും സഹകാർമികരായി. കെ.സി. വൈ.എം വരാപ്പുഴ അതിരൂപതാ ഡയറക്ടർ ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി നന്ദിപ്രഭാഷണം നടത്തി. കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി ആനിമേറ്റർ സി. മെൽന ഡിക്കോത്ത, വൈസ് പ്രസിഡന്റ് അക്ഷയ് അലക്സ്, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതാ ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ., ട്രഷറർ ജോയ്സൺ പി.ജെ., ആനിമേറ്റർ സി. മെർലിറ്റ സി.ടി.സി, മുൻകാല കെ.സി.വൈ.എം. നേതാക്കന്മാർ, കെ.എൽ.സി.എ. നേതാക്കന്മാർ, വൈദികർ, സന്ന്യാസിനികൾ, കെ.സി. വൈ.എം. വരാപ്പുഴ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളായ ദിൽമ മാത്യു, അരുൺ വിജയ് എസ്, വിനോജ് വർഗീസ്, ഫെർഡിൻ ഫ്രാൻസിസ്, അരുൺ സെബാസ്റ്റ്യൻ, മേഖലാ ഭാരവാഹികൾ, വിവിധ യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. 'വിശ്വാസത്തിന്റെ വഴികളിൽ അവർ നൽകിയ സംഭാവനകളെ ഓർമ്മിച്ച്, പ്രാർത്ഥനയുടെ ശാന്തിമയമായ അനുഗ്രഹത്തിൽ കെ.സി.വൈ.എം മുന്നോട്ട്..."

*ലഹരിയെന്ന മഹാവിപത്തിനെ നേരിടാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങണം: വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ*

കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ലഹരി വിരുദ്ധ പ്രതിജ്ഞ യജ്ഞം അതിരൂപതാതല ഉദ്ഘാടനം വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പ്രത്യാശ തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുകയും കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത നേതാക്കന്മാർക്ക് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു.
കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് അധ്യക്ഷത വഹിച്ചു. വികാർ

ജനറൽമാരായ മോൺ. മാത്യു ഇലഞ്ഞിമറ്റം, മോൺ. മാത്യു കല്ലിങ്കൽ, ചാൻസിലർ ഫാ. എബിജിൻ അറക്കൽ, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ഡയറക്ടർ ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി, ലാറ്റിൻ സംസ്ഥാന സമിതി വൈസ് പ്രസിഡന്റ് അക്ഷയ് അലക്സ്, വരാപ്പുഴ അതിരൂപത സെക്രട്ടറി ഫാ. സ്മിജോ ജോർജ്, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതാ ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ, ആനിമേറ്റർ സി.മെർലിറ്റ സി.ടി.സി., ട്രഷറർ ജോയ്സൺ പി.ജെ., വൈസ് പ്രസിഡന്റ് അരുൺ വിജയ് എസ്. എന്നിവർ സന്നിഹിതരായിരുന്നു. യൂണിറ്റ് തല ലഹരി വിരുദ്ധ പ്രതിജ്ഞാ യജ്ഞത്തിൽ വിവിധ യൂണിറ്റുകളിലായി കുർബാനയ്ക്കുശേഷം ആയിരക്കണക്കിന് ആളുകൾ പങ്കെടുത്തു.

### *കേരളത്തിലെ ക്യാമ്പസുകൾ ലഹരി മാഫിയ ഹബ്ബായി മാറുന്നു! ലഹരിയുടെ ഉറവിടം കണ്ടെത്താൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് തൈക്കൂടം - കത്തീഡ്രൽ മേഖല സമ്മേളനം ആവശ്യപ്പെട്ടു.*

കെ.സി.വൈ.എം. തൈക്കൂടം-കത്തീഡ്രൽ മേഖലാ സമ്മേളനം കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത മുൻ പ്രസിഡന്റ് പ്രൊഫ. വി.എക്സ്. സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ. എം വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി, കുരീക്കാട് ഇടവക വികാരി ഫാ. ലിജോ ഓടത്തക്കൽ, കെ.സി. വൈ.എം വരാപ്പുഴ അതിരൂപത മുൻ പ്രസിഡന്റ് അഡ്വ. ജിജോ കെ.എസ്, ബ്രദർ സെലസ്റ്റീൻ, കെ.സി.വൈ.എം വരാപ്പുഴ അതിരൂപത ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ., കുരീക്കാട് കെ.സി.വൈ.എം യൂണിറ്റ് പ്രസിഡന്റ് മിഥുൻ വർഗീസ്, കെ.സി.വൈ.എം വരാപ്പുഴ അതിരൂപത വൈസ് പ്രസിഡന്റ് ദിൽമ മാത്യു, വിനോജ് വർഗീസ് എന്നിവർ സംസാരിച്ചു. തൈക്കൂടം-കത്തീഡ്രൽ മേഖലാ സമിതിയെ നയിക്കാൻ പുതിയ ഭാരവാഹികളായി അലൻ ജോസഫ് പ്രസിഡന്റായും, ജോമോൻ സെക്രട്ടറിയായും, അമല റോസ് വൈസ് പ്രസിഡന്റായും, അലൻ അരുൺ യൂത്ത് കൗൺസിലറായും തിരഞ്ഞെടുക്കപ്പെട്ടു. കെ.സി.വൈ.എം വരാപ്പുഴ അതിരൂപത ട്രഷറർ ജോയ് സൺ പി.ജെ, വിവിധ യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

### *ഇമ്മാനുവൽ ലോപ്പസ് ബൈബിൾ ക്വിസ് : അതിരൂപതാതല മത്സരം*

വരാപ്പുഴ അതിരൂപത മതബോധന കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദൈവദാസൻ ഇമ്മാനുവൽ ലോപ്പസ് മെമ്മോറിയൽ ബൈബിൾ ക്വിസിന്റെ അതിരൂപതാതല മത്സരങ്ങൾ ഏപ്രിൽ 13 ന് നടക്കും. ഓരോ ഇടവകകളിൽ നിന്നും വിജയികളായ ടീമുകളാണ് ഇതിൽ പങ്കെടുക്കേണ്ടത്.

### *അതിരൂപതാതല സ്കോളർഷിപ്പ് പരീക്ഷ*

ഈ വർഷത്തെ അതിരൂപതാതല സ്കോളർഷിപ്പ് പരീക്ഷ 2025 ഏപ്രിൽ 6 ന് കച്ചേരിപ്പടി സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.-ൽ നടക്കും.
സിലബസ് : ടെക്സ്റ്റ് ബുക്ക് 70 %
ലൂക്ക: 17–24, എഫേ: 1–6 (15%)
ഭാരത ക്രൈസ്തവരുടെ അപ്പോസ്തോലിക പൈതൃകം, ഭാരതത്തിലെ റോമൻ കത്തോലിക്കർ രണ്ടുംകൂടി (15%)

### *ഹെഡ്മാസ്റ്റർ, സെക്രട്ടറി യോഗം*

ഇടവകയിലെ ഹെഡ്മാസ്റ്റർമാരുടെയും സെക്രട്ടറിമാരുടെയും യോഗം മെയ് 11ന് ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് ആശീർഭവനിൽ ചേരുന്നു.

### *ഡിഡാക്കേ 2025*

പുതിയ അധ്യായന വർഷത്തിന് ആരംഭം കുറിച്ചുകൊണ്ടുള്ള മതാധ്യാപകരുടെ കൺവെൻഷൻ ഡിഡാക്കെ മെയ് 18 ന് രാവിലെ 9.30 മുതൽ 4.30 വരെ നടക്കും.

### *ബിസിടിസി*

പുതിയ മതാധ്യാപകർക്കായുള്ള പരിശീലനം മെയ് 23, 24, 25 തീയതികളിൽ ആശിർഭവനിൽ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ എത്രയുംവേഗം പേരുകൾ മതബോധന ഓഫീസിൽ രജിസ്റ്റർ ചെയ്യണം.

### *വായ്പാമേള സംഘടിപ്പിച്ചു*

വരാപ്പുഴ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്വയംസഹായ സംഘങ്ങൾക്കുള്ള വായ്പ വിതരണ മേള കേരള പിന്നോക്ക വിഭാഗ കോർപറേഷൻ സഹകരണത്തോടെ സംഘടിപ്പിച്ചു. എറണാകുളം സോഷ്യൽ സർവ്വിസ് സൊസൈറ്റി ഡയറക്ടർ ഫാദർ ആന്റണി സിജൻ മണുവേലിപറമ്പിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപറേഷൻ ഡയറക്ടർ അഡ്വക്കേറ്റ് ഉദയകുമാർ പി. പി. ലോൺ മേള ഉദ്ഘാടനം ചെയ്തു. 87,50,000 രൂപ സ്വയംസഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ വായ്പയായി നൽകി. കേരള പിന്നോക്ക വിഭാഗ

കോർപറേഷൻ എറണാകുളം ജില്ല അസിസ്റ്റന്റ് ജനറൽ മാനേജർ വേണുഗോപാൽ പി.എൻ. പിന്നോക്ക വിഭാഗ ലോണുകളെ കുറിച്ച് വിശദീകരിച്ചു. എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി അസിസറ്റന്റ് ഡയറക്ടർ ഫാ. റോഷൻ നെയ്ശ്ശേരി, ക്രഡിറ്റ് ഡിപ്പാർട്ട്മെന്റ് കോ ഓഡിനേറ്റർ സാലി സാബു എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു.

## *സ്വയംതൊഴിൽ പരിശീലനം സംഘടിപ്പിച്ചു*

വരാപ്പുഴ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇ.എസ്.എസ്.എസ്. സെന്റർ ഫോർ ലേണിംഗിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ സംരംഭകരാകാൻ താൽപര്യമുള്ള 60 വനിതകൾക്ക് രണ്ട് ദിവസത്തെ ഫ്രീ പേപ്പർ ബാഗ് പരിശീലനം നൽകുകയുണ്ടായി. എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ആന്റണി സിജൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. കോ ഓഡിനേറ്റർ സാലി സാബു പരിപാടിക്ക് നേതൃത്വം നൽകി.

## *ഇ.എസ്.എസ്.എസ്. വനിതാദിന റാലിയും സംഗമവും നടത്തി*

വരാപ്പുഴ അതിരൂപത സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി (ഇ.എസ്.എസ്.എസ്.) യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 1200 ഓളം സ്ത്രീ സ്വയംസഹായ സംഘങ്ങൾ ഉജ്ജ്വലനി - 2025 എന്ന പേരിൽ വനിതാദിന റാലിയും സംഗമവും നടത്തി. മറൈൻ ഡ്രൈവിൽ വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു കല്ലിങ്കൽ വനിതാദിന റാലി ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് നടന്ന സമ്മേളനത്തിന്റെ ഉദ്ഘാടനം വരാപ്പുഴ അതിരൂപത സഹായമെത്രാൻ ആന്റണി വാലുങ്കൽ നിർവഹിച്ചു. ഇ.എസ്.എസ്.എസ്. ഡയറക്ടർ ഡോ. സിജൻ മണുവേലിപ്പറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ അസി. ഡയറക്ടർ ഫാ. റോഷൻ റാഫേൽ നെയ്ശ്ശേരി, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ലിസ്സി സെബാസ്റ്റ്യൻ, വരാപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുറാണി, കൗൺസിലർ മനു ജേക്കബ്, കവിയത്രി ലൈസ വർഗീസ്, മിമിക്രി ആർട്ടിസ്റ്റ് എബി മൈക്കിൾ, മിനി സിൽവി എന്നിവർ പ്രസംഗിച്ചു. ഈ വർഷം സിൽവർ ജൂബിലി ആഘോഷിക്കുന്ന 48 സ്വയംസഹായ സംഘങ്ങളെയും, മികവു പുലർത്തിയ വനിതകളെയും, ക്യാൻസർ രോഗികൾക്കായി തങ്ങളുടെ മുടി മുറിച്ചു നൽകിയ 37 വനിതകളെയും, വനിതാ ദിനത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവരെയും ചടങ്ങിൽ ആദരിച്ചു.

## *ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം ' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ*

*1.ഫാ. ലൈജു കണ്ടനാട്ടുതറ50,000 രൂപ*
*2.സെന്റ് പീറ്റർ ചർച്ച്, വടുതല20,000 രൂപ*
*3.സെന്റ് ആന്റണീസ് ഷ്റൈൻ, കലൂർ10,000 രൂപ*
*4.ഔർ ലേഡി ഓഫ് ഹെൽത്ത് ചർച്ച്, പോഞ്ഞശ്ശേരി10,000 രൂപ*
*5.സെന്റ് ജൂഡ് തദേവൂസ് ചർച്ച്, എട്ടേക്കർ10,000 രൂപ*
*6.നിത്യസഹായമാതാ ചർച്ച് വള്ളുവള്ളി20,000 രൂപ*
*7.കെ.എൽ.സി.ഡബ്ല്യു.എ. പാലാരിവട്ടം5,001 രൂപ*
*8.സെന്റ് ജോസഫ് ചർച്ച് ആൻഡ് ഷ്റൈൻ ഓഫ് സെന്റ് ജൂഡ്, തേവര15,000 രൂപ*
*ആകെ1,40,001 രൂപ*

DIRECTORATE OF FAMILY UNITS
ARCHDIOCESE OF VERAPOLY

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2025 ഏപ്രിൽ 27 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ. പുതിയ ഭാരവാഹികൾ പങ്കെടുക്കുക

FAMILY COMMISSION
ARCHDIOCESE OF VERAPOLY

**ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ഏപ്രിൽ മാസത്തെ പരിപാടികൾ:**

-വിവാഹ ഒരുക്ക കോഴ്സ്
ഏപ്രിൽ 4, 5, 6
രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.
-മാതൃവേദി കൂട്ടായ്മ
ഏപ്രിൽ 12
രാവിലെ 10.30 ന്
-വിധവ സംഗമം (അൽമാന)
ഏപ്രിൽ 26 രാവിലെ 9.30 ന്
ഏകസ്ഥകൂട്ടായ്മ
ഏപ്രിൽ 24 രാവിലെ 10.30 ന്

(റോമ 8:31-39)

ബൈബിൾ
വിചിന്തനം

# ഉയിർപ്പും മനഃപരിവർത്തനവും





ഡോ. വിൻസെന്റ്
വാര്യത്ത്

ഉയിർപ്പാഘോഷം ആഴമുള്ള ആഘോഷമാക്കി മാറ്റുന്നതിന് മൂന്നു തരത്തിലുള്ള മനഃപരിവർത്തനം നമ്മിൽ ഉണ്ടാകണമെന്ന് ഫ്രാൻസിസ് പാപ്പാ നമ്മെ ഓർമ്മപ്പെടുത്തുന്നു.

**1.അവിശ്വാസത്തിൽ നിന്നും വിശ്വാസത്തിലേക്കുള്ള മനഃപരിവർത്തനം**

നമ്മളെല്ലാം ഈ ലോകത്ത് തീർത്ഥാടകരാണ്. വിശ്വാസത്തിന്റെ യാത്രികരായ നമ്മൾ, ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന കാനാൻ ദേശത്തേക്ക് പുറപ്പാട് നടത്തുന്നവരാണ്. അവിശ്വാസത്താലും, ഭയത്താലും, പ്രതീക്ഷ ഇല്ലായ്മയാലും നിശ്ചലരായി നിൽക്കാതെ അടിയുറച്ച വിശ്വാസത്തിൽ മുന്നേറേണ്ടവരാണ് നമ്മൾ. ഈ ലോകത്തിൽ യാത്രക്കാർ മാത്രമാണ് നമ്മൾ എന്ന കാര്യം മറന്നുകൊണ്ട് നമ്മുടെ കംഫർട്ട് സോണുകളിൽ നമ്മൾ ഉറഞ്ഞുപോകുന്നുണ്ടോ എന്ന് സ്വയം ചോദിക്കാൻ പാപ്പ ആഹ്വാനം ചെയ്യുന്നു.

**2.സ്വാർത്ഥതയിൽനിന്നും നിസ്വാർത്ഥതയിലേക്കുള്ള മനഃപരിവർത്തനം**

വിശ്വാസത്തിന്റെയും പ്രത്യാശയുടെയും തീർത്ഥാടകർ ആയ നമ്മൾ ഒറ്റക്കല്ല യാത്ര നടത്തുന്നത്. പൗലോസ് അപ്പോസ്തലൻ ഓർമ്മപ്പെടുത്തുന്നതുപോലെ നമ്മളെല്ലാം ഒരേ പിതാവിന്റെ മക്കളാണ് (ഗലാ. 3:26-28). അതുകൊണ്ടുതന്നെ പരസ്പരസ്നേഹത്തോടെ ഒരു കൂട്ടായ്മ ആയിട്ടാണ് നമ്മൾ സ്വർഗോന്മുഖ യാത്ര നടത്തേണ്ടത്. നമ്മുടെ ജീവിതത്തിൽ നിന്നും ഒരുപാട് പേരെ ഒഴിവാക്കുന്നുണ്ടോ നമ്മൾ? മറ്റുള്ളവരുടെ കാര്യത്തിൽ തീർത്തും ഉദാസീനഭാവം ആണോ നമുക്കുള്ളത്? ഒറ്റപ്പെട്ട തുരുത്തുകളായി നമ്മൾ മാറുന്നുണ്ടോ? മറ്റുള്ളവരെ ഹൃദയപൂർവ്വം സ്വീകരിക്കാനുള്ള മനഃസ്ഥിതി നമുക്കുണ്ടോ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ സ്വയം ചോദിക്കാൻ പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു.

**3.നിരാശയിൽ നിന്നും പ്രത്യാശയിലേക്ക് മനഃപരിവർത്തനം**

ക്രിസ്ത്യാനികൾ ക്രിസ്തുവിലുള്ള പ്രത്യാശയിൽ മുന്നേറേണ്ടവരാണ്. ഉത്ഥാനത്തിന്റെ വിജയത്തിലേക്ക് യാത്ര ചെയ്യുന്നതിനെക്കുറിച്ചാണ് ഓരോ ക്രിസ്ത്യാനിയും ഓരോ ദിവസവും ചിന്തിക്കേണ്ടത്. രോഗമോ ദുരിതമോ മരണമോ ഒന്നും ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ നിന്നും നമ്മളെ പിന്തിരിപ്പിക്കാൻ പാടില്ല (റോമാ. 8:38-39). ആവിലായിലെ അമ്മത്രേസ്യയുടെ പ്രാർത്ഥന പോപ്പ് ഫ്രാൻസിസ് ഉദ്ധരിക്കുന്നുണ്ട്: "എന്റെ ആത്മാവേ! പ്രത്യാശിക്കുക! എന്റെ ആത്മാവേ! പ്രത്യാശിക്കുക! വരാനിരിക്കുന്ന ദിവസമോ മണിക്കൂറോ നിനക്ക് അറിഞ്ഞുകൂടാ, പക്ഷേ ശ്രദ്ധയോടുകൂടി ഉണർന്നിരിക്കുക.' ഉയിർപ്പനുഭവത്തിന് വേണ്ടി പ്രത്യാശയോടെ കാത്തിരിക്കുവാനും ഉണർന്നു പ്രവർത്തിക്കുവാനും സ്നേഹത്തിൽ ജീവിക്കുവാനും നമ്മൾ എല്ലാവരും ശ്രദ്ധിക്കണം. യഥാർത്ഥ ഉയിർപ്പനുഭവം നമ്മിൽ ഉണ്ടാകണമെങ്കിൽ നമ്മുടെ അവിശ്വാസം മാറ്റി വിശ്വാസം കൂട്ടി, സ്വാർത്ഥത മാറ്റി നിസ്വാർത്ഥത കൂട്ടി, നിരാശ മാറ്റി പ്രത്യാശ കൂട്ടി മുന്നോട്ടു നീങ്ങാൻ നമുക്ക് സാധിക്കണം. ഈസ്റ്റർ കാലയളവിൽ ഈ മൂന്നുതരത്തിലുള്ള മനഃപരിവർത്തനം നമ്മിൽ ഉണ്ടാകട്ടെ!

***ചോദ്യങ്ങൾ***

*1.ക്രൈസ്തവ വിശ്വാസം ആഴപ്പെടുത്താൻ നമുക്കെന്തെല്ലാം ചെയ്യാനാകും?*
*2.എല്ലാ ദിവസവും നിരാശ പരത്തുന്ന വാർത്തകൾ പ്രചരിക്കുന്ന ഈ കാലഘട്ടത്തിൽ സദ്വാർത്തയുടെ പ്രചാരകരായി മാറാൻ നമുക്ക് എങ്ങനെ സാധിക്കും?*
*3.നമ്മുടെ കുടുംബ യൂണിറ്റിൽ കൂട്ടായ്മ വളർത്താൻ പ്രായോഗികമായി എന്തെല്ലാം ചെയ്യാനാകും?*

പിൻമൊഴി

# ചുരുട്ടി വച്ചിരുന്ന തൂവാല പറഞ്ഞ കഥ



**ഫാ. യേശുദാസ്**
**പഴമ്പിള്ളി**



കല്ല് മാറ്റപ്പെട്ട ശവകുടീരത്തിലെ കഥയ്ക്ക് ദൃക്സാക്ഷികൾ ഇല്ലെങ്കിലും, ചുരുട്ടിവച്ചിരുന്ന തൂവാല വലിയൊരു സാക്ഷിയായി.

പറഞ്ഞ വാക്ക് പാലിച്ചവൻ ഉയിർത്തപ്പോൾ...

സിരകളിൽ വീണ്ടും ആത്മാവിന്റെ തീപിടിച്ച രക്തം ഒഴുകിയമർന്നപ്പോൾ...

“ഈസ്റ്റർ” എന്ന സുവിശേഷമുണ്ടായി.

തൂവാലയെ നിസ്സാരമായി കരുതരുത്. അത് സാക്ഷിയായത് പലരും കാണാൻ ആഗ്രഹിച്ച കാഴ്ചയ്ക്കാണ്. കേവലം അടിമപ്പെണ്ണിനും, കോഴി കൂകലിനുമിടയിൽ കർത്താവിനെ തള്ളിപ്പറഞ്ഞവനും പുതപ്പുപേക്ഷിച്ച് നഗ്നനായി ഓടിപ്പോയവനും, പിന്നെ നാശത്തിന്റെ പുത്രനും ഒരുവേള, കാണാൻ ആഗ്രഹിച്ച കാഴ്ച....

ആ കാഴ്ചയെക്കുറിച്ച് ചുരുട്ടി വച്ചിരുന്ന തൂവാല ആയിരം നാവോടെ നാളേറെയായി പറയുന്നുണ്ട്. ഒരുവിധത്തിൽ അതൊരു ഉണർത്തുപാട്ടാണ്. ഒറ്റ പ്രസംഗത്തിൽ മൂവായിരം പേരെ സ്വന്തമാക്കിയ അത്ഭുതത്തിന്റെ ചടുലതയുള്ള ത്രസിപ്പിക്കുന്ന പാട്ട്. നൂറ്റാണ്ടുകൾക്കിപ്പുറത്തും ജീവിതത്തിന്റെ ചുടുകാറ്റിൽ തളർന്നുപോകുന്നവന് താങ്ങും തണലും തണ്ണീരുമാകുന്ന പാട്ട്. ആ പാട്ടിന്റെ ശീല് കടന്നുവരുന്നത് നിസ്സാരമായ ഒരു തൂവാലയ്ക്കുള്ളിൽ നിന്നാണ്... ആരും കാണാതെപോയ എന്നാൽ ആ തൂവാല മാത്രം കണ്ട ആ ഉത്ഥാനമാണ്...

ഇന്നും എന്നും...

എല്ലാ ദുഃഖങ്ങൾക്കുമപ്പുറത്തുള്ള പ്രത്യാശ ...

എല്ലാ ആറടി മണ്ണിനകത്തുള്ള പ്രതീക്ഷ ...

അത് കളഞ്ഞു പോകരുത്, നെഞ്ചോട് ചേർത്തു പിടിക്കാം. നമ്മുടെ തണുപ്പുകൾ ആ ചൂടിൽ ജീവസ്സുറ്റതാകട്ടെ...

മുപ്പത്തിമൂന്നാമത്തെ വയസ്സിൽ രക്ഷാമാർഗ്ഗത്തെക്കുറിച്ച് അറിഞ്ഞ അഗസ്റ്റിൻ മാനസാന്തരപൂർവ്വം ഒരു ഈസ്റ്റർ ദിനത്തിൽ മാമോദീസ സ്വീകരിച്ചു. എന്നിട്ട് ക്രിസ്തുവിനോട് പറഞ്ഞു: “ഓ സ്നേഹമേ, എപ്പോഴും ജ്വലിക്കുന്ന ഒരിക്കലും എരിഞ്ഞടങ്ങാത്ത കാരുണ്യമേ, എന്നെ എപ്പോഴും ജ്വലിപ്പിക്കണമേ....” പിന്നെ വിശുദ്ധനായി.

ഏത് ഈസ്റ്ററിലാണ് ഞാൻ വിശുദ്ധൻ ആവുക....

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004